# 111

# ബാലകഥകൾ

# ജോർജ് ഇമ്മട്ടി

## 1.കുറുക്കനും മുതലയും

ഒരു മുതലയും ഞണ്ടും കൂട്ടുകാരായിരുന്നു. മുതലയ്ക്ക് കുറുക്കന്റെ ഇറച്ചി തിന്നണമെന്ന് ആശ.

ഞണ്ടുപോയി ഒരു കുറുക്കനെ മുതലയുടെ കുളത്തിലേക്ക് കൊണ്ടുവന്നു. കുളത്തിൽ ധാരാളം മീനുണ്ട്, അവയെ പിടിച്ചുതിന്നുകൊള്ളാൻ പറഞ്ഞ് കുറുക്കനെ ഞണ്ട് കുളത്തിൽ ഇറക്കി.കുറുക്കൻ പെട്ടെന്ന് മുതലയെക്കണ്ട് പേടിച്ച് തിരി ഞ്ഞാടാൻ ഭാവിച്ചു.

“കുറുക്കച്ചാ, ആ മുതല ചത്തതാണ്. നീ പേടിക്കേണ്ട" ഞണ്ട് ഒരു നുണ തട്ടിവിട്ടു.

കുറുക്കനും മോശക്കാരനല്ലായിരുന്നു. അവൻ പറഞ്ഞു: "ചത്ത മുതലയാണെങ്കിൽ അത് വാലാട്ടുമല്ലോ. ഈ മുതല വാലാട്ടാത്തതെന്താ?”

അതു കേട്ടപ്പോൾ മുതല വിചാരിച്ചു താൻ ചത്തതാണെന്ന് കുറുക്കനെ ബോധ്യപ്പെടുത്താൻ വാലാട്ടണമെന്ന്.

അവൻ തന്റെ വാൽ ഇടത്തോട്ടും വലത്തോട്ടും ആട്ടാൻതുടങ്ങി. അതു കണ്ടപ്പോൾ കുറുക്കന് മനസ്സിലായി, മുതല ചത്തിട്ടില്ലെന്ന്. ഞണ്ട് തന്നെ മുതലയുടെ ആഹാര മാക്കാനാണ് കൊണ്ടുവന്നിട്ടുള്ളതെന്നും അവന് ബോധ്യ മായി.

കുറുക്കൻ പറഞ്ഞു: “എടാ, ഞണ്ടേ! നിന്റെയും മുതലയുടെയും തന്ത്രം എനിക്ക് മനസ്സിലായി. നിങ്ങളെ ഞാൻ വെറുതെ വിടില്ല. ഇപ്പോൾ ഞാൻ പോകുന്നു, സൂക്ഷിച്ചോ!"

അതുകേട്ട് ഞണ്ടും മുതലയും ഞെട്ടി. അവർ പിന്നെ ആരെയും ചതിക്കാൻ ശ്രമിച്ചിട്ടില്ല.

## 2. സിംഹവും ആശാരിയും

പണ്ട് ഒരു ആശാരി മരംവെട്ടാൻ കാട്ടിൽ പോയപ്പോൾ ഒരു സിംഹവുമായി ചങ്ങാത്തത്തിലായി.

ആശാരി സിംഹത്തെ തന്റെ വീട്ടിലേക്ക് വിരുന്നിന് ക്ഷണിച്ചു. അവിടത്തെ പച്ചക്കറി സദ്യ സിംഹത്തിന് വളരെ ഇഷ്ടമായി. അങ്ങനെ മിക്ക ദിവസവും സിംഹം ആശാരിയുടെ വീട്ടിലാക്കി ഭക്ഷണം.

സിംഹം മൃഗങ്ങളെ കൊന്നുതിന്നുമ്പോൾ അതിന്റെ അവശിഷ്ടം ഭക്ഷിച്ചു ജീവിച്ചിരുന്ന കാക്കയും കുറുക്കനും സിംഹത്തിന്റെ സദ്യയ്ക്കു പോകൽ മൂലം കഷ്ടത്തിലായി. സിംഹം മൃഗങ്ങളെ കൊന്നുതിന്നുമ്പോഴല്ലേ അവർക്ക് ഇറച്ചി തിന്നാൻ കിട്ടൂ. പല ദിവസവും കാക്കയും കുറുക്കനും പട്ടിണിയിലായി.

അങ്ങനെയിരിക്കെ ഒരു ദിവസം അവർ സിംഹത്തോട് ചോദിച്ചു: “ആശാരിയുടെ വീട്ടിൽ വിരുന്നിന് പോകുമ്പോൾ ഞങ്ങളും കൂടെ വരട്ടേ?”

സിംഹത്തിന് അത് ഇഷ്ടമുണ്ടായിരുന്നില്ല. എങ്കിലും അവരെ പിണക്കേണ്ടെന്ന് കരുതി അവരോട് കൂടെ ചെന്നു കൊള്ളാൻ പറഞ്ഞു. അങ്ങനെ സിംഹം കുറുക്കനെയും കാക്കയെയും കൂട്ടി ആശാരിയുടെ വീട്ടിലേക്ക് വിരുന്നിന് ചെന്നു.

പക്ഷേ എന്തുണ്ടായെന്നോ?

സിംഹത്തിന്റെ കൂട്ടുകാരെ കണ്ട് ആശാരി പേടിച്ചു. സൂത്രക്കാരായ കാക്കയെയും കുറുക്കനെയും ആശാരിക്ക് തീരെ ഇഷ്ടമായില്ല. അവരുടെ നോട്ടവും ഭാവവും ഭയന്ന ആശാരി വാതിലടച്ചു.

പിന്നീട് സിംഹത്തിന് ആശാരി ഒരിക്കലും വിരുന്ന് കൊടുത്തില്ല. കൂട്ടുകാർ ശരിയല്ലാത്തതു കൊണ്ടുണ്ടായ ദോഷമായിരുന്നു അത്.

## 3. മിടുക്കനായിത്തീർന്ന മണ്ടൻ കുഞ്ചു

പണ്ട് കുട്ടികളെല്ലാം ഗുരുവിന്റെ വീട്ടിൽ താമസിച്ചാണ് പഠിച്ചിരുന്നത്. ദീർഘകാലത്തെ പരിശീലനം കഴിഞ്ഞ് വിദ്യാർഥികൾ ഗുരുവിന് ദക്ഷിണ നല്കി പിരിഞ്ഞുപോകും.

അങ്ങനെ ഒരു സംഘം ശിഷ്യന്മാർ ഗുരുവിനോട് വിട പറയാൻ സമയമായി. പത്തുപേരായിരുന്നു ശിഷ്യന്മാർ. അവരിൽ ഒമ്പതുപേരും സന്തോഷത്തോടെ തിരിച്ചു പോയി. പക്ഷേ പത്താമനായ മണ്ടൻ കുഞ്ചു മാത്രം ഗുരുവിനുമുന്നിൽ സങ്കടപ്പെട്ട് നിലകൊണ്ടു.

“എന്താ കുഞ്ചു, നീ നില്ക്കുന്നത്?' ഗുരു ചോദിച്ചു.

അപ്പോൾ കുഞ്ചു പറഞ്ഞു: “ഗുരോ, എനിക്ക് ബുദ്ധിയില്ല, സൗന്ദര്യമില്ല, ധനമില്ല, എനിക്കൊന്നുമില്ല.”

ശിഷ്യന്റെ ഈ സങ്കടം പറച്ചിൽ കേട്ടപ്പോൾ ഗുരു പറഞ്ഞു: “നിനക്ക് ഒന്നുമില്ലെങ്കിൽ നീ നിന്റെ രണ്ടു കണ്ണുകളും ചുഴന്ന് എനിക്കു തരൂ. ഞാൻ നിനക്ക് ആയിരം സ്വർണ നാണയങ്ങൾ തരാം.”

“അയ്യോ, ഗുരോ! ലക്ഷം സ്വർണനാണയങ്ങൾ തരാമെന്ന് പറഞ്ഞാലും എന്റെ കണ്ണ് ഞാൻ ആർക്കും കൊടുക്കില്ല. ” കുഞ്ചു പറഞ്ഞു.

“നിന്റെ കണ്ണിന് ലക്ഷം സ്വർണ്ണനാണയത്തേക്കാൾ വില യുണ്ടെങ്കിൽ നിന്റെ കൈകൾക്കും കാലുകൾക്കും ഹൃദയത്തിനും തലച്ചോറിനുമെല്ലാം എന്തുമാത്രം വിലയുണ്ടാകും. ഒന്നുചിന്തിച്ചു നോക്കൂ!” ഗുരു കുഞ്ചുവിനോട് ചോദിച്ചു.

ഗുരുവിന്റെ ചോദ്യം കേട്ട കുഞ്ചുവിന് തന്റെ വില ബോധ്യമായി. അതോടെ അവന്റെ സങ്കടമെല്ലാം മാറി. അങ്ങനെ മണ്ടൻ കുഞ്ചു പരിശ്രമംവഴി മിടുക്കൻ കുഞ്ചുവായിത്തീർന്നു.

## 4. ആനയും ഉറുമ്പുകളും

ഒരു ദിവസം ഒരു ആന കളിച്ച് മദിച്ച് നടക്കുക യായിരുന്നു. അങ്ങനെ അത് ഒരു ഉറുമ്പിൻകൂടി നടുത്തത്തി.

"അയ്യോ, ആനച്ചേട്ടാ! ഞങ്ങളെ ചവിട്ടിക്കൊല്ലല്ലേ.” ഉറുമ്പുകൾ ആനയോട് അപേക്ഷിച്ചു.

അതുകേട്ട് ആന അഹങ്കാരത്തോടെ പറഞ്ഞു:

“കീടങ്ങൾ! ഞാൻ നിങ്ങളെയെല്ലാം ചവിട്ടിയരച്ച് കൊല്ലാൻ പോകയാണ്. നിങ്ങൾക്ക് എന്നെ ഒന്നും ചെയ്യാൻ പറ്റില്ല. ഇതാ നോക്കിക്കൊള്ളൂ.”

ആന ഉറുമ്പുകളെ ചവിട്ടിയരയ്ക്കാൻ മുന്നോട്ട് നീങ്ങി. പെട്ടെന്ന് ഉറുമ്പുകളെല്ലാം ആനയുടെ ദേഹത്തേക്ക് ചാടി ക്കയറി. ചിലർ ആനയുടെ കാലിൽ കടി തുടങ്ങി. അഞ്ചാറുപേർ ആനയുടെ തുമ്പിക്കൈയിന്റെ ഉള്ളിൽ കയറി കടിക്കാൻ തുടങ്ങി. മൂന്നാലുറുമ്പുകൾ ആനച്ചേട്ടന്റെ ചെവിയുടെ ഉള്ളിലേക്ക് ഓടിക്കയറി. അതിനിടെ രണ്ടുപേർ ആനയുടെ കണ്ണിൽ കയറിയിരുന്ന് കടിക്കാനാരംഭിച്ചു.

“അയ്യോ! എന്നെ രക്ഷിക്കണേ!" ആന നിലവിളിച്ചു. എന്നാൽ ഉറുമ്പുകൾ കടിവിട്ടില്ല.

ആന വേദനകൊണ്ട് പുളഞ്ഞ് ഓട്ടം തുടങ്ങി. കണ്ണിൽ ഉറുമ്പുകളുടെ കടിയേറ്റതുമൂലം ആന കണ്ണടച്ചുകൊണ്ടാണ് ഓടിയത്. ഓടിയോടി ആന ഒരു വലിയ പൊട്ടക്കിണറ്റിൽ ചെന്ന് വീണു.

അങ്ങനെ അഹങ്കാരിയായ ആനയുടെ ഉപദ്രവം അവ സാനിച്ചു. ഉറുമ്പുകൾ രക്ഷപ്പെട്ടു.

## 5. ജ്യോത്സ്യന്റെ ബുദ്ധി

ഒരിക്കൽ ഒരു രാജാവ് തന്റെ ജാതകം അതിപ്രശസ്ത നായ ഒരു ജ്യോത്സ്യനെക്കൊണ്ട് വായിപ്പിച്ചു. ജ്യോത്സ്യൻ അത് വായിച്ചശേഷം പറഞ്ഞു:

“തിരുമേനീ, അങ്ങയുടെ മരണം അടുത്തിരിക്കുന്നു എന്നാണ് ജാതകത്തിൽ കാണുന്നത്." രാജാവ് അതുകേട്ട് കോപിച്ചു:

“എന്റെയല്ല നിന്റെ മരണമാണ് അടുത്തിരിക്കുന്നത്," രാജാവ് ആക്രോശിച്ചു, “നാളെ രാവിലെത്തന്നെ നിന്റെ തലവെട്ടാൻ നാം കല്പിക്കുന്നു."

“തിരുമേനീ, അങ്ങയുടെ ഈ വിധിയും ഞാൻ സ്വീകരി ക്കുന്നു," ജ്യോത്സ്യൻ അങ്കലാപ്പൊന്നും കൂടാതെ പറഞ്ഞു, “അങ്ങ് മരിക്കുന്നതിന് മൂന്ന് ദിവസം മുമ്പായിരിക്കും എന്റെ മരണമെന്ന് എന്റെ ജാതകത്തിൽ പറയുന്നുണ്ട്."

ജ്യോത്സ്യന്റെ ഈ വാക്കുകൾ കേട്ടപ്പോൾ രാജാവ് ഞെട്ടി:

“എന്ത്! ജ്യോത്സ്യൻ മരിച്ചാൽ മൂന്നാംദിവസം താൻ മരി ക്കുമെന്നോ!"

ഉടനെ രാജാവ് ജ്യോത്സ്യനെ വധിക്കാനുള്ള വിധി പിൻവലിച്ചു. ജ്യോത്സ്യൻ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.

അയാളുടെ ബുദ്ധിസാമർത്ഥ്യമാണ് അയാളെ അപ്പോൾ മരണത്തിൽനിന്ന് രക്ഷിച്ചത്.

ജ്യോത്സ്യൻ അടുത്തകാലത്തൊന്നും മരിക്കാതിരിക്കട്ടെ എന്നായിരുന്നു രാജാവ് അപ്പോൾ പ്രാർഥിച്ചത്.

## 6. ആമയും ചങ്ങാതിമാരും

ഒരു കാട്ടിൽ എലിയും കാക്കയും മാനും ആമയും ചങ്ങാതിമാരായി ജീവിച്ചിരുന്നു.

ഒരു ദിവസം മാൻ ഒരു വേടൻ വെച്ചിരുന്ന വലക്കെണിയിൽ കുടുങ്ങി. വിവരമറിഞ്ഞ ആമ എലിയെ വിളിച്ചുക്കൊണ്ടുവന്നു. കാക്കയും അവിടെ പറന്നെത്തി, എല്ലാവരും കൂടെ മാനിന്റെ ദേഹത്ത് ചുറ്റിപ്പിടിച്ചിരുന്ന വല കടിച്ചുമുറിച്ച് നീക്കി മാനിനെ രക്ഷപ്പെടുത്തി.

അങ്ങനെയിരിക്കെ ഒരു ദിവസം ആമയും ചങ്ങാതിമാരും ഓരോന്ന് പറഞ്ഞുകൊണ്ട് നിൽക്കുമ്പോൾ ഒരു വേടൻ അവിടെയെത്തി. ഉടനെ മാൻ ഓടി. കാക്ക പറന്ന് മരത്തിലിരുന്നു. എലി ഓടി മാളത്തിൽ ഒളിച്ചു. പക്ഷേ ആമയ്ക്ക് മാത്രം രക്ഷപ്പെടാൻ കഴിഞ്ഞില്ല. വേടൻ ആമയെ എടുത്ത് സഞ്ചിയിലാക്കി നടന്നു.

കാക്ക ആ വിവരം മാനിനെയും എലിയെയും അറിയിച്ചു. ഉടനെ മാൻ ഒരു സൂത്രം ചെയ്തു. അവൻ വേടന്റെ മുന്നിലൂടെ ഓടി. അതുകണ്ട വേടൻ ആമയെ പിടിച്ചിട്ടിരുന്ന സഞ്ചി താഴെവെച്ച് മാനിനെ പിടിക്കാൻ ഓടി.

ഈ സമയം എലിയും കാക്കയും കൂടി ആമയെ പിടിച്ചിട്ടിരുന്ന സഞ്ചി അഴിച്ച് അതിൽനിന്ന് ആമയെ പുറത്തുകടത്തി രക്ഷപ്പെടുത്തി. ആമ ഇഴഞ്ഞ് മാളത്തിലൊളിച്ചു. എലിയും പോയൊളിച്ചു. കാക്ക പറന്നുപോയി. മാൻ അതിനുമുമ്പേ ഓടി രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. മാനിനെ കൈയിൽ കിട്ടാതായപ്പോൾ വേടൻ ആമയെ എടുത്തുകൊണ്ടുപോകാൻ മടങ്ങിവന്നു. ആമ രക്ഷപ്പെട്ടത് കണ്ട് വേടൻ നിരാശനായി വീട്ടിലേക്ക് മടങ്ങി.

## 7. ബ്രൂസ് രാജാവും ചിലന്തിയും

പണ്ട് സ്കോട്ട്ലണ്ട് ഭരിച്ചിരുന്നത് റോബർട്ട് ബ്രൂസ് എന്ന ഒരു രാജാവാണ്. ഇംഗ്ലണ്ടുക്കാർ അദ്ദേഹത്തിന്റെ രാജ്യം പിടിച്ചടക്കി. ബ്രൂസ് ഒരു ഗുഹയിൽ ഓടിയൊളിച്ചു.

ഗുഹയിൽ ഒരു ചിലന്തി വലകെട്ടുന്നത് നോക്കി ബ്രൂസ് അവിടെ ഇരുന്നു. എന്നാൽ വലകെട്ടി തീരാറായപ്പോൾ ഒരു കാറ്റ് വന്ന് വലയെല്ലാം പൊട്ടിച്ചുകളഞ്ഞു.

ചിലന്തി വീണ്ടും വല കെട്ടി. കാറ്റ് വന്ന് പിന്നെയും വല പൊട്ടിച്ചു. അങ്ങനെ ഏഴുതവണ സംഭവിച്ചു. പക്ഷേ ചിലന്തി നിരാശപ്പെട്ടില്ല. അവൻ വീണ്ടും വലകെട്ടി.

പിന്നെ കാറ്റ് വീശിയില്ല. വല പൊട്ടിയുമില്ല. ചിലന്തി കാറ്റിനെ തോല്പിച്ചു.

ചിലന്തിയുടെ വിജയം നോക്കിക്കണ്ട് റോബർട്ട് ബ്രൂസിന് തന്റെ ഒളിച്ചോട്ടത്തെക്കുറിച്ച് ലജ്ജ തോന്നി. അദ്ദേഹം ഒരു പുതിയ ആവേശത്തോടെ എഴുന്നേറ്റു. കുറെ ഭടന്മാരെ സംഘടിപ്പിച്ച് വീണ്ടും ഇംഗ്ലണ്ടുകാരോട് യുദ്ധം ചെയ്തു.

ഇത്തവണ ഇംഗ്ലണ്ടുകാർ തോറ്റ് പിൻവാങ്ങി. ബ്രൂസിന് രാജ്യം തിരിച്ചുകിട്ടി. അദ്ദേഹം വളരെക്കാലം സ്കോട്ട്ലണ്ട്ഭരിച്ചു.

"പരിശ്രമിക്കൂ. വീണ്ടും വീണ്ടും പരിശ്രമിക്കൂ. നിങ്ങൾ വിജയിക്കും, "

ചിലന്തി പഠിപ്പിച്ച ആ പാഠം ബ്രൂസ് രാജാവ് തന്റെ ഡയറിയിൽ എഴുതിവെച്ചു.

## 8. വൃദ്ധന്റെ മാമ്പഴക്കൃഷി

ഒരിക്കൽ ഒരു രാജാവ് ജനങ്ങളുടെ ക്ഷേമമന്വേഷിക്കാൻ വേഷം മാറി നാട്ടിലിറങ്ങി നടക്കയായിരുന്നു. അപ്പോൾ അദ്ദേഹം ഒരു പടുവൃദ്ധനെ കണ്ടുമുട്ടി. അയാൾ പറമ്പിൽ കുഴികൾ ഉണ്ടാക്കി മരങ്ങൾ വെച്ചുപിടിപ്പിക്കയാണ്.

“അപ്പൂപ്പാ, അപ്പുപ്പൻ എന്താണ് ചെയ്യുന്നത്?" രാജാവ് ചോദിച്ചു.

“മോനേ, ഞാൻ മാവും പ്ലാവും വെച്ചുപിടിപ്പിക്കയാണ്," അപ്പൂപ്പൻ പറഞ്ഞു.

“അപ്പൂപ്പാ, അപ്പൂപ്പൻ കുഴിച്ചിടുന്ന ഈ മാവിൽ മാമ്പഴം ഉണ്ടാകുമ്പോൾ അപ്പൂപ്പൻ ജീവിച്ചിരിക്കുമെന്ന് വല്ല ഉറപ്പുണ്ടോ?" രാജാവ് വീണ്ടും ചോദിച്ചു.

“അതിനെന്താ മോനേ, ഞാൻ ഒരുപാട് മാമ്പഴം തിന്നി ട്ടുണ്ട്. അതൊന്നും ഞാനുണ്ടാക്കിയതല്ല. പണ്ട് മരിച്ചുപോയ ആരൊക്കെയോ നട്ടുവളർത്തിയവയാ വണം ആ മാവുകളൊക്കെ. ഞാനും അങ്ങനെതന്നെ ചെയ്യുകയാണ്. വരുന്ന തലമുറയ്ക്ക് ഫലം അനുഭവിക്കാൻ നമ്മളൊക്കെ അങ്ങനെ ചെയ്തേ പറ്റൂ," അപ്പൂപ്പൻ വളരെ ഗൗരവത്തിൽ പറഞ്ഞു.

രാജാവിന് വൃദ്ധന്റെ ആ വാക്കുകൾ വളരെ വിലപ്പെട്ട തായി തോന്നി. അദ്ദേഹം വൃദ്ധനെ താണുവണങ്ങി അരമനയിലേക്ക് മടങ്ങി.

വൃദ്ധന് വളരെ വിലപ്പെട്ട സമ്മാനങ്ങൾ കൊടുത്തയ ക്കാൻ രാജാവ് മറന്നില്ല.

രാജാവ് ആ വൃദ്ധന്റെ മാതൃക സ്വീകരിച്ചുകൊണ്ട് വരും തലമുറയ്ക്ക് നന്മ വരുത്തുന്ന നിരവധി കാര്യങ്ങൾ നാട്ടിൽ നടപ്പാക്കി.

## 9. ബുദ്ധിമാനായ സോളമൻ രാജാവ്

പണ്ട് സോളമൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേ ഹത്തിന്റെ ബുദ്ധിശക്തി അദ്ദേഹത്തെ ലോകപ്രശസ്തനാക്കി. ഷേബ എന്ന അതിസുന്ദരിയായ രാജ്ഞി സോളമൻ രാജാവിനെ സന്ദർശിക്കാൻ വിലപിടിച്ച കുറെ സമ്മാനങ്ങളുമായി അദ്ദേഹത്തിന്റെ കൊട്ടാരത്തിലെത്തി.

സമ്മാനങ്ങൾ കൊടുക്കുംമുമ്പ് രാജ്ഞി രാജാവിന്റെ ബുദ്ധി പരീക്ഷിക്കാൻ രണ്ടു പൂമാലകൾ പുറത്തെടുത്തു. അവയിലൊന്ന് സാക്ഷാൽ പൂക്കൾകൊണ്ട് ഉണ്ടാക്കിയതും മറ്റേത് കൃത്രിമ പൂക്കൾകൊണ്ട് ഉണ്ടാക്കിയതുമായിരുന്നു. പക്ഷേ ആർക്കും അവ തിരിച്ചറിയാൻ കഴിയുമായിരുന്നില്ല.

“തിരുമേനി, ഇവയിൽ ഏതാണ് യഥാർഥ പൂക്കൾ കൊണ്ടുള്ള മാല?” രാജ്ഞി തന്റെ കൈകളിൽ പൂമാലകളുമായിനിന്ന് രാജാവിനോട് ചോദിച്ചു.

രാജാവിന് തിരിച്ചറിയാൻ കഴിഞ്ഞില്ല. രാജ്ഞി വിജയഭാവത്തിൽ ചിരിതുടങ്ങി. പക്ഷേ പെട്ടെന്ന് രാജാവ് കൊട്ടാരത്തിന്റെ ജനാലകളെല്ലാം തുറന്നിടുവിച്ചു. ഉടനെ എന്തുണ്ടായെന്നോ?

ഒരു പറ്റം തേനീച്ചകൾ അകത്തുകടന്നു. രാജ്ഞിയുടെ വലതുകൈയിലെ മാലയിൽ അവയെല്ലാം ചെന്നിരുന്നു തേൻ കുടിച്ചു.

"വലതുകൈയിലെ മാലയാണ് യഥാർഥ പൂവുകൊണ്ടുള്ളത്," സോളമൻ രാജാവ് പറഞ്ഞു.

സോളമൻ രാജാവിന്റെ ബുദ്ധിസാമർഥ്യം പരീക്ഷിച്ചറിഞ്ഞ ഷേബാരാജ്ഞി താൻ കൊണ്ടുവന്ന വിലപിടിച്ച സമ്മാനങ്ങൾ സമർപ്പിച്ച് അദ്ദേഹത്തെ ആദരിച്ചു.

## 10. പിശുക്കന് പറ്റിയ പറ്റ്

ഒരിക്കൽ ഒരു പിശുക്കന്റെ പണസഞ്ചി വഴിയിൽ വീണു അയാൾ രാജാവിന്റെ അടുത്തുചെന്ന് പരാതി നല്കി. പണസഞ്ചിയിൽ നൂറു പൊൻപണമാണുണ്ടായിരുന്നത്. പണസഞ്ചി കണ്ടെത്തി കൊണ്ടുതരുന്ന ആൾക്ക് പാരിതോഷികമായി പത്ത് പൊൻപണം കൊടുക്കാമെന്ന് പിശുക്കൻ രാജാവിനോട് സമ്മതിച്ചു.

പിശുക്കന്റെ അയൽക്കാരനായ ഒരു കൃഷിക്കാരന് പണസഞ്ചി കിട്ടി. അയാൾ അത് നേരെ പിശുക്കന് കൊണ്ടുപോയി കാടുത്തു. പിശുക്കൻ പണം എണ്ണിനോക്കി. കൃഷിക്കാരൻ പാരിതോഷികത്തിനായി കൈനീട്ടി.

"പാരിതോഷികം നീ എടുത്തു കഴിഞ്ഞല്ലോ. അതിൽ നൂറ്റിപത്ത് സ്വർണനാണയങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ നൂറേ ഉള്ളൂ," പിശുക്കൻ പറഞ്ഞു. കൃഷിക്കാരൻ രാജാവിനോട് സംഗതി പറഞ്ഞു. രാജാവ് പിശുക്കനെ വിളിപ്പിച്ചു. പണസഞ്ചി അദ്ദേഹം പരിശോധിച്ചു. ആ പണസഞ്ചിയിൽ നൂറ് പൊൻപണത്തിൽ കൂടുതൽ കൊള്ളില്ലെന്ന് അദ്ദേഹം മനസിലാക്കി. "നിന്റെ പണസഞ്ചിയിൽ എത്ര പൊൻപണമുണ്ടായിരുന്നു?"

രാജാവ് പിശുക്കനോട് ചോദിച്ചു. "നൂറ്റിപത്ത്," പിശുക്കൻ പറഞ്ഞു. "എങ്കിൽ ഈ പണസഞ്ചി നിന്റെയല്ല." ഇങ്ങനെ പറഞ്ഞുകൊണ്ട് പണം സത്യസന്ധനായ ആ കൃഷിക്കാരന് സമ്മാനിച്ചു.ആർത്തിക്കാരനായ പിശുക്കന്തന്റെ നൂറ് പൊൻപണം അങ്ങനെ നഷ്ടമായി.

## 11. നശിപ്പിക്കാൻ എന്തെളുപ്പം.

പണ്ട് ഗോപാലൻ എന്നൊരു കച്ചവടക്കാരന് രാമു എന്നൊരു മകനുണ്ടായിരുന്നു. ഗോപാലൻ മകന്റെ ആഗ്രഹങ്ങളും നിറവേറ്റിക്കൊടുത്തിരുന്നു. പക്ഷേ അത് രാമുവിനെ ഒരു ചീത്ത പയ്യനാക്കിത്തീർത്തു. അവൻ അച്ഛൻ സമ്പാദിച്ച പണമെല്ലാം ധൂർത്തടിക്കാൻ തുടങ്ങി. "മകനേ നീ പോയി പണിയെടുത്ത് സമ്പാദിച്ചു കൊണ്ടുവരണം. എന്നാലേ ഞാൻ എന്റെ സ്വത്തെല്ലാം നിനക്ക് തരികയുള്ളൂ," അച്ഛൻ തന്റെ ഉറച്ച തീരുമാനം മകനോട് പറഞ്ഞു. മകൻ പോയി കഷ്ടപ്പെട്ട് കൂലിപ്പണിചെയ്ത് ദിവസവും ഒരു രൂപ വീതം അച്ഛന്റെ കൈവശം കൊണ്ടുവന്ന് കൊടുക്കാൻ തുടങ്ങി. പക്ഷേ അച്ഛൻ അതുകൊണ്ട് ചെയ്തതെന്തെന്നോ. ആ നാണയമെല്ലാം അദ്ദേഹം കിണറ്റിലെറിഞ്ഞു.

"ഞാൻ വണ്ടിവലിച്ചും ചാക്കുചുമന്നും കൊണ്ടുവരുന്ന പണം അച്ഛൻ ഇങ്ങനെ നശിപ്പിക്കയാണെങ്കിൽ പിന്നെ ഞാൻ സമ്പാദിക്കുന്നത് എന്തിനാണ്?" രാമു അച്ഛനോട് ചോദിച്ചു.

"മകനേ, നീ അധ്വാനിച്ച് പണമുണ്ടാക്കിയപ്പോൾ നിനക്ക് പണത്തിന്റെ വില മനസിലായി. ഞാൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയ പണം ധൂർത്തടിച്ചപ്പോൾ നിനക്ക് അത് മനസിലായിരുന്നില്ല. അത് മനസിലാക്കാനാണ് ഞാൻ നീ

കൊണ്ടുവന്ന പണം കിണറ്റിലെറിഞ്ഞത്. നശിപ്പിക്കാൻ എളുപ്പമാണ്; ഉണ്ടാക്കാനാണ് മകനേ, ബുദ്ധിമുട്ട്."

മകൻ അച്ഛന്റെ ഉപദേശം ശരിവെച്ചു. അച്ഛൻ തന്റെ സ്വത്തുക്കളും കച്ചവടവും അ മകന് സ്വന്തമായി നല്കി.

## 12. അമ്മൂമ്മയും വേലക്കാരനും

ഒരു കച്ചവടക്കാരന്റെ വേലക്കാരനാണ് മണ്ടൻ കുഞ്ചു. കച്ചവടക്കാരൻ ഒരിക്കൽ യാത്ര പോയപ്പോൾ തന്റെ അമ്മൂമ്മയെ നോക്കാൻ മണ്ടൻ കുഞ്ചുവിനെ ഏല്പിച്ചു. പക്ഷേ അത് വലിയൊരു ആപത്തായി.ഒരു ദിവസം ആ അമ്മൂമ്മയുടെ തലയിൽ ഒരു ഈച്ച വന്നി രുന്നു. മണ്ടൻ കുഞ്ചു അത് കണ്ടപ്പോൾ അമ്മൂമ്മയുടെ ഊന്നുവടിയെടുത്ത് ആഞ്ഞ് ഒരടി കൊടുത്തു. അമ്മൂമ്മ വലിയൊരു നിലവിളിയോടെ ബോധംകെട്ടുവീണു.

"അമ്മൂമ്മ മരിച്ചേ! അമ്മൂമ്മ മരിച്ചേ!" മണ്ടൻ കുഞ്ചു നില വിളിച്ചു. അയൽക്കാർ ഓടിയെത്തി. അവരുടെ സഹായത്തോടെ മണ്ടൻ കുഞ്ചു ഒരു കുഴികുത്തി. അവൻ അമ്മൂമ്മയെ ആ കുഴിയിൽ അടക്കം ചെയ്യാൻ വേണ്ട ഒരുക്കങ്ങളെല്ലാം ചയ്തു.

എന്തോ കാരണവശാൽ പെട്ടെന്ന് യാത്ര അവസാനിപ്പിച്ച് മടങ്ങിയെത്തിയ കച്ചവടക്കാരൻ കണ്ടത് അമ്മൂമ്മയെ കുഴിയിലേക്ക് എടുക്കുന്നതാണ്. അയാൾ അമ്മൂമ്മയുടെ മൂക്കിൽ വിരൽ വെച്ചുനോക്കി. ശ്വസിക്കുന്നുണ്ട്. ഭാഗ്യം! മരിച്ചിട്ടില്ല. ബോധംപോയതേയുള്ളൂ. അയാൾ ഉടനെ മണ്ടൻ കുഞ്ചുവിനെ അടുത്തുവിളിച്ചു. അമ്മൂമ്മയുടെ ഊന്നുവടിയെടുത്ത് നാല് അടിവെച്ചുകൊടുത്തു. "പോ, ഇവിടന്ന്. നിന്നെ എനിക്കിനി ഇവിടെ കാണണ്ട. എന്റെ അമ്മൂമ്മയെ നീ ജീവനോടെ കുഴിച്ചിട്ടേനെ. പോ... പോ..."

മണ്ടൻ കുഞ്ചുവിനെ അയാൾ ഓടിച്ചു. അമ്മൂമ്മയെ നോക്കാൻ വേറെ വേലക്കാരനെ നിയമിച്ചു.

## 13. വെള്ളം വിറ്റുകിട്ടിയത് വെള്ളത്തിൽ

പണ്ട് അത്യാഗ്രഹിയായ ഒരു പാൽക്കാരന് ഒരു കറവ പ്പശുവുണ്ടായിരുന്നു. അയാൾ അതിന്റെ പാൽ വിറ്റ് സുഖമായി ജീവിച്ചുവന്നു. പക്ഷേ അത്യാഗ്രഹിയായ അയാൾ പാലിൽ അത്രതന്നെ വെള്ളം ചേർത്ത് വിറ്റ് ഒരു പശുവിനെ കൂടി വാങ്ങാനുള്ള പണമുണ്ടാക്കി. അതുംകൊണ്ട് അയാൾ യാത്രയായി. വഴിക്ക് അയാൾ ഒരു ആൽചുവട്ടിൽ വിശ്രമിക്കാനിരുന്നു. ക്ഷീണംകൊണ്ട് അയാൾ ഉറങ്ങിപ്പോയി.

ആൽമരത്തിലുണ്ടായിരുന്ന കുരങ്ങൻ ഇറങ്ങിവന്ന് അയാളുടെ കൈയിലെ പണസഞ്ചി തട്ടിയെടുത്ത് മരത്തി ലേക്ക് കയറിപ്പോയി. അവൻ അവിടെയിരുന്ന് സഞ്ചിയിലെ നാണയങ്ങളോരോന്നും എടുത്ത് കടിച്ചുനോക്കി. അത് തിന്നാൻ പറ്റിയതല്ലെന്ന് മനസിലായപ്പോൾ കുളത്തിലേക്കെറിഞ്ഞുകളഞ്ഞു. പകുതി നാണയങ്ങൾ എറിഞ്ഞുകഴിഞ്ഞപ്പോൾ സഞ്ചിയിലുണ്ടായിരുന്ന ബാക്കി നാണയങ്ങൾ കുരങ്ങൻ പാൽക്കാരന്റെ മടിയിലേക്ക് ഇട്ടുകൊടുത്തു. പാൽക്കാരൻ കിട്ടിയ പണം എണ്ണിനോക്കി. താൻ

കൊണ്ടുവന്നതിൽ പകുതി പണമേ ഇപ്പോൾ സഞ്ചിയിലുള്ളൂ. ഇനി പശുവിനെ വാങ്ങാൻ പോയിട്ട് കാര്യമില്ല. പണം തികയില്ലല്ലോ. അയാൾ യാത്ര മതിയാക്കി വീട്ടിലേക്കുതന്നെ മടങ്ങി. ഉണ്ടായ കാര്യങ്ങൾ അയാൾ ഭാര്യയോട് പറഞ്ഞു അപ്പോൾ ഭാര്യ പാൽക്കാരനോട് പറഞ്ഞു:

“ചേട്ടാ ആർക്കും അത്യാഗ്രഹം നല്ലതല്ല. വെള്ളം വിറ്റു കിട്ടിയത് വെള്ളത്തിൽ പോയെന്നല്ലേ ഉള്ളൂ. ഇനിയെങ്കിലും നിങ്ങൾ പാലിൽ വെള്ളം ചേർക്കരുത്.”

## 14. കുട്ടന്റെ സമയനിഷ്ഠ

ഒരു പട്ടണത്തിൽ കുട്ടൻ എന്നൊരു കുട്ടിയുണ്ടായി രുന്നു.അവൻ എന്നും വൈകിയാണ് ഉണരുക. കുളിക്കാനും ഉണ്ണാനും സ്കൂളിൽ പോകാനും അവൻ എന്നും വൈകും. സ്കൂളിൽ വൈകിയെത്തുന്നതിന് അധ്യാപകർ അവനെ വഴക്ക്പറയുക പതിവായി. അമ്മയും അച്ഛനും ശകാരിച്ചിട്ടും കുട്ടന്റെ ദുശ്ശീലം മാറിയില്ല.

അങ്ങനെയിരിക്കെ സ്കൂളിൽനിന്ന് മൈസൂർക്ക് ഒരു വിനോദയാത്രയ്ക്ക് പരിപാടിയിട്ടു. അതിന് കുട്ടനും പേരു കൊടുത്തു.

“കുട്ടാ, നേരത്തെ വരണം ട്ടോ. ഇല്ലെങ്കിൽ നിന്നെക്കൂട്ടാതെ ഞങ്ങൾ ടൂർ നടത്തും,” അധ്യാപകൻ കുട്ടനോട് പറഞ്ഞു.

പക്ഷേ കുട്ടൻ പതിവുപോലെ ടൂറിന്റെ ദിവസവും നേരം വൈകിയാണ് ഉണർന്നത്. കുളിയും ഊണും കഴിഞ്ഞപ്പോൾ മണി 8 ആയി. എട്ട് മണിക്ക് കുട്ടികളെല്ലാം സ്കൂളിൽ എത്തണമെന്ന് പറഞ്ഞിരുന്നതാണ്.

കുട്ടൻ 8¼ മണിക്ക് സ്കൂളിലെത്തി. പക്ഷേ സ്കൂളിൽ ആരും ഉണ്ടായിരുന്നില്ല. എല്ലാവരും സ്പെഷൽ ബസിൽകയറി മൈസൂർക്ക് തിരിച്ചുകഴിഞ്ഞിരുന്നു. നേരം വൈകിയതിന്റെ നഷ്ടം കുട്ടന് അപ്പോൾ മനസിലായി. അവൻ കരഞ്ഞുകൊണ്ട് വീട്ടിൽ മടങ്ങിയെത്തി.

നേരത്തെ എഴുന്നേൽക്കാത്തതുകൊണ്ടാണ് കുട്ടന് ടൂർ നഷ്ടമായതെന്ന് അമ്മ അവനോട് പറഞ്ഞു. അന്ന് മുതൽ നേരത്തെ എണീക്കാൻ കുട്ടൻ തീരുമാനമെടുത്തു. കൃത്യം 5½ മണിക്ക് പിറ്റേന്ന് കുട്ടൻ എഴുന്നേറ്റു. അത് അവൻ ശീലമാക്കി. ഇന്ന് കുട്ടൻ വളരെ കൃത്യനിഷ്ഠയുള്ള കുട്ടിയാണ്.

**15. അച്ഛനും മകനും** മത്തായിച്ചേട്ടന്റെ മകനാണ് മാനുവൽ. മാനുവൽ കൃഷിക്കാരനാണ് പൊരിവെയിലത്തും അവൻ വിശ്രമമില്ലാതെ ജോലിചെയ്യും. മത്തായിച്ചേട്ടൻ അതു കാണുമ്പോൾ മോനെ ശകാരിക്കാറുണ്ട്.

“മോനേ, അല്പനേരം വിശ്രമിക്ക്, " മത്തായി പറയും.

" എപ്പോഴാണ് വിശമിക്കേണ്ടതെന്ന് എനിക്കറിയാം എന്നെ ആരും ഉപദേശിക്കേണ്ട," മാനുവൽ ദേഷ്യപ്പെടും. അതു കേൾക്കുമ്പോൾ മത്തായിച്ചേട്ടന് സങ്കടം തോന്നാറുണ്ട്.

അങ്ങനെയിരിക്കെ മാനുവലിന് ഒരു കുഞ്ഞുണ്ടായി. ഒരു ദിവസം ഉച്ചനേരത്ത് മത്തായിച്ചേട്ടൻ ആ കുഞ്ഞിനെയും കൊണ്ട് പറമ്പിൽ ചെന്നു. മാനുവൽ നല്ല വെയിലത്ത് പണിയെടുക്കുകയാണ്. മത്തായിച്ചേട്ടൻ കുഞ്ഞിനെ മാനുവലിന്റെ അടുത്ത് കൊണ്ടുചെന്നു.

“കുഞ്ഞിനെ ആ തണലിൽ നിർത്തിക്കൂടെ?” മാനുവൽ മത്തായിച്ചേട്ടനോട് ദേഷ്യപ്പെട്ടു. എന്നിട്ട് ഓടിച്ചെന്ന് കുട്ടിയെ വാങ്ങി അടുത്തുള്ള മാവിൻ ചുവട്ടിൽ ചെന്നിരുന്നു.അതു കണ്ടപ്പോൾ മത്തായിച്ചേട്ടൻ ശാന്തനായി പറഞ്ഞു: “നിനക്ക് ഈ കുഞ്ഞ് വെയിൽക്കൊള്ളുമ്പോഴുണ്ടാകുന്ന വിഷമവും വേദനയും

നീ വെയിലത്ത് നില്ക്കുമ്പോൾ എനിക്കും ഉണ്ട്, മകനേ. അതിന് നീ എന്നോട് ദേഷ്യപ്പെടേണ്ട കാര്യമുണ്ടോ?"

ആ ചോദ്യം കേട്ടപ്പോൾ മാനുവലിന് കാര്യം മനസിലായി. പിന്നെ ഒരിക്കലും മത്തായിചേട്ടനോട് മാനുവൽ ദേഷ്യപ്പെട്ടിട്ടില്ല.

## 16. ആനകളെ രക്ഷിച്ച എലികൾ

പണ്ട് ഒരു ഗ്രാമത്തിൽ പുഴയോരത്ത് ആയിരക്കണക്കിന് എലികൾ താമസിച്ചിരുന്നു പുഴയിലേക്ക് വെള്ളം കുടിക്കാൻ കുന്ന ആനകളുടെ ചവിട്ടേറ്റ് നൂറുകണക്കിന് എലികൾ ചത്തൊടുങ്ങി. ബാക്കിയുള്ള എലികൾ ഏതു നിമിഷവും ആനകളുടെ ചവിട്ടുകൊണ്ട് മരിക്കുമെന്ന് ഭയപ്പെട്ടു. അവരിൽ ചിലർ ആനത്തലവനെ ചെന്ന് കണ്ട് ഇങ്ങനെ അപേക്ഷിച്ചു.

“ബഹുമാനപ്പെട്ട ആനച്ചേട്ടാ, അങ്ങയുടെ അനുയായി ളുടെ ചവിട്ടുകൊണ്ട് ഞങ്ങൾ, പാവങ്ങളായ എലികൾ മരിച്ച്കൊണ്ടിരിക്കയാണ്. ദയവായി അങ്ങും അനുയായികളും മറ്റൊരു വഴിയിലൂടെ പുഴയിലേക്ക് പോകാൻ മനസാകണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു." ആനത്തലവൻ എലികളുടെ അപേക്ഷ സ്വീകരിച്ചു. അന്നുതൊട്ട് ആനകൾ എലികളെ ഉപദ്രവിക്കാതെ വഴി മാറിയാണ് പുഴയിലേക്ക് പോയത്. അങ്ങനെയിരിക്കെ ഒരു ദിവസം ഏതാനും ആനകൾ ആനപ്പിടിത്തക്കാരുടെ കെണിയിൽ കുടുങ്ങി. അവർ രക്ഷപ്പെടാനാകാതെ വലഞ്ഞു. അപ്പോൾ ഏതാനും ആനകൾ ഓടിച്ചെന്ന് എലികളോട് പ്രശ്നം പറഞ്ഞു. ഉടനെ എലികൾ കൂട്ടം കൂട്ടമായി ആനകളെ രക്ഷിക്കാൻ പുറപ്പെട്ടു. അവർ ചെന്ന് ആനകളെ ബന്ധിച്ചിരുന്ന വടങ്ങളെല്ലാം കടിച്ചുമുറിച്ചു.കെണിയിൽപ്പെട്ട ആനകളെല്ലാം രക്ഷപ്പെട്ടു. ആനകൾ സന്തോഷിച്ച് എലികൾക്ക് നന്ദി പറഞ്ഞു.

ആനകളുടെ ഔദാര്യത്തിന് പ്രത്യുപകാരം ചെയ്യാൻ കഴിഞ്ഞതിൽ എലികൾ വളരെയധികം അഭിമാനിച്ചു.

## 17. കുരങ്ങനും ആടും

പണ്ട് ഒരു ആട്ടിടയന് ഒരു കോലാടും കുരങ്ങനും ഉണ്ടായിരുന്നു. അയാൾ ആട്ടിൻപറ്റത്തെ മേക്കാൻ കൊണ്ടു പോകുമ്പോൾ കോലാടിനെ ഒരു മരത്തിൽ കെട്ടിയിടും. കുങ്ങൻ ആടിന് തുണയായി അവിടെ നില്ക്കും. അതാണ് പതിവ്.

ഒരു ദിവസം ആട്ടിടയൻ പതിവുപോലെ കോലാടിനെ മരത്തിൽ കെട്ടി കുരങ്ങനെ നോക്കാനേല്പിച്ച് ആട്ടിൻപറ്റത്തെയും കൊണ്ട് കാട്ടിലേക്ക് പോയി. ചോറ്റുപാത്രം മരത്തിന്റെ ചുവട്ടിൽവെച്ചാണ് പോയത്.

കുരങ്ങന് വിശന്നു. അവൻ പതുക്കെ ചോറ്റുപാത്രം തുറന്ന് അതിലെ ചോറുമുഴുവൻ അകത്താക്കി. അങ്ങനെയിരിക്കുമ്പോൾ ആട്ടിടയൻ മടങ്ങിവരുന്നത് കുരങ്ങൻ കണ്ടു. അവൻ പെട്ടെന്ന് ഓടിച്ചെന്ന് ആടിന്റെ വായ്ക്കു ചുറ്റും കൈതുടച്ചു. കുരങ്ങന്റെ കൈവൃത്തിയായി. ആടിന്റെ മുഖത്ത് ചോറിന്റെ അംശം പറ്റിപ്പിടിച്ചു. ആടാണ് ചോറ് തിന്നതെന്നേ ഇപ്പോൾ കണ്ടാൽ തോന്നൂ. കുരങ്ങന്റെ തന്ത്രം ആടിന് മനസിലായില്ല.

ആട്ടിടയൻ വന്നപ്പോൾ ചോറ്റുപാത്രം തുറന്നിരിക്കു ന്നതുകണ്ട് കുരങ്ങനെ നോക്കി. പക്ഷേ അവന്റെ കൈയിൽ വറ്റൊന്നും കണ്ടില്ല. തുടർന്ന് അയാൾ ആടിനെ നോക്കി. അതിന്റെ മുഖത്തെല്ലാം ചോറിൻവറ്റുകൾ പറ്റിയിരിക്കുന്നു.

“നീ എന്റെ ചോറെല്ലാം തിന്നു അല്ലേ” എന്ന് പറഞ്ഞ് ആടിനെ ആട്ടിടയൻ കുറെ തല്ലി. കുരങ്ങൻ അതുകണ്ട് മിണ്ടാതെ നിന്നതേയുള്ളൂ.

ചതിയനായ കുരങ്ങനെ വിശ്വസിച്ചതുകൊണ്ട് ആട്ടിട ടിയനും ആടിനും ചതിപറ്റി.

## 18. ഐകമത്യം മഹാബലം

ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരനും മൂന്നു മക്കളും താമസിച്ചിരുന്നു. മക്കൾ തമ്മിൽ എന്നും ശണ്ഠകൂടുക പതിവാണ്. കൃഷിക്കാരൻ അതുകണ്ട് വളരെ ദുഃഖിച്ചു.ഒരു ദിവസം കൃഷിക്കാരൻ രോഗം പിടിച്ച് കിടപ്പിലായി. താൻ ഇനി അധികകാലം ജീവിച്ചിരിക്കില്ലെന്ന് അയാൾ മനസിലാക്കി. മക്കൾ ഇങ്ങനെ തമ്മിൽ തല്ലിയാൽ അവർ നശിച്ചു പോകയേയുള്ളൂ എന്നോർത്ത് അയാൾ അവരെ അരികിൽ വിളിച്ചു. അവരോട് ആറ് വടികൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. മക്കൾ വടികൾ കൊണ്ടുവന്നു. അവയിൽ ഓരോ വടി മൂന്നു മക്കളുടെ കൈയിലും കൊടുത്തിട്ട് ഒടിക്കാൻ പറഞ്ഞു. അവർ നിഷ്പ്രയാസം വടി ഒടിച്ചു. പിന്നെ ബാക്കി മൂന്ന് വടികളും കൂട്ടിക്കെട്ടിയിട്ട് ഒടിക്കാൻ പറഞ്ഞു.

പക്ഷെ ആർക്കും ആ വടിക്കെട്ട് ഒടിക്കാൻ കഴിഞ്ഞില്ല. കാരണമെന്തെന്നോ? കൂട്ടിക്കെട്ടിയപ്പോൾ വടികൾക്ക് കൂടുതൽ ശക്തികിട്ടി.

"മക്കളേ, ഇതാണ് ഐക്യത്തിന്റെ പാഠം, നിങ്ങൾ തമ്മിൽ ഐക്യം വേണം. മൂന്നുപേരും സഹായിച്ചും സഹകരിച്ചും ജീവിക്കണം. അപ്പോൾ നിങ്ങളുടെ ശക്തിയും സ്ഥലവും വളരെ മടങ്ങ് വർധിക്കും. ആർക്കും നിങ്ങളെ താല്പ്പിക്കാനോ നശിപ്പിക്കാനോ കഴിയില്ല. ഒന്നിച്ചാൽ

നിങ്ങൾ നിലനില്ക്കും. ഭിന്നിച്ചാലോ നിങ്ങൾ നശിക്കും. ഐകമത്യം മഹാബലം," ഇത്രയും പറഞ്ഞ് കൃഷിക്കാരൻ അന്ത്യശ്വാസം വലിച്ചു.

മക്കൾ മൂന്നാളും സങ്കടത്തോടെ അച്ഛന്റെ ശവശരീരം നോക്കി കരഞ്ഞു. "ഇനി ഞങ്ങൾ വഴക്കടിക്കില്ലച്ഛാ." പിന്നെ ഒരിക്കലും അവർ ശണ്ഠയുണ്ടാക്കിയിട്ടില്ല.

## 19. പിച്ചക്കാരനും രാജകുമാരിയും

ഒരു പട്ടണത്തിൽ ഒരു പിച്ചക്കാരനുണ്ടായിരുന്നു, പണിയെടുക്കാൻ മടിയായതുകൊണ്ടാണ് ചെറുപ്പക്കാരനായ അവൻ തൊണ്ടിയായത്.മടിയില്ലെങ്കിൽ അവന് പിച്ചതെണ്ടേണ്ടി വരില്ലായിരുന്നു.എങ്കിലും അവൻ വലിയ സ്വപ്നങ്ങൾ കാണുക പതിവാണ്.

ഒരു ദിവസം അവന് ഒരു കൊട്ടാരത്തിൽ നിന്ന് ചോറും കുറെ നല്ല കറികളും കിട്ടി. അത് ഒരു തിണ്ണയിൽ വെച്ചിട്ട് അവൻ ഇരുന്ന് സ്വപ്നം കാണാൻ തുടങ്ങി.ഒരു രാജകുമാരി സ്വയംവരത്തിന് റോഡിലൂടെ വരുന്നതാണ് സ്വപ്നം, രാജകുമാരി മനോഹരമായ വസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് പിച്ചക്കാരന്റെ മുന്നിൽ വന്ന് അവനെ മാലയണിയിച്ച് ഭർത്താവാക്കുവാൻ പോകയാണ്. അപ്പോൾ കൂടെവന്നിരുന്ന ഭടന്മാർ പിച്ചക്കാരനെ പിടിച്ചുമാറ്റി.

“പറ്റില്ല, രാജകുമാരിക്ക് എന്നെയാണ് ഇഷ്ടം. നിങ്ങൾ മാറിപ്പോകൂ," പിച്ചക്കാരൻ രണ്ടു കൈകളും വീശി ഭടന്മാരെ തട്ടിത്തെറിപ്പിച്ചു; രാജകുമാരിയുടെ വരണമാല്യം കഴുത്തിലണിയാൻ. പക്ഷേ എന്തുണ്ടായെന്നോ?

പിച്ചക്കാരന് അന്ന് കിട്ടിയ ഭക്ഷണം സൂക്ഷിച്ചിരുന്ന പാത്രം കൈകൾ വീശിയതിന്റെ ശക്തിയിൽ

തെറിച്ചുപോയി. അവൻ സ്വപ്നത്തിൽ നിന്ന് ഉണർന്നു. അപ്പോൾ അവൻ കണ്ടത് തന്റെ ചോറും വിശേഷപ്പെട്ട കറികളും മറിഞ്ഞ് കിടക്കുന്നതായിരുന്നു.

പാവം പിച്ചക്കാരൻ അവൻ കരഞ്ഞുപോയി.

## 20. വയസ്സൻ പക്ഷി

വലിയൊരു മരത്തിനു മുകളിൽ കുറെ പക്ഷികൾ കൂട്ടു കെട്ടി താമസിച്ചിരുന്നു. ആ മരത്തിലേക്ക് ഒരു വള്ളിച്ചെടി പടർന്നുകയറാൻ തുടങ്ങി. പക്ഷികളുടെ കൂട്ടത്തിൽ ഒരു വയസ്സൻ പക്ഷിയുണ്ടായിരുന്നു. ആ വള്ളിച്ചെടി കൊത്തി നശിപ്പിക്കാൻ വയസ്സൻ പക്ഷി ചെറുപ്പക്കാരായ പക്ഷികളോട് പറഞ്ഞു. പക്ഷേ അവർ അത് ചെയ്തില്ല. തന്നെയുമല്ല അവർ വയസ്സൻ പക്ഷി യുടെ നിർദേശത്തെ കളിയാക്കുകയും ചെയ്തു. പക്ഷേ എന്തുണ്ടായെന്നോ?

ആ വള്ളിച്ചെടിയിൽ പിടിച്ചുകയറി ഒരു വേടൻ മരത്തിനു മുകളിൽ വലിയൊരു വലക്കെണിവെച്ചു. സന്ധ്യക്ക് പക്ഷികൾ കൂടണയാൻ വന്നപ്പോൾ വേടൻ പക്ഷികളെയെല്ലാം വലയിലകപ്പെടുത്തി. എന്നിട്ട് അയാൾ വീട്ടിലേക്കുപോയി.

ഇനി രക്ഷപ്പെടാൻ എന്താണൊരു വഴി?

കെണിയിലായ പക്ഷികൾ തമ്മിൽ തമ്മിൽ ചോദിച്ചു. അപ്പോൾ വയസ്സൻ പക്ഷി പറഞ്ഞു: “രാവിലെ വേടൻ വന്ന് നിങ്ങളെ ഓരോരുത്തരെയായി വലയിൽനിന്ന് പുറത്തേക്കെടുക്കും. അതിനുമുമ്പായി നിങ്ങളെല്ലാം ചത്തതുപോലെ അനങ്ങാതെ കിടക്കണം. അവസാനത്തെ പക്ഷിയെയും പുറത്തേക്കിട്ടു കഴിഞ്ഞാൽ ഉടനെ നിങ്ങളെല്ലാം പറന്ന് ആകാശത്തേക്കുയരണം." ഇത്തവണ പക്ഷികളാരും വയസ്സൻ പക്ഷിയെ കളിയാക്കിയില്ല.

വയസ്സൻപക്ഷി പറഞ്ഞതുപോലെ വേടൻ വന്നപ്പോൾ പക്ഷികളെല്ലാം ചത്തതുപോലെ കിടന്നു. അവരെ വേടൻ പുറത്തേക്കിട്ടുകഴിഞ്ഞപ്പോൾ എല്ലാവരും ഒരേസമയം പറന്ന് രക്ഷപ്പെടുകയും ചെയ്തു. വേടൻ അത് കണ്ട് ഇളിഭ്യനായി വായും പൊളിച്ച് മാനം നോക്കി നിന്നു.

## 21. കച്ചവടക്കാരനും കുരങ്ങന്മാരും

ഒരിക്കൽ ഒരു തൊപ്പിക്കച്ചവടക്കാരൻ തൊപ്പികൾ വിറ്റ് നടക്കുകയായിരുന്നു. അയാൾ ക്ഷീണിച്ചപ്പോൾ ആൽമരച്ചുവട്ടിൽ വിശ്രമിക്കാനിരുന്നു.തൊപ്പികൾ നിറച്ച കൊട്ട അരികിൽവെച്ച് അയാൾ ഇരുന്ന് ഉറക്കം തുടങ്ങി.

മരത്തിനു മുകളിൽ ഒരുപറ്റം കുരങ്ങന്മാർ ഉണ്ടായിരുന്നു. തൊപ്പിക്കാരൻ തൊപ്പിവെച്ചിരിക്കുന്നത് കണ്ട് അവരെല്ലാം താഴെ ഇറങ്ങിവന്നു. അവർക്ക് കച്ചവടക്കാരനെപ്പോലെ തൊപ്പി തലയിൽ വെച്ചിരിക്കാൻ മോഹം! കൊട്ടയിൽ നിന്ന് തൊപ്പികളെല്ലാമെടുത്ത് തലയിൽവെച്ച് കുരങ്ങന്മാർ മരത്തിന് മുകളിലേക്ക് കയറിപ്പോയി. അവർ അവിടെയിരുന്ന് കീ-കീ എന്ന ശബ്ദമുണ്ടാക്കി തൊപ്പിക്കച്ചവടക്കാരനെ കളിയാക്കി പല്ലിളിച്ചുകാട്ടി.

കച്ചവടക്കാരൻ ഉണർന്നു. കൊട്ടയിൽ തൊപ്പികളൊന്നുമില്ല. മരത്തിനു മുകളിൽ കുരങ്ങന്മാരെല്ലാം തന്നെപ്പോലെ തൊപ്പിവെച്ച് ഇരിക്കുന്നു. കച്ചവടക്കാരൻ ഉടനെ ഒരു തന്ത്രം പയോഗിച്ചു. അതെന്താണെന്നോ?

അയാൾ തന്റെ തലയിൽ നിന്ന് തൊപ്പിയൂരി മേലോട്ടെറിഞ്ഞു.

അതു കണ്ടപ്പോൾ കുരങ്ങന്മാരെല്ലാവരും തങ്ങളുടെ തലയിൽനിന്ന് തൊപ്പികൾ ഊരി കച്ചവടക്കാരനെ എറിഞ്ഞു.

കച്ചവടക്കാരന്റെ തന്ത്രം ഫലിച്ചു. അയാൾ തൊപ്പികളെല്ലാം പെറുക്കിക്കൂട്ടി കൊട്ടയിലാക്കി വില്പനയ്ക്ക് കൊണ്ടുപോയി.

## 22. സ്വർണക്കൊതിയൻ രാജാവ്

പണ്ട് ഗ്രീസിൽ സ്വർണക്കൊതിയനായ ഒരു രാജാവുണ്ടായിരുന്നു. അയാൾ തപസുചെയ്ത് ദേവനെ പ്രത്യക്ഷപ്പെടുത്തി. ഭക്താ എന്ത് വരമാണ് നിനക്ക് വേണ്ടത്?" ദേവൻ ചോദിച്ചു.

"തൊടുന്നതെല്ലാം പൊന്നാകണം," രാജാവ് തന്റെ ആഗ്രഹം പറഞ്ഞു.

ദേവൻ വരം കൊടുത്ത് അപ്രത്യക്ഷനായി. രാജാവ് ഓടിച്ചെന്ന് തന്റെ സിംഹാസനം തൊട്ടു. അതുടനെ സ്വർണമായി രാജാവ് തന്റെ സന്തോഷം ഉടനെ ഭാര്യയേയും മകളേയും അറിയിച്ചു. പിന്നെ രാജാവ് ഓടിനടന്ന് മരസാമാനങ്ങളെല്ലാം തൊട്ട് പൊന്നാക്കി മാറ്റി. പിന്നെ രാജാവ് ഭക്ഷണം കഴിക്കാനിരുന്നു. പക്ഷേ രാജാവിന്റെ കൈതൊട്ടപ്പോൾ ഭക്ഷണവും പൊന്നായി മാറി. വിശപ്പടക്കാൻ വഴിയില്ലാതെ രാജാവ് വിഷമിച്ചു. ആ സമയത്ത് അദ്ദേഹത്തിന്റെ കുഞ്ഞുമകൾ രാജാവിന്റെ മടിയിൽ വന്നിരുന്നു. രാജാവ് അവളെ തൊട്ടു. ഉടനെ കുഞ്ഞ് സ്വർണമായിത്തീർന്നു.

കഷ്ടം! രാജാവിന്റെ പുന്നാരമോൾ അനക്കമില്ലാത്ത സ്വർണപ്രതിമയായി മാറി. രാജാവ് വാവിട്ട് നിലവിളിതുടങ്ങി.

അയാൾ ദേവനെ വിളിച്ച് പ്രാർഥന തുടങ്ങി. ദേവൻ പ്രത്യക്ഷനായി.

"ദേവാ, എന്നെ അനുഗ്രഹിക്കണം. എനിക്ക് എന്റെ മകളെ തിരിച്ചുതരണം. എനിക്ക് ഭക്ഷണം കഴിക്കാൻ വഴിയുണ്ടാക്കിത്തരികയും വേണം," രാജാവ് അപേക്ഷിച്ചു.

ഉടനെ ദേവൻ വരം തിരിച്ചെടുത്തു. അതോടെ എല്ലാം പഴയപോലെയായി. രാജാവിന്റെ സ്വർണക്കൊതിയും മാറി.

## 23. കുറുക്കനെ കൊന്ന കുഞ്ഞാട്

ഒരു കുറുക്കൻ ഇരതേടി നടക്കുമ്പോൾ അരുവിയിൽ വെള്ളം കുടിക്കുന്ന ഒരു കുഞ്ഞാടിനെ കണ്ടു. നല്ല കുഞ്ഞാട്. ഇവന്റെ മാംസം എത്ര രുചിയായിരിക്കും. ഇവനെ കൊന്നു തിന്നണം.

കുഞ്ഞാടിനെ ആക്രമിക്കാൻ കൗശലക്കാരനായ കുറുക്കൻ ഒരു തന്ത്രം മെനഞ്ഞു. അവൻ കുഞ്ഞാടിനോട് ചോദിച്ചു:

“എനിക്കു കുടിക്കാനുള്ള വെള്ളം നീ എന്തിനാണ് കലക്കിയത്?”

“കുറുക്കൻചേട്ടാ, ഞാൻ ഇങ്ങ് താഴെയാണല്ലോ നില്ക്കുന്നത്. ഞാൻ വെള്ളം കലക്കിയാൽത്തന്നെ അത് താഴോട്ടല്ലേ ഒഴുകുക. ചേട്ടന് കുടിക്കാനുള്ള വെള്ളം കലങ്ങിയിട്ടില്ലല്ലോ,” കുഞ്ഞാട് പറഞ്ഞു.

“ങ്ഹും. നീ എന്നെ തത്വം പഠിപ്പിക്കാൻ വരികയാണല്ലേ. ഇനി നീ ആരോടും ഇങ്ങനെ ധിക്കാരം പറയില്ല. ഞാൻ നിന്റെ കഥകഴിച്ചുതരാം," ഇങ്ങനെ അട്ടഹസിച്ചുകൊണ്ട് കുറുക്കൻ കുഞ്ഞാടിന്റെ നേരെ ഒരു ചാട്ടം വെച്ചുകൊടുത്തു. കുഞ്ഞാടിന്റെ കഴുത്തിൽ പിടിച്ച്

അതിനെ കടിച്ചുകീറികൊല്ലാനായിരുന്നു കുറുക്കന്റെ പ്ലാൻ.

കുഞ്ഞാടിന് കുറുക്കന്റെ മനസിലിരുപ്പ് പിടികിട്ടി. കുറുക്കൻ ചാടിയ അതേ നിമിഷം അവൻ ഇടത്തോട്ട് വേഗത്തിൽ ഒരു ചാട്ടം വെച്ചുകൊടുത്തു. പാവം കുറുക്കൻ! അവൻ കുഞ്ഞാട് നിന്നിരുന്നതിന്റെ പിറകിലുണ്ടായിരുന്ന പാറയിൽ തലയടിച്ച് വീണു. അവൻ അവിടെ കിടന്ന് പിടഞ്ഞ് ചത്തു. കുഞ്ഞാട് രക്ഷപ്പെട്ടു.

## 24. അരയന്നങ്ങളും രാജാവും

ഒരിക്കൽ ഒരു രാജാവ് ഏതാനും അരയന്നങ്ങളെ വളർത്തി വന്നു. കൊട്ടാരമുറ്റത്തുള്ള തടാകത്തിൽ അവ സുഖമായി നീന്തികളിച്ച് വളർന്നു.

അങ്ങനെയിരിക്കെ ഒരു വിശേഷപ്പെട്ട അരയന്നം ആ തടാകത്തിൽ വന്നിറങ്ങി. രാജാവിന് ആ പുതിയ അരയന്നത്തെ വളരെ ഇഷ്ടമായി. പക്ഷേ തടാകത്തിൽ മുമ്പുണ്ടായിരുന്ന അരയന്നങ്ങൾ അവനെ ഉപദ്രവിച്ചു. അവർ പറഞ്ഞു:

“ഈ തടാകം ഞങ്ങൾക്കു മാത്രമായി രാജാവ് തന്നിട്ടു ള്ളതാണ്. അതിനാൽ നീ ഇവിടെ നിന്ന് മറ്റെവിടെ യെങ്കിലും പോയി താമസിക്കണം."

പുതിയ അരയന്നം മറുപടിയൊന്നും പറഞ്ഞില്ല. അവൻ മറ്റുള്ളവരെ ഉപദ്രവിക്കാൻ ഒരുങ്ങിയതുമില്ല. പക്ഷേ മറ്റുള്ളവർ അവനെ കൂടുതൽ ഉപദ്രവിക്കയാണ് ചെയ്തത്. ഗതി കെട്ടപ്പോൾ അവൻ രാജാവിനെ ചെന്നുകണ്ട് തനിക്കുള്ള ബുദ്ധിമുട്ട് പറഞ്ഞു. രാജാവ് മറ്റ് അരയന്നങ്ങളെയെല്ലാം വിളിച്ച് ചോദിച്ചു:
“നിങ്ങൾക്ക് ഞാൻ എന്റെ തടാകം പതിച്ചുതന്നിട്ടുണ്ടോ?

“ഇല്ല,” അവർ സത്യം പറഞ്ഞു. "പിന്നെ നിങ്ങൾ ആ പുതിയ അരയന്നത്തെ ദ്രോഹിക്കുന്നതെന്തിനാണ്?"

രാജാവ് നന്ദിയില്ലാത്തവരും നുണയന്മാരുമായ ആ അര യന്നകൂട്ടത്തെ കൊന്നുകളയാൻ ഭടന്മാരോട് കല്പിച്ചു.

കല്പന കേട്ടപ്പോൾ അരയന്നകൂട്ടം ഞെട്ടി.

അവർ ആരുമറിയാതെ കൊട്ടാരവളപ്പിൽ നിന്ന് പുറത്തു കടന്ന് എവിടേയ്ക്കോ പറന്ന് രക്ഷപ്പെട്ടു. ഇനി അവയെ തടാകത്തിൽ പ്രവേശിക്കാൻ അനുവദിക്കരുതെന്ന് രാജാവ് കാവൽക്കാരോട് കല്പിച്ചു.

## 25. രാജാവായ കുരങ്ങൻ

ഒരിക്കൽ കാട്ടിലെ രാജാവായ സിംഹം രോഗംപിടിപ്പെട്ട് കിടപ്പിലായി. അപ്പോൾ കാട്ടിലെ മൃഗങ്ങൾ യോഗം ചേർന്ന് ആരെ രാജാവാക്കണമെന്ന് ആലോചിച്ചു. അപ്പോൾ ഒരു കുരങ്ങൻ പറഞ്ഞു:

"ഞാൻ അതിബുദ്ധിമാനാണ്, നിങ്ങളുടെ രാജാവാകാൻ താൻ തയ്യാറാണ്, അതിന് ഏറ്റവും യോഗ്യനുമാണ് ഞാൻ"

മറ്റു മൃഗങ്ങൾ കുരങ്ങന്റെ വാക്ക് വിശ്വസിച്ച് അവനെ രാജാവാക്കി,

കുറുക്കന് കുരങ്ങനെ രാജാവാക്കിയത് ഇഷ്ടമായില്ല. മർക്കടമുഷ്ടിക്കാരനും വിവേകമില്ലാത്തവനുമായ കുരങ്ങനെ ആ സ്ഥാനത്തുനിന്ന് മാറ്റണമെന്ന് കുറുക്കൻ നിശ്ചയിച്ചു. അവൻ കുരങ്ങന്റെ അടുത്തുചെന്ന് ഇങ്ങനെ പറഞ്ഞു:

"രാജാവേ, അങ്ങേക്ക് വിശിഷ്ടമായ ഒരു പലഹാരം ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അങ്ങ് അത് സ്വീകരിക്കണം.”

കുറുക്കൻ ഇടുങ്ങിയ കഴുത്തുള്ള ഒരു കുടത്തിൽ കുറെ അണ്ടിപ്പരിപ്പുകൾ കുരങ്ങന്റെ മുന്നിൽവെച്ചു. കുരങ്ങൻ കുടത്തിൽ കൈയിട്ട് അണ്ടിപ്പരിപ്പുകൾ കൈനിറയെ വാരി. പക്ഷേ കുരങ്ങന് കൈ പിന്നെ പുറത്തെടുക്കാൻ കഴിഞ്ഞില്ല. കൈയിലുള്ളത് കളഞ്ഞ് കൈ പുറത്തെടുക്കാനുള്ള ബോധമോ വിവേകമോ ഇല്ലാത്ത ആ കുരങ്ങനെ കുറുക്കൻ മറ്റു മൃഗങ്ങളുടെ മുമ്പിലിട്ട് വളരെയധികം പരിഹസിച്ചു. മൃഗങ്ങൾ മറ്റൊരു രാജാവിനെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു.

## 26. കോഴിയമ്മയും കുറുക്കനും

കോഴിയമ്മ ചിക്കിപ്പെറുക്കി ചിതൽ തിന്നുന്നതു കണ്ട് ഒരു കുറുക്കൻ ഓടിയെത്തി.

അതുകണ്ട് കോഴിയമ്മ ഒരു മരക്കൊമ്പിലേക്ക് പറന്ന് കയറി.

കുറുക്കൻ കൊതിയോടെ കോഴിയെ നോക്കി താഴെ നില്പായി. കോഴിയെ താഴെയിറക്കി അതിനെ പിടിച്ചു തിന്നണം. കുറുക്കൻ ആശിച്ചു. അവൻ പറഞ്ഞു:

"കോഴിയമ്മേ, നിന്റെ പാട്ട് വളരെ മധുരമുള്ളതാണ്. നിന്റെ നൃത്തം അതിമനോഹരവുമാണ്. അതുകൊണ്ട് നീ താഴെയിറങ്ങിവന്ന് പാട്ടുപാടി നൃത്തം ചെയ്യണം."

കോഴിയമ്മയ്ക്ക് കുറുക്കന്റെ സൂത്രം മനസിലായി അവൾ പറഞ്ഞു: “എനിക്ക് കുറുക്കന്മാരെ പേടിയാണ് നിങ്ങൾ ഞങ്ങളെ പിടിച്ചുതിന്നുകയില്ലേ? "

“ഇല്ല കോഴിയമ്മേ, ഞാൻ ഒരു ജീവിയെയും കൊല്ലുകയില്ല. നീ ധൈര്യമായി താഴെ വരൂ, "

കുറുക്കൻ കോഴിയമ്മയെ വിടാൻ ഭാവമില്ല.

“അയ്യോ, ദേ, പട്ടികൾ വരുന്നു," കോഴിയമ്മ പെട്ടെന്ന് ഉറക്കെ വിളിച്ചുപറഞ്ഞു.

പട്ടികൾ കുറുക്കന്മാരുടെ ശ്രതുക്കളാണ്. ‘പട്ടി’ എന്ന വാക്ക് കേട്ടതോടെ കുറുക്കൻ ഞെട്ടി. അവൻ ഉള്ള ശക്തിയെല്ലാം സംഭരിച്ച് ഒരു ഓട്ടംവെച്ചുകൊടുത്തു.

കോഴിയമ്മ ‘പട്ടികൾ വരുന്നു' എന്ന് തട്ടി വിട്ടതായിരുന്നു. പക്ഷേ കുറുക്കൻ ആ പറഞ്ഞത് നേരാണെന്ന് വിശ്വസിച്ച് സ്ഥലംവിട്ടു. അങ്ങനെ ബുദ്ധിമതിയായ കോഴി കുറുക്കന്റെ ശല്യത്തിൽനിന്ന് രക്ഷപ്പെട്ടു.

## 27. ഭാഗ്യമായി മാറുന്ന നിർഭാഗ്യങ്ങൾ

ഒരു ദിവസം ഔസേപ്പിന്റെ കഴുതയെ കാണാതായി. കുറേ അന്വേഷിച്ചിട്ടും കഴുതയെ കണ്ടുകിട്ടിയില്ല. “എന്തൊരു നിർഭാഗ്യം” ജനങ്ങൾ പറഞ്ഞു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ആ ആണ്കഴുത ഒരു പെണ്ണ് കഴുതയെ കൂട്ടി കൊണ്ടുവന്നു. “എന്തൊരു ഭാഗ്യം” ജനങ്ങൾ അത്ഭുതപ്പെട്ടു. പിന്നൊരു ദിവസം ഔസേപ്പിന്റെ മകൻ വീണ് കാലൊടിഞ്ഞു.

“എന്തൊരു നിർഭാഗ്യം” ജനങ്ങൾ പറഞ്ഞു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രാജ്യത്തെ ചെറുപ്പക്കാരെയെല്ലാം നിർബന്ധമായി യുദ്ധരംഗത്തേക്ക് കൊണ്ടു പോയി.അവരിൽ അധികപേരും മരിച്ചു. കാലൊടിഞ്ഞിരുന്നതുകൊണ്ട്. ഔസേപ്പിന്റെ മകനെ മാത്രം യുദ്ധരംഗത്തേക്ക് കൊണ്ടുപോയിരുന്നില്ല.

“എന്തൊരു നിർഭാഗ്യം” ജനങ്ങൾ പറഞ്ഞു.

ഔസേപ്പിന്റെ ജീവിതത്തിൽ ഇങ്ങനെ പലതും സംഭവിച്ചു. ജനങ്ങൾ അതിനെല്ലാം ഭാഗ്യമെന്നും നിർഭാഗ്യമെന്നുമൊക്കെ പേരിട്ടെങ്കിലും ഔസേപ്പ് അതൊന്നും ഭാഗ്യമോ നിർഭാഗ്യമോ ആയി

കണക്കാക്കിയില്ല. ഔസേപ്പ് ഇങ്ങനെ പറഞ്ഞു, "നിർഭാഗ്യമെല്ലാം പിന്നെ ഭാഗ്യമായി മാറും."

## 28. സിംഹത്തെ സൃഷ്ടിച്ച വിദ്വാന്മാർ

പണ്ട് ഗുരുകുലത്തിൽ പഠനം കഴിഞ്ഞ് നാല് യുവാക്കൾ പുറത്തിറങ്ങി. അവർ തങ്ങളുടെ അറിവ് പരീക്ഷിക്കാൻ പല കാര്യങ്ങളും ചെയ്തുനോക്കി.

ഒരു ദിവസം നാലാളും കൂടി ഒരു വനത്തിലൂടെ നടക്കുമ്പോൾ ഒരു സിംഹത്തിന്റെ അസ്ഥികൂടം കിടക്കുന്നത് അവർ കണ്ടെത്തി. അപ്പോൾ ഒന്നാമൻ പറഞ്ഞു :

"ഞാൻ ഈ അസ്ഥികൂടത്തിന് ഒരു സിംഹത്തിന്റെ രൂപം കൊടുക്കാം."

രണ്ടാമൻ പറഞ്ഞു. "ഞാൻ അതിന് മാംസവും തോലും ഉണ്ടാക്കാം." മൂന്നാമൻ പറഞ്ഞു.

"എങ്കിൽ ഞാൻ അതിന് ജീവൻ കൊടുക്കാം" അതുകേട്ട നാലാമൻ പറഞ്ഞു:

"വേണ്ട, ചങ്ങാതിമാരേ. സിംഹത്തിന് ജീവൻ കൊടുത്താൽ ചിലപ്പോൾ അത് നമ്മളെ ആക്രമിക്കും. ഞാൻ അതിന് എതിരാണ്."

പക്ഷേ അവർ മൂന്നാളും അവനെ കളിയാക്കി. എന്നിട്ട് ഒന്നാമൻ അസ്ഥികൂടത്തിന് ആകൃതികൊടുത്തു. രണ്ടാമൻ അതിന് മാംസവും തോലും ഉണ്ടാക്കി. മൂന്നാമൻ അതിനെ ജീവിപ്പിച്ചു. നാലാമൻ അപ്പോഴേക്കും ഒരു വലിയ മരത്തിൽ കയറി ഒളിച്ചിരുന്നു. അതുകണ്ട് മറ്റു മൂന്നുപേരും അവനെ പേടിത്തൊണ്ടനെന്ന് കളിയാക്കി. എന്നാൽ എന്തുണ്ടായെന്നോ? സിംഹത്തിന് ജീവൻ കിട്ടിയപ്പോൾ അത് അവരെ മൂന്നാളെയും ആക്രമിച്ചു. മൂന്നുപേരെയും അത് കടിച്ചുകീറിക്കൊന്നു.

വിവരമുണ്ടെങ്കിലും വിവേകമില്ലാത്തവരായിരുന്ന ആ വിദ്വാന്മാർ തങ്ങളുടെതന്നെ നാശത്തിന് വഴിയൊരുക്കി.

## 29. മധുരമുള്ള മാമ്പഴം

ഒരിക്കൽ ഒരിടത്ത് ഒരു കൃഷിക്കാരന് തന്റെ തോട്ടം നിറയെ മാമ്പഴമുണ്ടായി.

തനിക്ക് കിട്ടിയ അനുഗ്രഹം മറ്റാളുകളുമായി പങ്കിടണമെന്ന് ആ നല്ല മനുഷ്യൻ തീരുമാനിച്ചു. അതിനായി അയാൾ വഴിവക്കിലുള്ള തന്റെ മാവിന്മേൽ ഒരു ബോർഡ് എഴുതി വെച്ചു.

"അവശ്യക്കാർക്ക് ഈ മാവിൽനിന്ന് മാമ്പഴം പറിച്ചു തിന്നാം", എന്നായിരുന്നു എഴുതിവെച്ചത്.

പക്ഷേ ആളുകളൊന്നും മാമ്പഴം പൊട്ടിച്ചുതിന്നില്ല. ചിലർ പറഞ്ഞു, കേടുള്ള മാമ്പഴങ്ങളാണ് ആ മാവിലുണ്ടാകുന്നതെന്ന്. പുളിയുള്ള മാമ്പഴങ്ങളാണ് ആ മാവിലുള്ളതെന്ന് മറ്റു ചിലർ പറഞ്ഞു.

വെറുതെ കൊടുക്കാമെന്ന് പറയുന്നതല്ലേ. ഉടമസ്ഥൻ വെറുതെ കൊടുക്കുന്നത് എന്തെങ്കിലും സ്വാർഥലക്ഷ്യം വെച്ചുകൊണ്ടാകുമെന്ന് അവർ ധരിച്ചു. അതിനാൽ മാമ്പഴം ആർക്കും വേണ്ട. അതു കണ്ടപ്പോൾ കൃഷിക്കാരൻ ബോർഡ് മാറ്റിയെഴുതി.

"നല്ല മാമ്പഴം ഒന്നിന് രണ്ടു രൂപ" എന്ന് പുതിയൊരു ബോർഡ് എഴുതിവെച്ചു. അതു കണ്ടപ്പോൾ ധാരാളം ആളുകൾ വന്ന് വില കൊടുത്ത് ആ മാവിലെ മാമ്പഴം കൊണ്ടുപോയി.

അഭിമാനമുള്ള മനുഷ്യർ ഒരു സാധനവും വെറുതെ സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നില്ല എന്ന സത്യം കൃഷിക്കാരൻ മനസിലാക്കി. അധ്വാനിച്ച് നേടുന്നതിനും

പണം കൊടുത്ത് വാങ്ങുന്നതിനും വിലകൂടും; മധുരവും ഉണ്ടാകും.

## 30. കുറുക്കൻകുട്ടിയും, സിംഹങ്ങളും

ഒരിക്കൽ ഒരു സിംഹത്തിന് ഒരു കുറുക്കൻകുട്ടിയെ കിട്ടി. അവൻ അതിനെ ഭാര്യസിംഹിക്ക് കൊണ്ടുകൊടുത്തിട്ട് അതിനെ കൊന്നുതിന്നുകൊള്ളാൻ പറഞ്ഞു. എന്നാൽ അവൾ കുറുക്കൻകുട്ടിയെ കൊല്ലാൻ സമ്മതിച്ചില്ല. സിംഹി തന്റെ രണ്ട് സിംഹക്കുട്ടികളുടെ കൂടെ കുറുക്കൻകുട്ടിയെയും വളർത്തി.

കുറുക്കൻകുട്ടി സിംഹക്കുട്ടികളോടൊപ്പം അവരെ പ്പോലെ കളിച്ച് വളർന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അവർ മൂന്നാളും ഓടി കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കാട്ടാന അവരുടെ നേരെ വന്നു. അതുകണ്ടപ്പോൾ കുറുക്കൻകുട്ടി പറഞ്ഞു:

“ദേ, ആനവരുന്നു. ഓടിക്കോ. ഇല്ലെങ്കിൽ അവൻ നമ്മളെ കൊല്ലും."

അതുകേട്ടെങ്കിലും സിംഹകുട്ടികൾ രണ്ടാളും ഓടിയില്ല. അവർ കുറുക്കൻ കുട്ടിയെ “പേടിത്തൊണ്ടൻ" എന്ന് വിളിച്ച് കളിയാക്കി.

കുറുക്കൻകുട്ടി പ്രാണനും കൊണ്ട് ഓടി. അവൻ സിംഹിയുടെ അടുത്ത് ചെന്ന് ഉണ്ടായ സംഭവം വിവരിച്ചു. അപ്പോൾ സിംഹി പറഞ്ഞു:

“നീ ഒരു കുറുക്കൻകുട്ടിയാണ്. അതാണ് ആനയെ കണ്ട പ്പോൾ പേടിച്ച് ഓടിയത്. നിനക്ക് സിംഹക്കുട്ടികളുടെ ധൈര്യമോ ശക്തിയോ ഉണ്ടാകില്ല.അതിനാൽ അവർ നിന്നെ കളിയാക്കിയതോർത്ത് സങ്കടപ്പെട്ടിട്ട് കാര്യമില്ല.അവർ കളിയാക്കുന്നതിൽ നാണക്കേട് തോന്നുന്നെങ്കിൽ നീ ഇനി അവരുടെ കൂടെ നടക്കേണ്ട്."

താൻ ആരാണെന്ന് തിരിച്ചറിഞ്ഞ കുറക്കൻകുട്ടി സിംഹത്തോടും സിംഹിയോടും സിംഹകുട്ടികളോടും യാത്രചോദിച്ച് കുറുക്കന്മാരുടെ കൂട്ടത്തിലേക്ക് യാത്രയായി.

## 31. പട്ടിയുടെ വിരുന്ന്

ഒരിക്കൽ ഒരു പട്ടി ഒരു കൊക്കിനെ സദ്യയ്ക്ക് ക്ഷണിച്ചു. എന്നിട്ട് പാൽപ്പായസമുണ്ടാക്കി. വിരുന്നുകാരന്റെ സൗകര്യം നോക്കിയാണല്ലോ നാമെല്ലാം സദ്യ വിളമ്പുക. എന്നാൽ പട്ടി ഒരു പരന്ന പാത്രത്തിലാണ് കൊക്കിന് പാൽപ്പായസം വിളമ്പിയത്. കൊക്ക് വിഷമിച്ചു. എത്ര ശ്രമിച്ചിട്ടും കൊക്കിന് പരന്ന പാത്രത്തിൽനിന്ന് പാൽപ്പായസം കുടിക്കാൻ കഴിഞ്ഞില്ല. അവൻ വിഷമത്തോടെ മടങ്ങിപ്പോയി.

പട്ടി തന്നെ ഇങ്ങനെ പറ്റിച്ചതിന് പകരം വീട്ടണമെന്ന് കൊക്ക് തീരുമാനിച്ചു.

അടുത്ത ദിവസം കൊക്ക് പാൽപ്പായസമുണ്ടാക്കിയിട്ട് പട്ടിയെ വിരുന്നിന് ക്ഷണിച്ചു.

പട്ടി സന്തോഷത്തോടെ വിരുന്നിന് എത്തിച്ചേർന്നു. ഒരു കുപ്പിയിലാണ് കൊക്ക് പട്ടിക്ക് പായസം കൊണ്ടുവന്ന് വെച്ചത്. പട്ടി പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും പായസം ഒരു തുള്ളിപോലും കുടിക്കാൻ കഴിഞ്ഞില്ല. പട്ടി ഇളിഭ്യനായി. എങ്കിലും നാണക്കേടും കൊതിയും പുറത്തുകാട്ടാതെ യാത്രപറഞ്ഞ് മടങ്ങിപ്പോയി. പട്ടി പോയിക്കഴിഞ്ഞപ്പോൾ കൊക്ക് കുപ്പിയിൽ തന്റെ കൊക്ക് കടത്തി പായസം മുഴുവൻ കുടിച്ചുതീർത്തു.

മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ ആ വിധത്തിലാണ് നാം അവരോട് പെരുമാറേണ്ടത്.

## 32. ഉപദേശിക്കാൻ പോയ പക്ഷി

മഞ്ഞുകാലമായിരുന്നു. നല്ല തണുപ്പ്. കുരങ്ങൻ കുറേ കരിയിലകൾ കൂട്ടിയിട്ട് തീകായാൻ തീരുമാനിച്ചു. തീ കത്തിക്കാൻ തീപ്പെട്ടിയില്ല. അതാ പറന്നുവരുന്നു ഒരു മിന്നാമിനുങ്ങ്. കുരങ്ങൻ അതിനെ പിടിച്ച് കരിയിലകൾക്കിടയിൽ വെച്ച് ശക്തിയായി ഊതാൻ തുടങ്ങി.

കരിയിലകൾ പറന്നുപോയിക്കൊണ്ടിരുന്നു. അതല്ലാതെ മിന്നാമിനുങ്ങിനെ വെച്ച് ഊതിയിട്ടും കരിയില തീപിടിക്കുന്നില്ല.

ഒരു മരത്തിനു മുകളിൽ ഇരുന്ന് ഒരു പക്ഷി കുരങ്ങൻ ചെയ്യുന്ന ആ വിഡ്ഢിത്തം കാണുന്നുണ്ടായിരുന്നു.

“എയ്, കുരങ്ങച്ചാ, മിന്നാമിനുങ്ങിനെക്കൊണ്ട് തീ കത്തിക്കാൻ പറ്റില്ല,” പക്ഷി പറഞ്ഞു.

കുരങ്ങൻ മേലോട്ട് നോക്കി. “രണ്ടു കല്ലുകൾ കൂട്ടിയുരച്ചാൽ തീയുണ്ടാക്കാം,” പക്ഷി കുരങ്ങനെ ഉപദേശിച്ചു.

ആ ഉപദേശം കേട്ടപ്പോൾ കുരങ്ങന് കോപമാണ് തോന്നിയത്. അവൻ മരത്തിന്റെ മുകളിലേക്ക് ചാടിക്കയറി. പക്ഷി ഉടനെ പറന്ന് രക്ഷപ്പെട്ടു. കുരങ്ങൻ ദേഷ്യം അടക്കാനാവാതെ പക്ഷിയുടെ കൂട് തകർത്തു. അതിലുണ്ടായിരുന്ന പക്ഷിക്കുഞ്ഞുങ്ങളെ പിടിച്ച് ഞെരിച്ച് കൊന്നുകളഞ്ഞു.

പാവം പക്ഷി! അത് കരഞ്ഞു. വിവരമില്ലാത്തവരെ ഉപദേശിക്കുന്നത് വളരെ സൂക്ഷിച്ചു വേണമെന്ന് അതോടെ പക്ഷി മനസിലാക്കി.

## 33.പിശുക്കിപ്പെണ്ണും ധൂർത്തൻ ഭർത്താവും

കരുണാകരൻ പിള്ള മഹാ ധൂർത്തനാണ്. എന്തു കിട്ടി യാലും കണക്കില്ലാതെ ചെലവിടും.കല്യാണി കരുണാകരന്റെ ഭാര്യയാണ്. അവൾ ഭർത്താവിൽ നിന്ന് കിട്ടുന്ന പണമെത്രയും നിധിപോലെ സൂക്ഷിക്കും.

ഒറ്റ പൈസ ചെലവാക്കില്ല. ഭക്ഷണം വളരെ ലുബ്ധിച്ചാണ് അവൾ ഉണ്ടാക്കുക.

ഇങ്ങനെ രണ്ടുപേരും രണ്ടുതരമായതുകൊണ്ട് കുടും ബത്തിൽ എന്നും ശണ്ഠയായി. അവസാനം രണ്ടാളും ഒരു സന്യാസിയെ ചെന്നു കണ്ടു.

രണ്ടാളും സന്യാസിയോട് പങ്കാളിയുടെ കുറ്റങ്ങൾ പറഞ്ഞുതുടങ്ങി. ഭർത്താവിന് സാമ്പത്തിക കാര്യങ്ങളിൽ പിടിപ്പില്ലെന്ന് ഭാര്യ പറഞ്ഞപ്പോൾ, ഭക്ഷണത്തിന് ആവശ്യമുള്ളത് പണം ചെലവാകുമെന്ന് പറഞ്ഞ് ഭാര്യ ഉണ്ടാക്കാറില്ലെന്ന് ഭർത്താവും കുറ്റപ്പെടുത്തി.

അപ്പോൾ സന്യാസി തന്റെ കൈകൾ ചുരുട്ടിപ്പിടിച്ച് നീട്ടി ക്കാണിച്ചിട്ട് ചോദിച്ചു: "എന്റെ കൈകൾ എപ്പോഴും ഇങ്ങനെയിരിക്കയാണെങ്കിൽ അതിന് എന്താണ് പറയുക?"

"വികലാംഗത്വം," രണ്ടുപേരും ഉത്തരം പറഞ്ഞു.

പിന്നീട് സന്യാസി കൈകൾ രണ്ടും മലർത്തിപ്പിടിച്ചു കൊണ്ട് ചോദിച്ചു: "ഇങ്ങനെയിരുന്നാലോ?"

"അതും വികലാംഗത്വം തന്നെ," രണ്ടാളും പറഞ്ഞു. "എങ്കിൽ പണം ആവശ്യത്തിന് ചെലവാക്കാതെ പിടി ച്ചിരിക്കുന്നതും. ആവശ്യത്തിലധികം ചെലവാക്കുന്നതും വികലാംഗത്വമാണ്.ആവശ്യത്തിന് ചെലവാക്കാനാണ് ദൈവം നമുക്ക് പണം തന്നിട്ടുള്ളത്."

സന്യാസിയുടെ വാക്കുകൾ രണ്ടുപേർക്കും കാര്യമായി

തോന്നി.അതിനാൽ അന്നുമുതൽ അവർ മിതവ്യയം ശീലിച്ചു. അവരുടെ ശണ്ഠയും അവസാനിച്ചു.

## 34. ദേഷ്യത്തിന് മരുന്ന്

ഒരിക്കൽ കാട്ടിലെ രാജാവായ സിംഹം കലശലായ കോപംമൂലം കഷ്ടത്തിലായി. ആവശ്യത്തിനും അനാവശ്യത്തിനും കോപം വരുന്നു, ഒരു രോഗംപോലെ.

സിംഹം വൈദ്യനായ കുറുക്കനെ വിളിച്ചുവരുത്തി എന്നിട്ട് പറഞ്ഞു:

“നമുക്ക് എപ്പോഴും ദേഷ്യം വരും. ദേഷ്യം വരുമ്പോൾ വല്ലതും പറയും. പിന്നെ അതോർത്ത് ദുഃഖിക്കും. ഈ സ്വഭാവം ഒന്നു മാറ്റാൻ എന്താണൊരു മരുന്ന്?”

“തിരുമേനി, ഇതിന് മരുന്നൊന്നും എന്റെ കൈവശമില്ല പക്ഷേ ഒരു മന്ത്രമുണ്ട്. അത് ചൊല്ലിയാൽ മതി."

“എന്താടോ ആ മന്ത്രം?” “ഒന്നുമുതൽ പത്തുവരെ എണ്ണുക.”

കേട്ടപ്പോൾ രാജാവിന് കുറുക്കനോട് പുച്ഛം തോന്നി മാത്രമല്ല ഉടനെ ദേഷ്യവും തോന്നി.

“ആരവിടെ ഇവനെ ഉടനെ കൊണ്ടുപോയി തൂക്കി ക്കൊല്ലൂ!” എന്നിങ്ങനെ കല്പിക്കാനാണ് വായിൽ തോന്നിയത്. പക്ഷേ വൈദ്യനായ കുറുക്കനെ അങ്ങനെ കൊന്നാൽ പിന്നീട് വിഷമിക്കേണ്ടിവരും.

അതിനാൽ സിംഹരാജാവ് കുറുക്കൻ പറഞ്ഞതുപോലെ പത്തുവരെ മനസിൽ എണ്ണി. ഫലം അത്ഭുതകരമായിരുന്നു. സിംഹത്തിന്റെ കോപം വിട്ടുപോയി.

പിന്നെ കോപം വരുമ്പോഴെല്ലാം സിംഹം പത്തുവരെ എണ്ണുന്നതു പതിവാക്കി.ദേഷ്യം വരുമ്പോൾ പ്രജകളും

തന്നെപ്പോലെ പത്തുവരെ എണ്ണണമെന്ന് രാജാവ് ഉത്തരവിട്ടു.

## 35. ചിലന്തിവല രക്ഷിച്ച ഭടൻ

പണ്ട് ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും തമ്മിൽ യുദ്ധം നടക്കുമ്പോൾ ഒരിക്കൽ ഇംഗ്ലണ്ടുകാർ തോറ്റു. ഭടന്മാർ കാടുകളിൽ ഓടിയൊളിച്ചു. വില്യം എന്നൊരു ഭടൻ ഒരു ഗുഹ കണ്ട് അതിനുള്ളിൽ കയറി ഒളിക്കാൻ ചെന്നു.

ഗുഹയുടെ മുഖത്ത് ഒരു ചിലന്തി വലകെട്ടിയിട്ടുണ്ട്.വല്ല പ്രാണികളും അതിൽ പെട്ടാൽ പിടിച്ചുതിന്ന് വിശപ്പടക്കാമല്ലോ എന്ന് കരുതി ചിലന്തി വലയുടെ നടുവിൽ ഇരിക്കുന്നു പാവം ചിലന്തി! ചിലന്തിയുടെ ആ വല നശിപ്പിച്ചാൽ ചിലന്തിക്ക് വിശപ്പടക്കാൻ ബുദ്ധിമുട്ടാവുമെന്ന് വിചാരിച്ച് ഭടൻ ചിലന്തിവലയ്ക്ക് കേടുവരുത്താതെ നല്ലപോലെ കുനിഞ്ഞ് ഗുഹയിൽ കയറി അയാൾ അതിനകത്ത് അനക്കമില്ലാതെ ഒളിച്ചിരുന്നു.ശത്രുക്കൾ വില്യമിനെ പിടിക്കാൻ പിന്നാലെ ഓടിവരുന്നുണ്ടായിരുന്നു. വില്യം ഗുഹയിൽ കയറി ഒളിച്ചത് അവരുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ല. എങ്കിലും വില്യം ഒളിച്ചിരുന്ന ഗുഹയുടെ മുന്നിലെത്തിയപ്പോൾ ശത്രുക്കൾ അതിനുള്ളിലേക്ക് എത്തിനോക്കി. ഒരു ചിലന്തിവല കേടൊന്നുമില്ലാതെ അവിടെ നില്ക്കുന്നു. വില്യം ആ ഗുഹയിൽ കയറിയിരുന്നെങ്കിൽ ചിലന്തിവല പൊട്ടിപ്പോയേനെ, എന്നിങ്ങനെ പറഞ്ഞുകൊണ്ട് ഭടന്മാർ ഗുഹയുടെ ഉള്ളിൽ കയറി നോക്കാതെ പോയി.

വില്യം അങ്ങനെ രക്ഷപ്പെട്ടു.

ജീവികളോട് നാം കാട്ടുന്ന ദയ ചിലപ്പോൾ നമ്മുടെ രക്ഷയ്ക്ക് വഴിയൊരുക്കും. ചിലന്തിയെ

ഉപദ്രവിക്കാതിരുന്ന വില്യമിന്റെ ജീവൻ രക്ഷപ്പെട്ട കഥ അതാണ് നമ്മെ പഠിപ്പിക്കുന്നത്.

## 36. കുറുക്കനെ പറ്റിച്ച കരടി

ഒരു കരടിക്ക് ഒരു തേൻകുടം കിട്ടി. അവൻ അത് ഭക്ഷിക്കാൻ തുടങ്ങി. അപ്പോൾ ആ വഴിക്ക് ഒരു കുറുക്കൻ വന്നെത്തി.

“അല്പം തേൻ എനിക്ക് താ,” കുറുക്കൻ കരടിയോട് ചോദിച്ചു.

കരടി കുറുക്കന് കുടിക്കാൻ വേണ്ടത്ര തേൻ കൊടുത്തു. വേറൊരു ദിവസവും അതുപോലെ കരടി കുറുക്കന് തേൻ കൊടുത്തു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ കുറുക്കൻ ഞണ്ടിറച്ചി വേവിച്ച് തിന്നുകയായിരുന്നു. ഞണ്ടിറച്ചിയുടെ മണംകേട്ട് കരടി ചെന്ന് കുറുക്കനോട് തിന്നാൻ കുറച്ച് ഞണ്ടിറച്ചി ചോദിച്ചു. “ഇന്ന് ഞണ്ടൊന്നും കിട്ടിയില്ല. നാളെ വരൂ,” കുറുക്കൻ കരടിയെ മടക്കിവിട്ടു. പിറ്റേന്ന് ചെന്നപ്പോഴും കുറുക്കൻ കരടിയെ കളിയാക്കി. പക്ഷേ കരടിയും കുറുക്കനെ അങ്ങനെ വെറുതെ വിട്ടില്ല.

പിറ്റേന്ന് കരടി ഒരു കുടവുമായി കുറുക്കന്റെ മാളത്തിനു മുന്നിൽ ചെന്നു. “കുറുക്കച്ചാ! ഇതാ ഈ കുടത്തിൽനിന്ന് ആവശ്യമുള്ള തേൻ എടുത്ത് കഴിച്ചോളൂ.”

കരടിയുടെ ആ വാക്കുകൾ കേട്ട് കുറുക്കൻ കൊതിയോടെ ഓടിവന്ന് തേൻ കുടിക്കാൻ കുടം തുറന്ന് അതിലേക്ക് തലയിട്ടു. പക്ഷേ അതിൽ തേനൊന്നും ഇല്ലായിരുന്നു. അതിനകത്ത് കടന്നൽക്കൂടായിരുന്നു. കടന്നലുകൾ ഒന്നാകെ ഇളകി. അവ കുറുക്കനെ പൊതിരെ കുത്തി.

പാവം കുറുക്കൻ! അവൻ കരഞ്ഞ് കരടിയോട് മാപ്പി രന്നു.

## 37. വലയിൽപെട്ട പ്രാവുകൾ

ഒരിക്കൽ ഒരു വേടൻ പ്രാവുകളെ പിടിക്കാൻ വലവെച്ചു വലയ്ക്ക് ചുറ്റുമുള്ള ധാന്യങ്ങൾ കൊത്തിക്കൊത്തി ഒരുകൂട്ടം പ്രാവുകൾ വലയ്ക്കകത്ത് കയറി.

വലയിൽനിന്ന് ഇനി പുറത്തുകടക്കാൻ പറ്റില്ലെന്ന് മനസിലായപ്പോൾ പ്രാവുകളുടെ നേതാവ് പറഞ്ഞു:

“നമുക്ക് എല്ലാവർക്കും കൂടി ഈ വലയും കൊണ്ട് പറക്കാം. റെഡി! വൺ- ടൂ- ത്രീ-."

പ്രാവുകൾ ഒന്നിച്ച് പറന്നുയർന്നു. വലക്കെണിവെച്ച് പ്രാവുകളെ പിടിച്ച് തിന്നാൻ കൊതിച്ച് കാത്തിരുന്ന വേടൻ അത്ഭുതപ്പെട്ടു. അയാൾ വായും തുറന്ന് മേലോട്ട് നോക്കിയിരിപ്പായി. ഇത്ര ഒത്തൊരുമയോടെ പ്രാവുകൾ വലയും പൊക്കി പറന്നുപോകുമെന്ന് അയാൾ ഒരിക്കലും ചിന്തിച്ചിരുന്നില്ല.

“പ്രാവുകളെ കിട്ടിയില്ലെങ്കിൽ വേണ്ട വല തിരിച്ചുകിട്ടി യെങ്കിൽ മതിയായിരുന്നു” എന്ന് പറഞ്ഞ് വേടൻ തലയിൽ കൈവെച്ചിരിപ്പായി. പ്രാവുകൾ പറന്ന് ഒരു എലിമാളത്തിനരികിലെത്തിയപ്പോൾ താഴെയിറങ്ങി. അവർ ഒച്ചയെടുത്ത് എലികളെ വിളിച്ചു. രണ്ട് എലികൾ പുറത്തുവന്നു.

വല കടിച്ചുമുറിച്ച് തങ്ങളെ രക്ഷിച്ചാൽ എലികൾക്ക് കുറെ ധാന്യം കൊണ്ടുവന്ന് കൊടുക്കാമെന്ന് പ്രാവുകൾ പറഞ്ഞു.

എലികൾ പ്രാവുകളെ രക്ഷിക്കാൻ തയ്യാറായി. അവർ വേഗം തന്നെ വലയുടെ കണ്ണികൾ കടിച്ചുമുറിച്ച് പ്രാവുകളെ രക്ഷപ്പെടുത്തി.

പ്രാവുകൾ നന്ദിപറഞ്ഞ് പറന്നുപോയി. പിറ്റേന്ന് എലികൾക്ക് അവർ കുറെ ധാന്യമണികൾ കൊണ്ടുവന്ന് സമ്മാനിച്ചു.

## 38. കുഞ്ഞിക്കിളിയും കുഞ്ഞിമീനും

പണ്ടൊരിക്കൽ ഒരു വലിയ വെള്ളപ്പൊക്കമുണ്ടായി. ജന്തുക്കൾ പലതും വെള്ളത്തിൽ മുങ്ങിമരിച്ചു. അതെല്ലാം കണ്ട് ഒരു കുഞ്ഞിക്കിളി വളരെ സങ്കടപ്പെട്ടു.

ഒരു കുട്ടിയാന വെള്ളത്തിൽ മുങ്ങിത്താഴുന്നത് കണ്ട് കുഞ്ഞിക്കിളി അതിനടുത്ത് പറന്നുചെന്നിരുന്ന് കാലും കൊക്കും ഉപയോഗിച്ച് അതിനെ പൊക്കിയെടുക്കാൻ

നോക്കി. പക്ഷേ കിളിക്ക് അത് സാധിച്ചില്ല. കുഞ്ഞിക്കിളിയുടെ ആയിരം ഇരട്ടിയിലധികം ഭാരമുള്ള ആനയെ പൊക്കാൻ കുഞ്ഞിക്കിളിക്ക് എങ്ങനെ സാധിക്കാനാണ്.

അവൻ അവിടെ നിന്ന് പറന്ന് മറ്റൊരിടത്തുചെന്നു.

അവിടെ ഒരു കുഞ്ഞിമീൻ വെള്ളത്തിൽ നീന്തുന്നത് കുഞ്ഞിക്കിളി കണ്ടെത്തി.

“ആനക്കുട്ടിയെ രക്ഷിക്കാൻ കഴിഞ്ഞില്ല. വെള്ളത്തിൽ കിടക്കുന്ന ഈ കുഞ്ഞിമീനിനെ എങ്ങനെയെങ്കിലും ഞാൻ രക്ഷിക്കും.”

അങ്ങനെ പറഞ്ഞുകൊണ്ട് കുഞ്ഞിക്കിളി പറന്നുചെന്ന് കുഞ്ഞിമീനിനെ കൊത്തി വെള്ളത്തിൽനിന്ന് പൊക്കിയെ ടുത്ത് കരയിലേക്ക് നീക്കിയിട്ടു. പാവം കുഞ്ഞിമീൻ! അത് വെള്ളത്തിലേക്ക് പോകാൻ പിടഞ്ഞു.

അതിന് കരയിൽ ജീവിക്കാൻ കഴിയില്ലല്ലോ. കുഞ്ഞിമീൻ പ്രാണനുവേണ്ടി പിടഞ്ഞ് പിടഞ്ഞ് മരിച്ചു പോയി. കുഞ്ഞിക്കിളി ചെയ്തത് മഹാപാതകമായി

കുഞ്ഞിക്കിളിക്ക് അപ്പോഴും മനസിലായില്ല. കുഞ്ഞിമീൻ എന്തുകൊണ്ടാണ് ചത്തുപോയതെന്ന്.

മീനുകൾ ജലജീവികളാണെന്നും അവക്ക് കരയിൽ ജീവിക്കാൻ കഴിയില്ലെന്നുമുള്ള തിരിച്ചറിവ് കുഞ്ഞിക്കിളിക്ക് ഇല്ലായിരുന്നു.

## 39.വിശ്വാസമില്ലാത്ത കൂട്ടുകാരൻ

നാല് കരടികൾ കൂട്ടുകാരായിരുന്നു. ഒരു ദിവസം അവരിലൊരുത്തൻ ഒരു തേൻകൂട് കണ്ടെത്തി. മുള്ള് നിറഞ്ഞ ഒരു മരത്തിന്റെ കൊമ്പിലാണത് തൂങ്ങിക്കിടക്കുന്നത്. അവർ അതിൽനിന്ന് തേനെടുക്കാൻ

ഒരു വഴി കണ്ടെത്തി. ഏറ്റവും തടിയൻ അടിയിൽ നില്ക്കുക. പിന്നെ തടിക്കൂടുതലുള്ളവൻ താഴെ നില്ക്കുന്നവന്റെ മുതുകിൽ കയറി നില്ക്കുക.

അതിലും തടികുറഞ്ഞവൻ രണ്ടാമന്റെ പുറത്ത്. ഏറ്റവും വലിപ്പം കുറഞ്ഞവൻ മൂന്നാമന്റെ മുകളിൽ കയറി തേൻ എടുത്ത് താഴെയെത്തിക്കണം, ഇതായിരുന്നു സൂത്രം.

ആ പദ്ധതിപ്രകാരം ഏറ്റവും തടികൂടിയവന്റെ മുകളിൽ മറ്റ് മൂന്നാളും കയറി. ഏറ്റവും മുകളിലുള്ളവൻ തേനെടുക്കാൻ തുടങ്ങി.

ആ സമയത്ത് ഏറ്റവും അടിയിലുള്ള തടിയന് ഒരു സംശയം. മുകളിൽ നില്ക്കുന്നവൻ തേനെടുത്ത് തന്നെ ത്താൻ കുടിക്കുകയായിരിക്കുമോ എന്നായിരുന്നു സംശയം. അതിനാൽ തടിയൻകരടി തലയുയർത്തി മേലോട്ട് നോക്കി. പക്ഷേ പുറത്ത് കയറിനില്ക്കുന്ന

കരടിയുടെ ശരീരം കാരണം അവന് ഒന്നും കാണാൻ കഴിഞ്ഞില്ല. അവൻ പതുക്കെ പിന്നോട്ട് നീങ്ങി. "പൊത്തോം- പൊത്തോം- പൊത്തോം."

മറ്റ് മൂന്ന് കരടികളും നിലംപതിച്ചു.

ഇങ്ങനെയിരിക്കും തമ്മിൽത്തമ്മിൽ വിശ്വാസമില്ലാത്ത കൂട്ടുകാർ ഒന്നിച്ച് ഒരു കാര്യം നടത്താൻ ഇറങ്ങിത്തിരിച്ചാൽ. ആർക്കും ഗുണമുണ്ടാവില്ലെന്ന് മാത്രമല്ല അപകടവും വന്നുപെടും.

## 40. കിണറ്റിലെ തവള

ഒരു തവള കുഞ്ഞായിരിക്കുമ്പോൾ എങ്ങനെയോ ഒരു കിണറ്റിൽ ചെന്നുപെട്ടു. അവിടെ കിടന്ന് അവൻ വലുതായി.വലുതായപ്പോൾ അവന്റെ വിചാരം അവനെക്കാൾ വലിയതായി ലോകത്ത് ആരും ഇല്ലെന്നായിരുന്നു. "കൂപമണ്ഡൂകമനസ്ഥിതി" എന്നാണ് ആ വിചാരത്തിന് നാം പറയുക.

നമ്മുടെ കൂപമണ്ഡൂകം അങ്ങനെ അഹങ്കരിച്ച് ജീവിക്കുമ്പോൾ മറ്റൊരു തവള ആ കിണറ്റിൽ വന്നുപെട്ടു. അവൻ ചെറുതാണ്. കൂപമണ്ഡൂകം പറഞ്ഞു:

"എടാ, എന്നോളം വലിയതായി ലോകത്ത് ആരുമില്ല."

"ങ്ഹും, നീ പൂച്ചയെ കണ്ടിട്ടുണ്ടോ? പട്ടിയെ കണ്ടിട്ടുണ്ടോ? പശുവിനെ കണ്ടിട്ടുണ്ടോ? ആനയെ കണ്ടിട്ടുണ്ടോ?" പുതിയ തവള ചോദിച്ചു.

അപ്പോൾ കൂപമണ്ഡൂകം വയറ് വീർപ്പിച്ചിട്ട് ചോദിച്ചു: "ഇത്രയ്ക്കുണ്ടോ ആന?"

"ഇതിനേക്കാൾ പതിനായിരം മടങ്ങ് വലുതാണ് ആന."

തവള പിന്നെയും വയറ് വീർപ്പിച്ചിട്ട് ചോദിച്ചു: "ഇത്രയുണ്ടോ ?"

അങ്ങനെ വയറ് വീർപ്പിച്ച് ചോദിച്ച് ചോദിച്ച് ആ കൂപമണ്ഡൂകം വയറുപൊട്ടി പിടഞ്ഞ് ചത്തു.

അറിവില്ലാത്ത കാര്യങ്ങൾ അറിവുള്ളവർ പറഞ്ഞാൽ അത് മനസിലാക്കണം. അഹങ്കാരം നന്നല്ല.

ഈലോകത്ത് നാം കാണാത്തതും കേൾക്കാത്തതുമായ പല കാര്യങ്ങളുമുണ്ട് എന്ന സത്യം നാം മനസിലാക്കി എളിമയോടെ പെരുമാറണം. നാം കൂപമണ്ഡൂകങ്ങളാകരുത്.

## 41. കുറുക്കനും ആടുകളും

കുട്ടനും മുട്ടനും കുഞ്ഞുനാളിലേ മുതൽ കളിച്ചുവളർന്ന ആട്ടിൻകുട്ടികളായിരുന്നു. ഇന്ന് അവർ വലിയ ആടുകളായി തമാശക്ക് തമ്മിൽ ഇടികൂടാറുണ്ടെങ്കിലും അവർ തമ്മിൽ വഴക്കൊന്നുമില്ല. ഒരു ദിവസം കൗശലക്കാരനായ ഒരു കുറുക്കൻ രണ്ട് ആടുകളെയും ഒറ്റയ്ക്ക് ചെന്ന് കണ്ട് പലതും പറഞ്ഞ് അവരെ തമ്മിൽ ശത്രുക്കളാക്കി. അന്നുതൊട്ട് അവർ തമ്മിൽ കാര്യമായി ഇടികൂടാൻ ആരംഭിച്ചു.

കുട്ടനും മുട്ടനും ഇടികൂടുമ്പോൾ അവരുടെ തല യിൽനിന്ന് ചോരതെറിക്കും. അത് നക്കിക്കുടിക്കാം എന്നായിരുന്നു കുറുക്കന്റെ മനസിലിരുപ്പ്.

ഒരു ദിവസം കുട്ടനും മുട്ടനും ഇടികൂടാൻ തുടങ്ങി. ശക്തിയായ ഇടിയുടെ ശബ്ദം എങ്ങും മുഴങ്ങി.

കുറുക്കൻ ശബ്ദം കേട്ട് ഓടിയെത്തി.

ഇടിയുടെ ശക്തികൊണ്ട് കുട്ടന്റെ തലയിൽനിന്ന് ചോര ഒഴുകാൻ തുടങ്ങി. മുട്ടൻ പിന്നെയും ആഞ്ഞിടിക്കാൻ പിന്നോട്ട് നീങ്ങി. ആ തക്കം നോക്കി കുറുക്കൻ കുട്ടന്റെ ദേഹത്തുനിന്ന് ഒഴുകിവീണ ചോര നക്കിക്കുടിക്കാൻ അവരുടെ ഇടയിലേക്ക് ഓടിച്ചെന്നു.

എന്തുണ്ടായെന്നോ? കുട്ടനും മുട്ടനും തമ്മിൽ ഇടിച്ച ശക്തമായ അടുത്ത ഇടി കൊണ്ടത് കുറുക്കന്റെ തലയ്ക്കായിരുന്നു. ആ ദുഷ്ടൻ അപ്പോൾ തന്നെ അവിടെ വീണ് പിടഞ്ഞ് ചത്തു.

മറ്റുള്ളവരെ തമ്മിലടിപ്പിക്കുന്നവരുടെ ഗതി ഇതാവും.

## 42. ചീത്ത ശിഷ്യനും നല്ല ഗുരുവും.

ഒരിക്കൽ ഒരു ഗുരു പത്തുപേരെ വിദ്യ അഭ്യസിപ്പിച്ചിരുന്നു. എന്നാൽ അവരിൽ ഒരുവൻ തീരെ ചീത്തയായിരുന്നു.അവന്റെ പേര് തിമ്മയ്യ. അവൻ ഗുരുവിനെ അനുസരിക്കില്ല. സഹപാഠികളെ ചീത്തപറയും. ഇടയ്ക്കിടെ അവരെ അവൻ തല്ലുകയും ചെയ്യുമായിരുന്നു. മറ്റ് ഒമ്പത് ശിഷ്യന്മാരും ഗുരുവിനോട് തിമ്മയ്യയെപ്പറ്റി പരാതിപറഞ്ഞു. എന്നിട്ടും ഗുരു അവനെ ശിക്ഷിച്ചില്ല. തിമ്മയ്യ അവന്റെ ഉപദ്രവങ്ങൾ തുടർന്നു.

ഗതികെട്ട മറ്റു ശിഷ്യന്മാർ തിമ്മയ്യയെ പുറത്താക്കിയാലേ ഇനി അവിടെ പഠനം തുടരൂ എന്ന് ഗുരുവിനോട് ചെന്ന് പറഞ്ഞു.

“തിമ്മയ്യ ശുദ്ധനാണ്. അവന് താൻ ചെയ്യുന്നത് തെറ്റാണെന്ന് മനസിലായിട്ടല്ല ചെയ്യുന്നത്. അതിനാൽ ഞാൻ ഇപ്പോൾ അവനെ ഇവിടെനിന്ന് പറഞ്ഞയക്കില്ല,” ഗുരു തന്റെ നിശ്ചയം അവരെ അറിയിച്ചു.

അവർ സങ്കടത്തോടെ തിരിച്ചുപോയി. അവരിൽ ചിലർ ചെന്ന് തിമ്മയ്യയോട് ഉണ്ടായ സംഗതിയെല്ലാം പറഞ്ഞു,

വിവരം കേട്ടപ്പോൾ തിമ്മയ്യയ്ക്ക് തന്റെ തെറ്റുകൾ മനസിലായി. അവന് സങ്കടം വന്നു. അവൻ കരഞ്ഞുപോയി.

അവൻ ചെന്ന് ഗുരുവിനോട് തന്റെ തെറ്റുകൾ സമ്മതിച്ചു. ഇനി ആരെയും താൻ ഉപദ്രവിക്കയില്ലെന്ന് തിമ്മയ്യ ഗുരുവിന് വാക്കുകൊടുത്തു. പറഞ്ഞപ്രകാരം അന്ന് മുതൽ അവൻ ഗുരുവിനെ അനുസരിച്ചും സഹപാഠികളെ സഹായിച്ചും കഴിഞ്ഞുകൂടി. ആ ചീത്ത ശിഷ്യനെ ഗുരു അങ്ങനെ നല്ലവനാക്കി.

## 43. കൊറ്റിയെ കൊന്ന കുഞ്ഞുഞണ്ട്

കുറെ ഞണ്ടുകളും മീനുകളും ഒരു തടാകത്തിൽ സുഖമായി താമസിക്കയായിരുന്നു. ഒരു ദിവസം ഒരു കൊക്ക് അവരോട് പറഞ്ഞു: "ഈ കുളത്തിൽ നിങ്ങൾ താമസിക്കുന്നത് അപകടമാണ്. അടുത്ത മാസത്തിൽ രണ്ട് മുക്കുവന്മാർ ഈ കുളം വറ്റിച്ച് ഞണ്ടുകളെയും മീനുകളെയും പിടികൂടുമെന്ന് പറയുന്നത് ഞാൻ കേട്ടു. അതിനാൽ ഞാൻ നിങ്ങളെ ഓരോരുത്തരെയായി അടുത്തുള്ള മറ്റൊരു തടാകത്തിലേക്ക് കൊണ്ടുപോയാക്കാം." കൊക്ക് പറഞ്ഞത് ശരിയാണെന്ന് മീനുകളും ഞണ്ടുകളും വിശ്വസിച്ചു.

കൊക്ക് ദിവസേന മീനുകളെയും ഞണ്ടുകളെയും പൊക്കിയെടുത്ത് എവിടേക്കോ പറന്നുപോയി. ഒരു ദിവസം കൊക്ക് ഒരു ഞണ്ടമ്മയെ തൂക്കിയെടുത്ത് പറന്നു. ഞണ്ടമ്മയുടെ മകൻ കുഞ്ഞുഞണ്ട് അതുകണ്ട് കുറെ കരഞ്ഞു. പിറ്റേന്ന് കൊക്ക് ഒരു വലിയ ഞണ്ടിനെയും കൊണ്ട് പറക്കാനൊരുങ്ങി. അപ്പോൾ കുഞ്ഞുഞണ്ട് പറഞ്ഞു: "ഞാനും വരും ഇന്ന്." പക്ഷേ കൊക്ക് സമ്മതിച്ചില്ല. എങ്കിലും കുഞ്ഞുഞണ്ട് കൊക്കിന്റെ പുറത്ത് ചാടിക്കയറിയിരുന്നു.

"നീ ഇവിടെ ഇറങ്ങിക്കോ," കൊക്ക് പറഞ്ഞു, "ഞാൻ നിന്റെ അമ്മയെ കൊന്നുതിന്നു. നിനക്കിനി അമ്മയെ കാണാൻ പറ്റില്ല."

അതുകേട്ടപ്പോൾ കുഞ്ഞുഞ്ഞണ്ടിന് സങ്കടവും ദേഷ്യവും അടക്കാൻ കഴിയാതായി. അവൻ കോപത്തോടെ കൊക്കിന്റെ കഴുത്തിൽ കയറി പിടിച്ച് ഇറുക്കാൻ തുടങ്ങി. കൊക്കിന് ശ്വാസം മുട്ടി. പക്ഷേ കുഞ്ഞുഞ്ഞണ്ട് പിടിവിട്ടില്ല.

അവൻ ചതിയനായ ആ കൊക്കിനെ ഇറുക്കിക്കൊന്നു

## 44.വിഡ്ഢിയായതാര്?

നസറുദിൻ മുല്ല രസികനും അതിബുദ്ധിമാനുമായിരുന്നു.

ഒരു ദിവസം മുല്ല പതിവുപോലെ രാജകൊട്ടാരത്തി ലെത്തി. അന്ന് മുല്ലയെ കണ്ടയുടനെ എല്ലാവരും എഴുന്നേറ്റ് വണങ്ങി.എന്താണ് ഇന്ന് പതിവില്ലാത്ത വണക്കം? മുല്ലക്ക് ഒന്നും പിടികിട്ടിയില്ല. അങ്ങനെ സ്തംഭിച്ചുനിന്ന മുല്ലയോട് രാജാവ് പറഞ്ഞു:

“ഞാൻ താങ്കളെ വിഡ്ഢികളുടെ രാജാവായി വാഴിച്ചി രിക്കുന്നു."

മുല്ല അതിന് മറുപടിയൊന്നും പറഞ്ഞില്ല. പക്ഷേ സദസിലുണ്ടായിരുന്നവർ ഉറക്കെ പൊട്ടിച്ചിരിച്ചു. അവർ മുല്ലയെ കളിയാക്കിച്ചിരിക്കയായിരുന്നു.

ഉടനെ മുല്ല രാജാവിനേക്കാൾ ഉഗ്രസ്വരത്തിൽ അവരെ ആജ്ഞാപിച്ചു:

“ശ് ശ് ശ്.... ശബ്ദിച്ചുപോകരുത്. ഞാൻ നിങ്ങളുടെ രാ വാണ്!"

മുല്ലയുടെ ഗംഭീരമായ ശബ്ദം കേട്ട് സദസ്യർ ഒരു ഞെട്ടി. മുല്ലയുടെ ആജ്ഞ കേട്ട് എല്ലാവരും ഇടിവെട്ടേറ്റപോലെ നിശബ്ദരായി.

ബുദ്ധിമാനായ മുല്ലയുടെ മുമ്പിൽ തങ്ങളെല്ലാം യഥാർത്ഥത്തിൽ വിഡ്ഢികളായിത്തീർന്നുവെന്ന് അവർ മനസിലാക്കി.

അവരെല്ലാം ഒരു ഇളിഞ്ഞ ചിരിയോടെ പരസ്പരം നോക്കി.

## 45. ധീരനായ മന്ത്രി

പണ്ട് ഒരു രാജ്യത്ത് മന്ത്രി മരിച്ചപ്പോൾ രാജാവ് പുതിയ മന്ത്രിയെ തെരഞ്ഞെടുക്കാൻ വിളംബരം ചെയ്തു. ധീരനും തന്ത്രശാലിയും ബുദ്ധിമാനുമായി രിക്കണം മന്ത്രി എന്നായിരുന്നു വിളംബരം.

മന്ത്രിസ്ഥാനത്തേക്ക് മത്സരിക്കാൻ ധാരാളം പേർ വന്നെത്തി. പലരും തോറ്റു പിന്മാറി. അപ്പോൾ ധീരനായ ഒരു യുവാവ് മുന്നോട്ടുവന്നു. സേനാനായകനുമായി ഏറ്റുമുട്ടലാണ് ആദ്യം. അതിന് ധീരതയും തന്ത്രവും വേണം. അത്ര ശക്തിമാനല്ലെങ്കിലും യുവാവ് ധീരതയോടെ സേനാനായകനോട് ഏറ്റുമുട്ടി. അല്പ നേരം കഴിഞ്ഞപ്പോൾ അവൻ തോറ്റതായി ഭാവിച്ച് സേനാനായകനെ തൊട്ട് വന്ദിച്ചു. പക്ഷേ അത് അവന്റെ തന്ത്രമായിരുന്നു. അടുത്തനിമിഷത്തിൽ അവൻ സേനാനായകനെ എടുത്ത് മറിച്ച് തറപറ്റിച്ചു. ശക്തികൊണ്ടല്ല, തന്ത്രം കൊണ്ടാണ് യുവാവ് സേനാനാ യകനെ തറപറ്റിച്ചത്.

യുവാവിന്റെ ധീരതയും തന്ത്രശാലിത്വവും രാജാവ് അഭിനന്ദിച്ചു. പിന്നെ ബുദ്ധിപരീക്ഷണമായിരുന്നു.

കൈനനയാതെ മീൻപിടിക്കണം, അതാണിനി ചെയ്യേ ണ്ടത്.

ഒരു പാത്രം നിറയെ വെള്ളം; അതിനകത്ത് ഒരു മീൻ നീന്തിനടക്കുന്നു. കൈനനച്ചാലും അതിനെ കൈയിൽ കിട്ടുക പ്രയാസം. പക്ഷേ യുവാവ് കൈനനയാതെ ആ മീനിനെ പിടിച്ചു. എങ്ങനെയെന്നോ?

പാത്രത്തിനടിയിൽ ഒരു ദ്വാരമുണ്ടാക്കി. വെള്ളമെല്ലാം ചോർന്നുപോയി. യുവാവ് കൈനനയാതെ മീനിനെ കൈയിലെടുത്തു. ധീരതയും തന്ത്രശാലിത്വവും ബുദ്ധിശക്തിയും തെളിയിച്ച ആ യുവാവിനെ രാജാവ് മന്ത്രിയാക്കി.

## 46. പുള്ളിപ്പശുവിന്റെ ബുദ്ധി

ഒരു പുള്ളിപ്പശു ഒരു കുന്നിൻചെരുവിൽ മേഞ്ഞുനടക്കുകയായിരുന്നു. അവിടെ അതിന് ധാരാളം പുല്ല് തിന്നാൻ കിട്ടി.

അങ്ങനെയിരിക്കെ ഒരു കുറുക്കൻ അവിടെയെത്തി പുള്ളിപ്പശു ഇങ്ങനെ പുല്ല് തിന്ന് കുന്നിൻചെരുവ് വൃത്തിയാക്കിയാൽ കുറുക്കന് ഒളിച്ചിരിക്കാൻ സ്ഥലമില്ലാതാവില്ലേ. അതിനാൽ അവൻ പശുവിനെ അവിടെനിന്ന് ഓടിക്കാൻ തന്ത്രമെടുത്തു. അവൻ പറഞ്ഞു:

“പുള്ളിപ്പയ്യേ, ഈ പ്രദേശം എന്റെയാണ്. നീ ഇവിടെ പുല്ല് തിന്നുന്നതിന് എനിക്ക് അതിന്റെ വില തരണം."

കുറുക്കന്റെ ഈ അവകാശംപറച്ചിൽ പുള്ളിപ്പശുവിന് ഇഷ്ടമായില്ല. അവനെ ഒരു പാഠം പഠിപ്പിക്കണമെന്ന് അവൾ തീരുമാനിച്ചു. അവൾ പറഞ്ഞു:

“തല്ക്കാലം പുല്ലിന്റെ വില തരാൻ എന്റെ കൈയിൽ ഒന്നുമില്ല. എന്റെ പിൻകാലിൽനിന്ന് നിനക്ക് ആവശ്യമുള്ള ഇറച്ചി നീ കടിച്ചെടുത്തുകൊള്ളൂ."

കുറുക്കന് സന്തോഷമായി. നല്ല പശുമാംസം ചൂടോടെ തിന്നാൻ കിട്ടിയല്ലോ.

പുള്ളിപ്പശു അനങ്ങാതെ നിന്നുകൊടുത്തു. കുറുക്കൻ അവളുടെ പിന്നിൽ ചെന്ന് മാംസം കടിച്ചെടുക്കാൻ ഒരുങ്ങി.

“പ്ട്ടേ-" പുള്ളിപ്പശു പിൻകാലുയർത്തി കുറുക്കന് നല്ല അടിവെച്ചുകൊടുത്തു. കുറുക്കൻ തെറിച്ചുവീണു. അവൻ എഴുന്നേറ്റ് ഓടിമറഞ്ഞു. പുള്ളിപ്പശുവിനെ പിന്നെ അവൻ ശല്യപ്പെടുത്തിയിട്ടില്ല.

ചതിയന്മാരെ നല്ലബുദ്ധി പഠിപ്പിക്കാൻ നമ്മൾ ചില തന്ത്രങ്ങളൊക്കെ പ്രയോഗിക്കാൻ തയ്യാറായാൽ അവർ നമ്മെ അധികം ഉപദ്രവിക്കില്ല.

## <u>47. രാക്ഷസനും കുട്ടിയും</u>

ഗോലിയാത്ത് എന്നൊരു ഭീകരരാക്ഷസനുണ്ടായിരുന്നു.അവൻ ഇസ്രായേൽ ജനതയെ മുഴുവൻ വിറപ്പിച്ചു. നൂറുകണക്കിന് ആളുകളെ അവൻ ഒറ്റയ്ക്ക് കൊന്നൊടുക്കി. അവനോട് ഏറ്റുമുട്ടാൻ ഇസ്രായേൽക്കാർക്ക് ആർക്കും ധൈര്യമുണ്ടായില്ല. രാജാവ് അങ്കലാപ്പിലായി. അങ്ങനെയിരിക്കുമ്പോൾ പന്ത്രണ്ടു വയസുമാത്രം പ്രായമുള്ള ദാവീദ് എന്നൊരു കുട്ടി രാജാവിന്റെ അടുത്തെത്തി. ഗോലിയാത്തിനോട് ഞാൻ യുദ്ധം ചെയ്യാം," അവൻ പറഞ്ഞു. "കുട്ടീ, നിനക്ക് ഭ്രാന്തുണ്ടോ? ഇത്ര ഭീകരനായ രാക്ഷസന്റെ അടുത്ത് നീ എന്തുചെയ്യാനാണ്," രാജാവ് ചോദിച്ചു.

പക്ഷേ ദാവീദ് വലിയ ആത്മവിശ്വാസമുള്ള കുട്ടിയായിരുന്നു. ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന അവന് ഗോലിയാത്തിനെ തോല്പിക്കാൻ കഴിയുമെന്ന് ഉറപ്പുണ്ടായിരുന്നു.

അവന്റെ വിശ്വാസം കണ്ട രാജാവ് അവനെ തടഞ്ഞില്ല. ദാവീദ് മൂന്നുനാല് കല്ലും ഒരു കവണയുമായി ഗോലിയാത്തിന്റെ അടുത്തെത്തി. വാളും പരിചയും കുന്തവുമെല്ലാം കൊണ്ട് യുദ്ധക്കളത്തിൽ നില്ക്കുന്ന ഗോലിയാത്തിന്റെ നെറ്റിയെ ലക്ഷ്യമാക്കി ദാവീദ് തന്റെ കവണയിൽ വെച്ച് കല്ല് ചുഴറ്റിയെറിഞ്ഞു.

“ഠോ-''

കല്ല് ഗോലിയാത്തിന്റെ നെറ്റിയിൽത്തന്നെ ചെന്നു കൊണ്ടു. അയാൾ മറിഞ്ഞുവീണു. ദാവീദ് ഓടിച്ചെന്ന് ഗോലിയാത്തിന്റെ വാൾ കൈയിലെടുത്ത് അയാളുടെ ശിരസറുത്തു.

ഇസ്രായേല്യരുടെ സേനാനായകന്മാർക്കൊന്നും സാധിക്കാതിരുന്ന ആ വലിയ കാര്യം ദാവീദിന് ചെയ്യാൻ കഴിഞ്ഞത് അവന്റെ ധൈര്യവും ആത്മവിശ്വാസവും മൂലമായിരുന്നു.

അക്രമം ചെയ്യുന്നവരെ എതിർക്കാനുള്ള ധൈര്യം നാം വളർത്തിയെടുക്കണം.

## 48. കഴുതയുടെ പാട്ടുകച്ചേരി.

ഒരിക്കൽ ഒരു കുറുക്കനും കഴുതയും കൂടി ഒരു പച്ച ക്കറിത്തോട്ടത്തിൽ കടന്നു.

കുറുക്കൻ അവിടെനിന്ന് ഒരു കോഴിയെ പിടിച്ചുതിന്ന് വിശപ്പടക്കി.

കഴുത തോട്ടത്തിലെ പച്ചക്കറികളൊക്കെ തിന്ന് വെളുപ്പിച്ചു. “അളിയാ, എനിക്ക് സന്തോഷംകൊണ്ട് പാട്ടുപാടാൻ തോന്നുന്നു.” കഴുത പറഞ്ഞു.

“പൊന്നളിയാ, നീ പാടല്ലേ! കർണകഠാരമായ നിന്റെ പാട്ടുകേട്ടാൽ കാവൽക്കാരൻ ഓടിവരും,” കുറുക്കൻ തടഞ്ഞു.

പക്ഷേ കഴുത കൂട്ടാക്കിയില്ല. “ബ്രേ-ബ്രേ-” കഴുത കഠോരശബ്ദത്തിൽ പാട്ടുതുടങ്ങി. ശബ്ദം കേട്ട് കാവൽക്കാരൻ തോട്ടത്തിലേക്ക് ഓടിയെത്തി. അതുകണ്ട് കുറുക്കൻ ഓടി രക്ഷപ്പെട്ടു.

കഴുതയ്ക്ക് ഓടാൻ കഴിഞ്ഞില്ല. തിന്ന് വീർത്ത വയറിന്റെ ഭാരം കാരണം അതിന് വേഗം നടക്കാൻപോലും വയ്യായിരുന്നു.

കാവൽക്കാരൻ കഴുതയെ പൊതിരെ തല്ലി.അയാൾ അവന്റെ കഴുത്തിൽ ഒരു വലിയ കല്ലും കെട്ടിവിട്ടു. പാവം കഴുത വേച്ചു വേച്ച് പുറത്തേക്ക് നടന്നു. പാവം കഴുത!.

അവന്റെ കട്ടുതീറ്റയും പാട്ടുകച്ചേരിയും അന്നത്തോടെ അവസാനിച്ചു.

## 49. ദുഷ്ടബുദ്ധിയും സത്സ്വഭാവിയും

ദുഷ്ടബുദ്ധി, സത്സ്വഭാവി എന്നീ രണ്ടു ചെറുപ്പക്കാർ ഒരു യാത്രപോയി. അവർ ഒരു കാട്ടിലൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ അവർക്ക് ഒരു കുടം കിട്ടി. അത് തുറന്നു നോക്കിയപ്പോൾ നിറച്ച് സ്വർണനാണയങ്ങൾ! കുറച്ച് നാണയങ്ങൾ രണ്ടുപേരും എടുത്തിട്ട് കുടം കാട്ടിൽ തന്നെ കുഴിച്ചിട്ടിട്ട് അവർ യാത്ര തുടർന്നു. യാത്ര കഴിഞ്ഞ് വീട്ടിലെത്തിയ ദുഷ്ടബുദ്ധി ഉടനെ പോയി കാട്ടിൽ കുഴിച്ചിട്ട സ്വർണനാണയങ്ങൾ മുഴുവൻ എടുത്ത് അവന്റെ വീട്ടിൽ ഒളിച്ചുവെച്ചു.

സത്സ്വഭാവി പിന്നീട് പണത്തിന് ആവശ്യം വന്നപ്പോൾ ദുഷ്ടബുദ്ധിയെ വിളിച്ച് കാട്ടിലെത്തി. പക്ഷേ അവിടെ സ്വർണവുമില്ല, കുടവുമില്ല.

ദുഷ്ടബുദ്ധി അതെല്ലാം എടുത്തുവെന്ന് സത്സ്വഭാവിക്ക് മനസിലായി. അതിനാൽ പോയി ന്യായാധിപനോട് പരാതിപറഞ്ഞു. പരാതി അന്വേഷിക്കാൻ ന്യായാധിപൻ കാട്ടിലെത്തി. അപ്പോൾ അവിടെ ഒരു ശബ്ദം കേട്ടു. അതിങ്ങനെയായിരുന്നു:

“പ്രിയ ന്യായാധിപാ, സ്വർണനാണയങ്ങളെല്ലാം എടുത്തത് സത്സ്വഭാവിയാണ്. വൃക്ഷദേവനായ ഞാൻ അത് കണ്ടിട്ടുണ്ട്." ഒരു വലിയ മരത്തിന്റെ പോടിൽ നിന്നായിരുന്നു ആ ശബ്ദം. ന്യായാധിപന് അതിൽ ഒരു ചതിയുണ്ടെന്ന് തോന്നി. അദ്ദേഹം ആ മരത്തിന്റെ ചുവട്ടിൽ തീയിട്ടു. ചൂട് തട്ടിയപ്പോൾ മരപ്പൊത്തിൽ നിന്ന് ഒരു മനുഷ്യൻ പുറത്തുവന്നു. ദുഷ്ടബുദ്ധിയുടെ അച്ഛനായിരുന്നു അത്. സത്യമെല്ലാം മനസിലാക്കിയ ന്യായാധിപൻ ദുഷ്ടബുദ്ധിയെയും അവന്റെ അച്ഛനെയും ജയിലിൽ അടയ്ക്കാൻ ഉത്തരവിട്ടു.

## 50. വാലുപോയ കുട്ടിക്കുരങ്ങൻ

ഒരു മലയോരത്ത് മരംവെട്ടുകാർ മരം അറുക്കുകയാ യിരുന്നു. ഉച്ചയായപ്പോൾ ഊണ് കഴിക്കാൻ അവരെല്ലാം പോയി. പാതി അറുത്ത മരത്തിന്റെ നടുക്ക് ഒരു ആപ്പ് വെച്ചാണ് അവർ പോയത്. മടങ്ങിവരുമ്പോൾ വാൾകടത്തി അറുക്കാൻ എളുപ്പത്തിനാണ് അങ്ങനെ ആപ്പ് അടിച്ചുകയറ്റുന്നത്.

ഒരു കുട്ടിക്കുരങ്ങൻ ചാടിക്കളിച്ച് അറുത്തുകൊണ്ടിരി ക്കുന്ന ആ മരത്തിനു മുകളിലെത്തി. മരംവെട്ടുകാർ

തറച്ചുവെച്ച ആപ്പ് കണ്ടപ്പോൾ അത് ഇളക്കി ഊരിയെടുക്കണമെന്ന് കുട്ടിക്കുരങ്ങന് തോന്നി.

എന്ത് തോന്നിയാലും അതുചെയ്യാതെ കുട്ടിക്കുരങ്ങൻ അടങ്ങില്ല.

അവൻ അറുത്തിട്ട മരത്തിനുമുകളിൽ കയറിയിരുന്ന് ആപ്പ് അങ്ങോട്ടും ഇങ്ങോട്ടും ആട്ടിയാട്ടി ഊരിയെടുത്തു. ആപ്പ് കുരങ്ങന്റെ കൈയിൽ കിട്ടി. പക്ഷേ എന്തുണ്ടായെന്നോ? കുട്ടിക്കുരങ്ങന്റെ വാൽ മരത്തിന്റെ വിടവിൽ കുടുങ്ങിപ്പോയി.

കുട്ടിക്കുരങ്ങൻ വേദനകൊണ്ട് പുളഞ്ഞു. അവൻ ചാടി. പലതവണ ചാടിനോക്കിയപ്പോൾ വാൽ മുറിഞ്ഞുപോയി.

വേണ്ടാത്ത കാര്യത്തിൽ തലയിട്ടാൽ ഇങ്ങനെയെല്ലാം സംഭവിക്കുമെന്ന് കുട്ടിക്കുരങ്ങന് മനസിലായി. പിന്നീട് ഒരിക്കലും കുട്ടിക്കുരങ്ങൻ അനാവശ്യ കാര്യങ്ങൾ ചെയ്യാറില്ല.

## 51.പൂച്ചയെ വിശ്വസിച്ച പക്ഷികൾ

പക്ഷികളെ തരംകിട്ടിയാൽ പിടിച്ചുതിന്നുന്ന ജന്തുവാണല്ലോ പൂച്ച. പക്ഷേ ഒരിക്കൽ ഒരു പൂച്ച ഏതാനും അടയ്ക്കാപ്പക്ഷികളുമായി കൂട്ടുകെട്ടിലായി. പക്ഷികൾ പൂച്ചയെ ഒരു കുടുംബാംഗത്തെപ്പോലെ വിശ്വസിച്ചു. പക്ഷികൾക്ക് മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങളുണ്ടായി. “നിങ്ങൾ ഭക്ഷണമന്വേഷിച്ച് പോകുമ്പോൾ നിങ്ങളുടെ കുഞ്ഞുങ്ങളെയെല്ലാം ഞാൻ നോക്കിക്കൊള്ളാം,” പൂച്ച ഒരു ദിവസം പക്ഷികളോട് പറഞ്ഞു.

പൂച്ച ഇങ്ങനെ പറഞ്ഞതു കേട്ട് പക്ഷികൾക്ക് സന്തോഷമായി. അവർ കുഞ്ഞുങ്ങളെ പൂച്ചയുടെ സംരക്ഷണത്തിന് ഏല്പിച്ചശേഷം ഭക്ഷ്യധാന്യങ്ങൾ

അധികം കിട്ടുന്ന ദൂരസ്ഥലത്തേക്ക് യാത്രപോയി. പൂച്ച പക്ഷിക്കുഞ്ഞുങ്ങളെ നോക്കിക്കൊള്ളാമെന്ന്

പറഞ്ഞത് വെറും ചതിയായിരുന്നു. എന്നാൽ പക്ഷികൾക്ക് പൂച്ചയുടെ കള്ളലാക്ക് മനസിലായില്ല. സന്ധ്യയ്ക്ക് പക്ഷികൾ തിരിച്ചെത്തി. കുഞ്ഞുങ്ങളെ നോക്കിയപ്പോൾ ഒന്നിനേയും കാണാനില്ല.

കൂടിന് ചുറ്റും പക്ഷിക്കുഞ്ഞുങ്ങളുടെ തൂവലുകൾ!

ചോരത്തുള്ളികളും വീണുകിടക്കുന്നുണ്ട്. പക്ഷികൾ കരഞ്ഞ് കുഞ്ഞുങ്ങളെ വിളിച്ചു. പക്ഷേ ഫലമെന്ത്?

പൂച്ച ആ കുഞ്ഞുങ്ങളെയെല്ലാം കൊന്നുതിന്ന് സ്ഥലം വിട്ടിരുന്നു.

## 52. പരുന്തമ്മയും കോഴിയമ്മയും

ഒരു മരത്തിൽ കൂടുകെട്ടി പരുന്തമ്മ മുട്ടയിട്ടു. അവൾക്ക് മുട്ടവിരിഞ്ഞ് മൂന്ന് കുഞ്ഞുങ്ങളുണ്ടായി.

അതേ മരത്തിന്റെ ചുവട്ടിൽ കരിയിലകൾ കൂട്ടിയിട്ട് അതിൽ മുട്ടയിട്ട് ഒരു കോഴിയമ്മയും അടയിരിക്കുന്നുണ്ടായിരുന്നു. അവൾക്ക് മുട്ടവിരിഞ്ഞ് മൂന്ന് കോഴിക്കുഞ്ഞുങ്ങളുണ്ടായി.

പരുന്തമ്മ ഒരു ദിവസം അതിൽ ഒരു കോഴിക്കുഞ്ഞിനെ റാഞ്ചിയെടുത്ത് പരുന്തിൻകുഞ്ഞുങ്ങൾക്ക് തിന്നാൻ കൊടുത്തു.

“ഇനി എന്റെ കുഞ്ഞുങ്ങളെ റാഞ്ചിയെടുത്താൽ നിന്റെ കൂടിന് ഞാൻ തീവെക്കും," കോഴിയമ്മ പരുന്തമ്മയ്ക്ക് താക്കീത് നൽകി.

എന്നാൽ പരുന്തമ്മ വീണ്ടും ഒരു കോഴിക്കുഞ്ഞിനെ റാഞ്ചി പരുന്തിൻകൂട്ടിലേക്ക് കൊണ്ടുപോയി.

കോഴിയമ്മയ്ക്ക് അതുകണ്ട് സങ്കടവും ദേഷ്യവും വന്നു. അവൾ ചുള്ളിക്കമ്പുകളും കരിയിലകളും കൂട്ടിയിട്ട് പരുന്തമ്മയുടെ കൂടിന് താഴെ തീയിട്ടു. തീയും പുകയും പരുന്തിന്റെ കൂട്ടിലേക്ക് ഉയർന്നു. പരുന്തിൻ കുഞ്ഞുങ്ങൾ വീർപ്പുമുട്ടി കരയാൻ തുടങ്ങി.

അതു കണ്ടപ്പോൾ പരുന്തമ്മയ്ക്ക് സങ്കടമായി. ഉടനെ കോഴിക്കുഞ്ഞിനെ കോഴിയമ്മയ്ക്ക് തിരികെകൊണ്ടു പോയിക്കൊടുത്തു. ഒരു കോഴിക്കുഞ്ഞിനെ പിടിച്ചുതിന്നതിന് മാപ്പപേക്ഷിക്കുകയും ചെയ്തു.

കോഴിയമ്മ പരുന്തമ്മയോട് ക്ഷമിച്ചു. അവൾ തീ കെടുത്തി പരുന്തിൻ കുഞ്ഞുങ്ങളെ രക്ഷിച്ചു.

## 53. പൊന്മുട്ടയിടുന്ന താറാവ്

പണ്ട് ഒരു കൃഷിക്കാരൻ കുറെ താറാവുകളെ വളർത്തി വന്നു. ഒരു ദിവസം ഒരു താറാവ് ആദ്യമായി ഇട്ട മുട്ട കണ്ട് അതിശയമായി. മുട്ടയ്ക്ക് സ്വർണക്കട്ടയുടെ നിറം! കൃഷിക്കാരൻ ആ മുട്ട പൊട്ടിച്ചുനോക്കി. മുട്ട മുഴുവനും സ്വർണം തന്നെ! അയാൾക്ക് സന്തോഷംകൊണ്ട് വീർപ്പുമുട്ടി.

ഭാര്യയെ വിളിച്ച് വിവരം പറഞ്ഞു. എന്നിട്ട് അയാൾ ആ സ്വർണമുട്ട കൊണ്ടുപോയി വിറ്റ് ആയിരക്കണക്കിന് രൂപ വാങ്ങി വീട്ടിലെത്തി. ആ പണമത്രയും കണ്ടപ്പോൾ ഭാര്യയ്ക്ക് സംതൃപ്തി യല്ല ഉണ്ടായത് ആർത്തിയായിരുന്നു. അവൾ പറഞ്ഞു: “നമുക്ക് ഈ താറാവിന്റെ വയറ് കീറി എല്ലാ സ്വർണമുട്ടയും എടുക്കാം. അവ എല്ലാം കൊടുത്താൽ നമുക്ക് ലക്ഷക്കണക്കിന് രൂപ കിട്ടില്ലേ?”

കൃഷിക്കാരന് അത് നല്ല കാര്യമാണെന്ന് തോന്നി. അയാൾ കത്തിയെടുത്ത് താറാവിനെ പിടിച്ച് അതിന്റെ വയറ് കീറി.

അപ്പോൾ കണ്ടതെന്തെന്നോ?

എല്ലും ഇറച്ചിയും കുടലും മാത്രം. താറാവ് പിടഞ്ഞ് ചാവുകയും ചെയ്തു. നോക്കണേ, ആർത്തി നിമിത്തം വന്ന ആപത്ത്!

അവർ ആർത്തി കാട്ടാതിരുന്നെങ്കിൽ അവർക്ക് ദിവ

സവും ഓരോ പൊന്മുട്ട ആ താറാവ് ഇട്ടുകൊടുക്കുമായിരുന്നു.

സൗഭാഗ്യം വരുമ്പോൾ മനുഷ്യന് സംതൃപ്തിയാണ് വേണ്ടത്, ആർത്തിയല്ല.

## 54. കഥകഥപൈങ്കിളിയും കണ്ണുനീർപൈങ്കിളിയും

ഒരിക്കൽ ഒരു പുഴവക്കത്ത് രണ്ട് കിളികൾ താമസിച്ചിരുന്നു. ഒന്ന് കഥകഥപ്പൈങ്കിളി. മറ്റേത് കണ്ണുനീർ

പ്പൈങ്കിളി.

രണ്ടാളും കൂടി ഒരു ദിവസം ഭക്ഷണം തേടി ഒരു ത്തോട്ടത്തിലെത്തി. വാഴത്തോട്ടത്തിൽ ഒരു വാഴക്കൈയിന്മേൽ ഇരുന്ന കഥകഥപ്പൈങ്കിളി വാഴക്കൈ ഒടിഞ്ഞ് താഴെയുണ്ടായിരുന്ന കുളത്തിലേക്ക് വീണു.

വെള്ളത്തിൽ കാലിട്ടടിച്ചപ്പോൾ കഥകഥപ്പൈങ്കിളിയുടെ കാലിന്മേൽ ഒരു സ്വർണമാല ചുറ്റിപ്പിടിച്ചു. കഥകഥപ്പൈങ്കിളിക്ക് വലിയ സന്തോഷമായി. അവൾ ആ സ്വർണമാലയും കൊണ്ട് വീട്ടിൽ പോയി സുഖമായി ജീവിച്ചു.

അതുകണ്ട് കണ്ണുനീർപൈങ്കിളിക്കും അത്തരമൊരു സ്വർണമാല കിട്ടണമെന്ന് ആഗ്രഹമുണ്ടായി. അവൾ ആ മോഹത്തോടെ കുളത്തിനു മുകളിലുള്ള വാഴക്കൈയിന്മേൽ ചെന്നിരുന്നു വാഴക്കൈ ഒടിയുന്നില്ലെന്ന് കണ്ട് കണ്ണുനീർപ്പൈങ്കിളി കുളത്തിലേക്ക് മനഃപൂർവം വീണു. പിന്നെ കാലു കൊണ്ട് വെള്ളത്തിൽ തപ്പാൻ തുടങ്ങി.

കുറെ നേരം തപ്പിയിട്ടും കണ്ണുനീർപ്പൈങ്കിളിക്ക് സ്വർണ മാല കിട്ടിയില്ല. അത് പിന്നെയും വെള്ളത്തിൽ തപ്പിയപ്പോൾ ഒരു നീർക്കോലിപ്പാമ്പ് കണ്ണുനീർപൈങ്കിളിയുടെ കാലിൽ ചുറ്റി. അത് കണ്ണുനീർപ്പൈങ്കിളിക്ക് ഒരു കടിയും വെച്ചു കൊടുത്തു.

കണ്ണുനീർപ്പൈങ്കിളിക്ക് സങ്കടംകൊണ്ട് കണ്ണീരു വന്നു. “മറ്റൊരാൾക്ക് കിട്ടുന്ന ഭാഗ്യം നാം കൊതിക്കുന്നത് ശരിയല്ല എന്ന് അതോടെ കണ്ണുനീർപ്പൈങ്കിളി പഠിച്ചു.

## 55. സോളമൻ രാജാവും പെണ്ണുങ്ങളും

ബുദ്ധിമാനും നീതി നടത്തുന്നതിൽ സമർഥനുമായി രുന്നു സോളമൻ രാജാവ്.

ഒരിക്കൽ രണ്ടു പെണ്ണുങ്ങൾ ഒരു കുട്ടിയെയുംകൊണ്ട് രാജാവിന്റെ അടുക്കൽ പരാതിയുമായെത്തി. രണ്ടാമത്തവളുടെ കുഞ്ഞു മരിച്ചു. അപ്പോൾ തന്റെ കുഞ്ഞിനെ രണ്ടാമത്തവൾ എടുത്ത് സ്വന്തമാക്കിയെന്നായിരുന്നു ഒന്നാമത്തവളുടെ പരാതി. കുഞ്ഞിനെ തിരിച്ചുവാങ്ങിത്തരണമെന്ന് അവൾ രാജാവിനോട് അപേക്ഷിച്ചു.

രണ്ടാമത്തവൾ കുട്ടി അവളുടെതാണെന്ന് വാദിച്ചു. ആരാണ് കുട്ടിയുടെ യഥാർഥ അമ്മയെന്ന് ആർക്കും പറ യാൻ കഴിഞ്ഞില്ല. രാജാവും ആ പെണ്ണുങ്ങളുടെ

കരച്ചിൽ കേട്ട് തീരുമാനമെടുക്കാൻ കഴിയാതെ കുറച്ചുനേരം വിഷമിച്ചു. രണ്ട് പെണ്ണുങ്ങൾക്കും വേണം ആ കുട്ടിയെ. രാജാവ് ഭടന്മാരെ വിളിച്ച് ഒരു വാൾ വരുത്തി. രാജാവ് കുഞ്ഞിനെ താഴെ കിടത്തി. എന്നിട്ട് വാൾ കുഞ്ഞിന്റെ ദേഹത്തിനു മുകളിൽ പിടിച്ചു. ഞാൻ രണ്ടുപേർക്കും ഈ കുഞ്ഞിന്റെ പാതിവീതം തരാൻ പോകയാണ്," രാജാവ് ഇങ്ങനെ പറഞ്ഞുകൊണ്ട് വാളുകൊണ്ട് കുട്ടിയെ വെട്ടാനോങ്ങി.

അതു കണ്ടപ്പോൾ ഒന്നാമത്തെ സ്ത്രീ പറഞ്ഞു: "എനിക്ക് കുഞ്ഞിനെ വേണ്ട, അവൾക്ക് കൊടുത്താലും വേണ്ടില്ല. കുഞ്ഞിനെ പങ്കുവെക്കാൻ ഞാൻ സമ്മതിക്കില്ല."

ഒന്നാമത്തവളുടെ കരച്ചിലോടുകൂടിയ ആ വാക്കുകൾ സോളമൻ രാജാവ് മനസിലാക്കി, അവളാണ് ആ കുഞ്ഞിന്റെ യഥാർഥ അമ്മയെന്ന്. കുഞ്ഞിനെ രാജാവ് അവൾക്ക് കൊടുത്തു. രണ്ടാമത്തവളെ തട്ടിപ്പ് നടത്തിയതിന് കാരാഗൃഹത്തിലടയ്ക്കുകയും ചെയ്തു.

## 56. ഭീമസേനനും രാക്ഷസനും

പാണ്ഡവന്മാരുടെ വനവാസകാലത്ത് കാട്ടിൽ രാക്ഷസനുണ്ടായിരുന്നു. ബകൻ എന്നാണവന്റെ പേര്.ഒരു വണ്ടി ചോറുമായി ഒരാൾ ദിവസവും അവന്റെ മുന്നിൽ ചെല്ലണം. രാക്ഷസൻ ആ ചോറും ആളെയും തിന്നും. ഒരു ദിവസം പാണ്ഡവന്മാരിൽ കരുത്തനായ ഭീമ സേനൻ ഒരു വീട്ടിലെ അമ്മയുടെ കരച്ചിൽ കേട്ട് അവിടെ ചെന്ന് വിവരം അന്വേഷിച്ചു. തന്റെ ഏകമകനെ ബകന് ഭക്ഷണമാക്കി കൈവിടണമല്ലോ എന്നതോർത്താണ് ആ അമ്മ കരഞ്ഞത്.

“അമ്മേ, അമ്മ വിഷമിക്കേണ്ട. അമ്മയുടെ മകന് പകരം ഞാൻ രാക്ഷസന്റെ അടുത്ത് പോകാം,” ഭീമൻ പറഞ്ഞു.

പിറ്റേന്ന് സമയമായപ്പോൾ ഭീമൻ ഒരു വണ്ടി ചോറുമായി ബകന്റെ വാസസ്ഥലത്തേക്ക് പുറപ്പെട്ടു. ചോറെലാം ഭീമൻ വയറ്റിലാക്കിക്കൊണ്ടിരുന്നു. അതുകണ്ട് ബകൻ കോപിച്ച് ഓടിയെത്തി, ഭീമനെ ആക്രമിക്കാനൊരുങ്ങി.

പക്ഷേ ഭീമൻ വൻമരങ്ങൾ പിഴുതെടുത്ത് ആ ഭീകര രാക്ഷസനെ അടിക്കാൻ തുടങ്ങി. അടികൊണ്ടപ്പോൾ ബകൻ തലതല്ലി താഴെ വീണു. ശക്തനായ ഭീമൻ ആ രാക്ഷസനെ നിഷ്പ്രയാസം കൊന്നു.

അതോടെ ജനങ്ങൾക്ക് ഭയംകൂടാതെ ജീവിക്കാമെന്ന സ്ഥിതിയുണ്ടായി. ഭീമന്റെ ധൈര്യത്തെയും ത്യാഗത്തെയും എല്ലാവരും പുകഴ്ത്തി.

## <u>57. ചെമ്മുഖനും ദുർമുഖനും</u>

ഒരു കാടിനടുത്തുള്ള തടാകത്തിൽ ദുർമുഖൻ എന്ന പേരുള്ള ഒരു മുതല താമസിച്ചിരുന്നു. അവൻ തീരത്ത് കയറിക്കിടക്കുമ്പോൾ അവന് ഒരു മാമ്പഴം കിട്ടി.

തീരത്തുള്ള മാവിന്റെ മുകളിൽ ചെമ്മുഖൻ എന്നൊരു കുരങ്ങൻ താമസിക്കുന്നുണ്ട്. അവനാണ് ദുർമുഖന് ആ മാമ്പഴം ഇട്ടുകൊടുത്തത്. ദുർമുഖൻ മാമ്പഴം തിന്നു. നല്ല മധുരം. അവൻ ചെമ്മുഖനോട് വീണ്ടും മാമ്പഴം ചോദിച്ചു. ചെമ്മുഖൻ പിന്നെയും മാമ്പഴം ദുർമുഖനു കൊടുത്തു.

അങ്ങനെ അവർ ചങ്ങാതിമാരായി. എന്നാൽ ദുർമുഖന്റെ ഭാര്യക്ക് ചെമ്മുഖന്റെ ഹൃദയം തിന്നണമെന്ന് മോഹമായി. ഭാര്യയുടെ ആശ നിറവേറ്റാൻ ദുർമുഖൻ

ഒരു സൂത്രമെടുത്തു. തന്റെ വീട്ടിലേക്ക് വിരുന്നിന് വരാൻ ചെമ്മുഖനെ ദുർമുഖൻ ക്ഷണിച്ചു.

ചെമ്മുഖൻ ക്ഷണം സ്വീകരിച്ചു. ദുർമുഖൻ അവനെ തന്റെ പുറത്തിരുത്തി വീട്ടിലേക്ക് നീന്തി. തടാകത്തിന്റെ നടുക്കെത്തി. അപ്പോൾ ദുർമുഖൻ ചെമ്മുഖനോട് തന്റെ ഭാര്യയുടെ ആഗ്രഹം അറിയിച്ചു. ചെമ്മുഖന്റെ മധുരമുള്ള ഹൃദയം അവൾക്ക് തിന്നാനാണ് താൻ അവനെ വീട്ടിലേക്ക് കൊണ്ടു പോകുന്നതെന്ന സത്യം ദുർമുഖൻ ചങ്ങാതിയോട് പറഞ്ഞു. ചെമ്മുഖന് പേടിയായി. അവൻ ഒരു സൂത്രമെടുത്തു. "ദുർമുഖാ, എന്റെ മധുരമുള്ള ഹൃദയം മാവിൻ മുകളിൽ ഞാൻ മറന്നുവെച്ചു, ചെമ്മുഖൻ പറഞ്ഞു.

“എങ്കിൽ നമുക്ക് അത് ചെന്ന് എടുത്തുവരാം,” ദുർമുഖൻ നിർദ്ദേശിച്ചു. അങ്ങനെ അവർ മാവിൻചുവട്ടിലേക്ക് മടങ്ങി. മാവിൻചുവട്ടിലെത്തിയപ്പോൾ ചെമ്മുഖൻ മാവിലേക്ക് ഓടിക്കയറി.

“എടാ, വിഡ്ഢി, മാവിന്റെ മുകളിൽ എന്റെ ഹൃദയമൊന്നും ഇരിപ്പില്ല,” ചെമ്മുഖൻ അവിടെയിരുന്ന് വിളിച്ചു പറഞ്ഞു, “നീ എന്നെ കൊല്ലാൻ കൊണ്ടുപോകയാണ് അല്ലേ. ആ

പൂതി മനസിലിരിക്കട്ടെ. റ്റാറ്റാ... ഗുഡ്ബൈ.”

## 58. നീലക്കുറുക്കന്റെ രാജ്യഭരണം

നെയ്ത്തുകാരന്റെ വീട്ടിൽ കോഴിയെ പിടിക്കാൻ ചെന്ന ഒരു കുറുക്കൻ ചായം നിറച്ചുവച്ചിരുന്ന ടാങ്കിൽ ചെന്നു ചാടി. അതിൽ കിടന്ന് നീന്തി പുറത്തുകടന്നപ്പോൾ കുറുക്കന്റെ നിറം നീലയായി. ആ നീലക്കുറുക്കനെ മറ്റു

കുറുക്കന്മാർ മനസിലാക്കിയില്ല. അതുകണ്ടപ്പോൾ കുറുക്കൻ ഒരു സൂത്രമെടുത്തു.

നിങ്ങളുടെ രാജാവാകുവാൻ ദൈവം അയച്ചിട്ടുള്ള രാജ മൃഗമാണ് ഞാൻ എന്ന് കണ്ട മൃഗങ്ങളോടെല്ലാം അവൻ പറഞ്ഞു.

കാട്ടിലെ മൃഗങ്ങളൊക്കെ നീലക്കുറുക്കൻ പറഞ്ഞത് സത്യമാണെന്ന് കരുതി അവനെ രാജാവാക്കി.

ആ നീലക്കുറുക്കനെ സിംഹവും പുലിയും കാട്ടാനയും കരടിയുമെല്ലാം ചെന്ന് കണ്ട് വണങ്ങി. എന്നാൽ മറ്റ് കുറുക്കന്മാർക്ക് നീലക്കുറുക്കൻ വെറും കുറുക്കനാണെന്ന് സംശയമുണ്ടായി. ഒരു ദിവസം അവരെല്ലാം ചേർന്ന് നീലക്കുറുക്കന്റെ കൊട്ടാരത്തിനടുത്ത് ചെന്ന് ഓരിയിട്ടു. "കൂ-കൂഊഊ- കൂ-കൂഊഊ-"

ആ ശബ്ദം കേട്ട് നീലക്കുറുക്കനും പെട്ടെന്ന് പഴയ സ്വഭാവത്തിന് കുറുക്കന്മാരോടൊപ്പം ഓരിയിട്ടു. കള്ളി വെളിച്ചത്തായി. ഉടനെ സിംഹം വന്ന് നീലക്കുറുക്കനെ സിംഹാസനത്തിൽനിന്ന് ഓടിച്ചു. ആ കള്ളക്കുറുക്കനെ മറ്റു കുറുക്കന്മാരും കൂട്ടത്തിൽ കൂട്ടിയില്ല.

## 59. കാട്ടാളനും അരയന്നവും

വേട്ടയാടി നടന്ന ഒരു കാട്ടാളൻ ക്ഷീണിച്ചപ്പോൾ മരത്തണലിൽ വിശ്രമിക്കാൻ കിടന്നു.

നട്ടുച്ചയായപ്പോൾ കാട്ടാളന്റെ മുഖത്ത് വെയിൽ പതിക്കാൻ തുടങ്ങി.

അപ്പോൾ ആ മരത്തിനു മുകളിലിരുന്ന ഒരു അരയന്ന ത്തിന് കാട്ടാളനോട് സഹതാപം തോന്നി. അരയന്നം

ചിറക് വിരിച്ച് കാട്ടാളന് തണൽ കൊടുത്തു. കാട്ടാളൻ അരയന്നത്തിന്റെ തണലിൽ സുഖമായി ഉറങ്ങി.

കാട്ടാളൻ വായ തുറന്നുകിടന്ന് ഉറങ്ങുന്നതു കണ്ട് അവിടെയെത്തിയ ഒരു കാക്ക കാട്ടാളന്റെ വായിലേക്ക് കാഷ്ഠിച്ച ശേഷം പറന്നുപോയി.

കാട്ടാളൻ കണ്ണുതുറന്ന് മേലോട്ട് നോക്കിയപ്പോൾ കണ്ടത് ചിറക് വിരിച്ച് മരത്തിന്മേലിരിക്കുന്ന അരയന്നത്തെയാണ്.

“നീയാണ് എന്റെ വായിലേക്ക് കാഷ്ഠിച്ചത് അല്ലേ?" എന്ന് പറഞ്ഞുകൊണ്ട് അമ്പും വില്ലുമെടുത്ത് അരയന്നത്തെ എയ്തു. അരയന്നം അമ്പുകൊണ്ട് താഴെ വീണു.

ദുഷ്ടനായ കാട്ടാളന് ഉപകാരം ചെയ്ത ആ അരയന്നം അവിടെ കിടന്ന് പിടഞ്ഞ് മരിച്ചു. സ

“ഒരു കാര്യവും ആലോചന കൂടാതെ ചെയ്യാൻ പാടില്ല.” എന്ന് പറഞ്ഞുകൊണ്ടാണ് ആ അരയന്നം മരണം വരിച്ചത്. കാട്ടാളന് കുറച്ചുകൂടെ ആലോചനയും വിവേകവും ഉണ്ടായിരുന്നെങ്കിൽ അയാൾ നല്ലവനായ അരയന്നത്തെ അമ്പെയ്ത് കൊല്ലുമായിരുന്നില്ല.

## 60. ആനകളും മുയലുകളും

ഒരു തടാകാനിന്റെ തീരത്ത് ഒരുപറ്റം മുയലുകൾ താമസിച്ചിരുന്നു.ധാരാളം പുല്ലും വെള്ളവുമുള്ളതു കൊണ്ട് അല്ലലൊന്നുമില്ലാതെ അവർ കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെ ഒരുപറ്റം ആനകൾ തടാകത്തിലേക്ക് വെള്ളമന്വേഷിച്ച് എത്തി. മുയലുകൾക്ക് ആനകളുടെ വരവ് വലിയ പ്രശ്നമായി, പുല്ലെല്ലാം ആനകൾ ചവിട്ടി നശിപ്പിച്ചു. വെള്ളമെല്ലാം കലക്കി. മുയലുകളുടെ

മാളങ്ങളിൽ ചവിട്ടി ഏതാനും കുഞ്ഞുങ്ങളെ കൊല്ലുകയും ചെയ്തു.

ആനകൾ തടാകത്തിൽ വരാതിരിക്കാൻ എന്താണ് വഴി? മുയലുകൾ കൂടിയാലോചിച്ചു.

"ഞാൻ ഒരു വഴി കണ്ടിട്ടുണ്ട്," നിപുണൻ എന്ന മുയൽ പറഞ്ഞു.

ആനകൾ വെള്ളം കുടിക്കാൻ രാത്രിയിൽ തടാകത്തിന്റെ തീരത്ത് എത്തിയപ്പോൾ നിപുണൻ ഒരു പാറക്കെട്ടിന് മുകളിലിരുന്ന് ഇങ്ങനെ പറഞ്ഞു.

"ആനച്ചേട്ടന്മാരേ, ഞങ്ങൾ മുയലുകൾ ചന്ദ്രഭഗവാന്റെ മക്കളാണ്. നിങ്ങൾ ഈ തടാകത്തിലേക്ക് വരാൻ

തുടങ്ങിയതു മുതൽ ഞങ്ങൾക്ക് പല കഷ്ടതകളും ഉണ്ടായിട്ടുണ്ട്. അത് കണ്ട് ചന്ദ്രഭഗവാൻ കോപിച്ചിരിക്കയാണ്.

നിങ്ങൾ തടാകത്തിൽ നോക്കിയാൽ ചന്ദ്രഭഗവാൻ കോപം കൊണ്ട് വിറയ്ക്കുന്നത് കാണാം."

ആനകൾ ആ മുയൽ പറയുന്നത് ശരിയാണോയെന്ന് തടാകത്തിൽ നോക്കി.

ചന്ദ്രന്റെ പ്രതിബിംബം വെള്ളത്തിൽ അലകളിൽ ഇളകുന്നത് കണ്ടപ്പോൾ നിപുണൻ പറഞ്ഞത് ശരിയാണെന്ന് അവർ മനസിലാക്കി. അവർ മടങ്ങിപ്പോയി. പിന്നെ അവർ ആ വഴിക്ക് വന്നില്ല.നിപുണന്റെ മിടുക്കുകൊണ്ട് മുയലുകൾ രക്ഷപ്പെട്ടു.

## 61.പുലിത്തോലിട്ട കഴുത

പണ്ട് പിശുക്കനായ ഒരു കച്ചവടക്കാരന് ഒരു കഴുതയുണ്ടായിരുന്നു.കഴുതയെക്കൊണ്ട് അയാൾ ധാരാളം ചുമട്

ചുമപ്പിച്ചിരുന്നെങ്കിലും കഴുതക്ക് വിശപ്പ് മാറാനുള്ള ഭക്ഷണം പോലും കൊടുത്തിരുന്നില്ല. കഴുത പട്ടിണികിടന്ന് പരവശനായി,

കഴുതയുടെ വിശപ്പ് മാറ്റാൻ കച്ചവടക്കാരൻ ചെയ്ത തെന്തോ? കച്ചവടക്കാരൻ ഒരു ദിവസം തന്റെ കൈവശമുണ്ടായിരുന്ന പുലിത്തോൽ എടുത്ത് കഴുതയുടെ ശരീരം മൂടി. എന്നിട്ട് അതിനെ അടുത്തുള്ള ഒരു കൃഷിക്കാരന്റെ വയലിലേക്ക് കൊണ്ടുപോയി വിട്ടു.

കഴുത ആ വയലിലെ ധാന്യങ്ങളെല്ലാം തിന്ന് സുഖമായി നടന്നു.

കഴുതയെ കണ്ടവരെല്ലാം അത് പുലിതന്നെയാണെന്ന് കരുതി അടുത്തെങ്ങും ചെന്നില്ല. പക്ഷേ കൃഷിക്കാരന് തന്റെ ധാന്യങ്ങൾ തിന്നുപോയതു കണ്ട് പുലിവേഷം കെട്ടിയ കഴുതയെക്കുറിച്ച് സംശയമുണ്ടായി.

അയാൾ തന്റെ കഴുതയെ പുലിവേഷം കെട്ടിയ കഴുത യുടെ അടുത്തേക്ക് വിട്ടു. അതിനെ കണ്ടയുടനെ പുലിവേഷക്കാരൻ കഴുത "ബ്രേ-ബ്രേ-" എന്നിങ്ങനെ മൂളാൻ തുടങ്ങി.

അതു കേട്ടപ്പോൾ കൃഷിക്കാരന് പുലിയല്ല തന്റെ വയലിൽ കൃഷിയെല്ലാം തിന്നുനശിപ്പിച്ച് നടക്കുന്നതെന്ന് മനസിലായി. ഉടനെ കൃഷിക്കാരൻ തന്റെ അമ്പും വില്ലു മെടുത്ത് ആ കഴുതയെ അമ്പെയ്ത് കൊന്നു.അങ്ങനെ ആ പിശുക്കന് കഴുത നഷ്ടമായി.

## <u>62. ആരാണ് കൂട്ടുകാരൻ?</u>

ഒരിക്കൽ രാമുവും രാജുവും ഒരു കാട്ടിലൂടെ യാത്ര ചെയ്യുകയായിരുന്നു. രാജുവിന് വലതുകാലിന് മുടന്തുള്ളതുകൊണ്ടാണ് രാമു വിനെ കൂട്ടിന് വിളിച്ചത്.

ജീവൻ പണയംവെച്ചായാലും നിന്നെ ഞാൻ രക്ഷിക്കും. നീ എനിക്ക് ജീവനാണ്.

രാമു ഇങ്ങനെ ഒരുപാട് വലിയ വാചകങ്ങൾ തട്ടിവിട്ടു. രാജു അതെല്ലാം വിശ്വസിച്ച് നടന്നു.

പെട്ടെന്ന് അവരുടെ മുന്നിലേക്ക് ഒരു കരടി വരുന്നത് അവർ കണ്ടു. രാമു ഉടനെ അടുത്തുകണ്ട മരത്തിൽ ചാടിക്കയറി.

രാജുവിന്റെ കാലിനു മുടന്ത് ഉള്ളതിനാൽ അവന് ഓടിരക്ഷപ്പെടാൻ കഴിഞ്ഞില്ല. എന്തും വരട്ടെ എന്ന് കരുതി രാജു തറയിൽ കമിഴ്ന്ന് കിടന്നു.

ശ്വാസമടക്കിക്കൊണ്ട് കിടന്ന അവന്റെ അടുത്ത് കരടി വന്നു. അവനെ മണത്തുനോക്കി. അതൊരു ശവമാണെന്ന് കരുതി ഉപദ്രവിക്കാതെ കരടി നടന്നുപോയി.

കരടി പോയിക്കഴിഞ്ഞപ്പോൾ രാമു മരത്തിൽനിന്ന് താഴെയിറങ്ങി. എന്നിട്ട് രാജുവിനോട് ചോദിച്ചു:

“കരടി നിന്നോട് എന്താണ് പറഞ്ഞത്?” “ആപത്തിൽ കൈവെടിയുന്ന ഒരുവനെ കൂട്ടുകാരനായി കൊണ്ടുനടക്കരുത് എന്ന്,” രാജു തട്ടിവിട്ടു. അതു കേട്ട് രാമു ലജ്ജിച്ച് തലതാഴ്ത്തി. . . . നാം നമ്മുടെ കൂട്ടുകാരോട് ആത്മാർഥത പുലർത്തണം.അവരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നതെല്ലാം ചെയ്യണം.

## 63. മുയലിന്റെ കൗശലം

കാട്ടിലെ രാജാവായിരുന്ന സിംഹം കണ്ണിൽകണ്ട മൃഗ ങ്ങളെയെല്ലാം കൊന്നുകൊണ്ടിരുന്നു. മൃഗങ്ങളെല്ലാം പേടിച്ച് കഴിഞ്ഞു കൂടി. സിംഹത്തിനെ കണ്ട് ഒരു നിവേദനം സമർപ്പിക്കാൻ മൃഗങ്ങളെല്ലാം തീരുമാനിച്ചു. ഓരോ ദിവസവും ഓരോ മൃഗം സിംഹത്തിന്

ആഹാരമാകാൻ വേണ്ടി അവന്റെ മുന്നിൽ ചെന്നുകൊള്ളാമെന്നും മറ്റു മൃഗങ്ങളെ ഉപദ്രവിക്കരുതെന്നുമായിരുന്നു നിവേദനത്തിൽ പറഞ്ഞിരുന്നത്. സിംഹം അത് സമ്മതിച്ചു. ഓരോ ദിവസവും ഓരോ മൃഗങ്ങൾ വീതം സിംഹരാജന്റെ മുന്നിൽ ഭക്ഷണമാകാൻ പോയിക്കൊണ്ടിരുന്നു. അങ്ങനെ അടുത്ത ദിവസം സിംഹത്തിന് ഭക്ഷണമാകാൻ പോകേണ്ടത് ഒരു മുയലായിരുന്നു. അവൻ സിംഹത്തിന്റെ കഥകഴിക്കണമെന്ന് തീരുമാനിച്ചിട്ടാണ് മാളത്തിൽ നിന്നിറങ്ങിയത്.സിംഹത്തിനു മുന്നിൽ മുയൽ എത്തിയത് വളരെ വൈകിയായിരുന്നു. "എന്താ, നീ വൈകിയത്?" സിംഹം അലറി.

"തിരുമേനീ, വഴിക്ക് അങ്ങയെക്കാൾ വലിയൊരു സിംഹം എന്നെ തടഞ്ഞുനിർത്തി," മുയൽ പറഞ്ഞു. "എന്നെക്കാൾ വലിയവനോ? എവിടെ? "

"വാ, തിരുമേനീ, ഞാൻ കാണിച്ചുതരാം."

മുയൽ സിംഹത്തെ കൊണ്ടുപോയി ഒരു പൊട്ടക്കിണറിനുള്ളിലേക്ക് ചൂണ്ടിക്കാട്ടി.

സിംഹം അതിനകത്തേക്ക് നോക്കി ഗർജിച്ചു. ഉടനെ കിണറ്റിൽ നിന്നും പ്രതിധ്വനിയായി വലിയ ഗർജനം കേട്ടു. കിണറ്റിൽ തന്റെ പ്രതിച്ഛായ കണ്ട് അത് മറ്റൊരു സിംഹമാണെന്ന് കരുതി പരാക്രമിയായ സിംഹം അവനെ ആക്രമിക്കാൻ കിണറ്റിലേക്ക് കുതിച്ചുചാടി. അതോടെ അവന്റെ കഥ കഴിഞ്ഞു. മുയൽ സമാധാനത്തോടെ വീട്ടിലേക്ക് മടങ്ങി.

## 64. കഴുതയുടെ ബുദ്ധി

ഒരു കച്ചവടക്കാരന് ഒരു കഴുതയുണ്ടായിരുന്നു. അയാൾ സാമാനങ്ങൾ വാങ്ങി കഴുതയുടെ പുറത്തുവെച്ച്

കൊണ്ടു പോയി വിറ്റ് ലാഭമുണ്ടാക്കിയാണ് ജീവിച്ചിരുന്നത്.

ഒരു ദിവസം ഒരു ചാക്ക് ഉപ്പ് വാങ്ങി കഴുതയുടെ പുറത്തുവെച്ച് അയാൾ വില്ക്കാൻ കൊണ്ടുപോകയായി രുന്നു.

വഴിക്ക് ഒരു പുഴയുടെ മീതെയുള്ള പാലത്തിന്മേൽകൂടി പോകുമ്പോൾ കഴുത കാൽവഴുതി പുഴയിൽ വീണു. പുഴയ്ക്ക് ആഴം കുറവായതുകൊണ്ട് കഴുതക്ക് ഒന്നും പറ്റിയില്ല. എന്നാൽ കഴുതയുടെ പുറത്തുണ്ടായിരുന്ന ചാക്കിലെ ഉപ്പ് പകുതിയും വെള്ളത്തിൽ അലിഞ്ഞു പോയി.

കച്ചവടക്കാരൻ കഴുതയെ കരയ്ക്കുകയറ്റി യാത്ര തുടർന്നു. ഉപ്പ് പാതിയും വെള്ളത്തിലലിഞ്ഞുപോയതു കൊണ്ട് കഴുതയ്ക്ക് സുഖമായി. ഭാരം കുറഞ്ഞല്ലോ. പിറ്റേന്ന് കച്ചവടക്കാരൻ ഒരു ചാക്ക് പഞ്ഞിയാണ് കഴു തയുടെ പുറത്ത് കയറ്റി വില്ക്കാൻ കൊണ്ടുപോയി രുന്നത്. പഞ്ഞിയുടെ ഭാരം കുറവാണെങ്കിലും മടിയനായ കഴുത അതിന്റെ ഭാരം പിന്നെയും കുറയ്ക്കണമെന്ന് ആഗ്രഹിച്ചു. അതിന് കഴുത ചെയ്ത സൂത്രം എന്തായിരുന്നെന്നോ?

പുഴയിലേക്ക് വീഴുക. കഴുത സൂത്രത്തിൽ പുഴയിലേക്ക് വീണു. പക്ഷേ ഇത്തവണ എന്താണെന്നോ?

ചാക്കും അതിലെ പഞ്ഞിയും വെള്ളം കുടിച്ച് തൂക്കം ഇരട്ടിയായി. ഭാരംകൊണ്ട് കഴുത കഷ്ടത്തിലായി. ഉപ്പ് വെള്ളത്തിൽ വീണപ്പോൾ ഭാരം കുറഞ്ഞതുപോലെ പഞ്ഞിക്കും ഭാരം കുറയുമെന്ന് ചിന്തിച്ച കഴുതയുടെ ബുദ്ധി ഒന്ന് ആലോചിച്ചു നോക്കൂ.

## 65. കൊടുക്കുന്നതേ കിട്ടു

കുന്നിൻചരിവിലുള്ള ഒരു വീട്ടിലാണ് ബിജുക്കുട്ടൻ താമസിക്കുന്നത്. അവൻ ഒരു ദിവസം കളിക്കാൻ കുന്നിന്റെ താഴ്‌വരയിൽ ചെന്നു. അപ്പോൾ അവന്റെ പിറകേ ഒരു പട്ടി ഓടിയെത്തി.

“പോടാ, പട്ടീ!” ബിജുക്കുട്ടൻ പറഞ്ഞു.

അപ്പോൾ അകലെനിന്ന് ആരോ, “പോടാ പട്ടീ” എന്ന് പറയുന്നത് അവൻ കേട്ടു.

“നീ പോടാ, തെമ്മാടീ!" ബിജുക്കുട്ടൻ വീണ്ടും പറഞ്ഞു.

“നീ പോടാ, തെമ്മാടീ,” അകലെനിന്ന് വീണ്ടും ശബ്ദം.

ബിജുക്കുട്ടൻ വീട്ടിലേക്കോടി. അവൻ അവിടെ ചെന്ന് അച്ഛനോട് പറഞ്ഞു. മലയുടെ താഴ്‌വരയിൽനിന്ന് ഒരാൾ എന്നോട് “പോടാ, പട്ടീ” എന്ന് പറഞ്ഞു.

“അപ്പോൾ നീ എന്തുപറഞ്ഞു?'

ഞാൻ അയാളെ “തെമ്മാടി” എന്ന് വിളിച്ചു. അപ്പോൾ അയാൾ എന്നെയും “തെമ്മാടി എന്ന് വിളിച്ചു അച്ഛാ”

“മകനേ, ഇനി നീ അവിടെ ചെന്ന് ‘എന്റെ നല്ല ചങ്ങാതി’ എന്ന് വിളിച്ചു നോക്കൂ."

അച്ഛൻ പറഞ്ഞത് ബിജുക്കുട്ടൻ അനുസരിച്ചു. “എന്റെ നല്ല ചങ്ങാതീ!" എന്ന വിളിയാണ് അവിടെനിന്ന് കേട്ടത്. ഉടനെ ചെന്ന് ഉണ്ടായ കാര്യം അച്ഛനോട് പറഞ്ഞു.

“മകനേ, നാം മറ്റുള്ളവരോട് നന്നായി പെരുമാറിയാൽ അവരും നമ്മോട് അങ്ങനെ പെരുമാറും. നീ കേട്ടത് നീ പറഞ്ഞതിന്റെ പ്രതിധ്വനിയാണ്. നല്ല പ്രതിധ്വനി ഉണ്ടാകണമെങ്കിൽ നാം നല്ല കാര്യങ്ങൾ പറയണം."

## 66. രണ്ടാനമ്മയുടെ ഗതികേട്

അനിതയ്ക്ക് അമ്മയില്ല. അവളുടെ രണ്ടാനമ്മയ്ക്ക് ഒരു മകളുണ്ട് സുനിത. രണ്ടാനമ്മ അനിതയെക്കൊണ്ട് മാത്രം എല്ലാ വീട്ടുജോലികളും ചെയ്യിച്ചുവന്നു.

ഒരു ദിവസം അനിത വെള്ളം കോരാൻ ദൂരെയുള്ള കിണറിൻകരയിലെത്തി. മടങ്ങുമ്പോൾ ഒരു വൃദ്ധ വഴിയിൽ വീണു കിടക്കുന്നത് കണ്ടു. അനിത വെള്ളം കുടം താഴെവെച്ച് വൃദ്ധയെ താങ്ങിയെണീപ്പിച്ചിരുത്തി പരിചരിച്ചു.

പെട്ടെന്ന് വൃദ്ധ ഒരു ദേവതയായി മാറി. ദേവത അനി തയെ അനുഗ്രഹിച്ചു. അനിത വീട്ടിലെത്തിയപ്പോൾ വൈകിയതിന് രണ്ടാനമ്മ അനിതയെ ശകാരിച്ചു. അനിത ഉണ്ടായ സംഭവം വിവരിച്ചു. അവൾ ഓരോ വാക്ക് പറയുമ്പോഴും വായിൽനിന്ന് മുത്തു മണികൾ ഉതിർന്നുവീണുകൊണ്ടിരുന്നു. അതു കണ്ടപ്പോൾ അതിന്റെ രഹസ്യം രണ്ടാനമ്മയ്ക്ക് പിടികിട്ടി.

രണ്ടാനമ്മ ഉടനെ സുനിതയെ വെള്ളം കൊണ്ടുവരാൻ പറഞ്ഞുവിട്ടു. അവൾ വഴിയിൽ വൃദ്ധ കിടക്കുന്നതു കണ്ടു. ആ തള്ള കുടിക്കാൻ വെള്ളം ചോദിച്ചിട്ട് സുനിത കൊടുത്തില്ല. അവൾ തള്ളയെ ശകാരിക്കയും ചെയ്തു.

“നീ ഇനി സംസാരിക്കുമ്പോൾ വായിൽനിന്ന് പാമ്പും തേളും വരട്ടെ,” തള്ള സുനിതയെ ശപിച്ചു. സുനിതയ്ക്ക് ആ ശാപം ഫലിച്ചു.

അവൾ വീട്ടിൽ ചെന്ന് തന്നെ വെള്ളം കോരാൻ വിട്ടതിനും വൃദ്ധ ശപിച്ചതിനും അമ്മയെ ശകാരിച്ചു. അപ്പോൾ ഉണ്ടായതെന്തെന്നോ? സുനിത ഓരോ വാക്ക് പറഞ്ഞപ്പോഴും വായിൽനിന്ന് പാമ്പും തേളും പുറത്തുവരാൻ തുടങ്ങി. അവ രണ്ടാനമ്മയെ ആക്രമിക്കാനെത്തി. ഗതികെട്ട്

രണ്ടാനമ്മ ആ വീട് വിട്ട് എവിടെയ്ക്കോ ഓടിമറഞ്ഞു.

## 67. അധ്വാനിക്കുന്ന മക്കൾ

ഒരു ധനികന് രണ്ടു മക്കളുണ്ടായിരുന്നു. ധനികനാണെങ്കിലും അദ്ദേഹം എന്തു ജോലിയും അഭിമാനത്തോടെ ചെയ്തുവന്നു. മക്കളെയും തൊഴിലിന്റെ മഹത്വം അദ്ദേഹം പറഞ്ഞു മനസിലാക്കി.

വലിയ ദാനശീലനായിരുന്നതുകൊണ്ട് അദ്ദേഹം ഉള്ളതൊക്കെ പാവങ്ങൾക്ക് കൊടുത്ത് ദരിദ്രനായി. അങ്ങനെയിരിക്കെ അദ്ദേഹം പണിയെടുത്തു കൊണ്ടിരിക്കുമ്പോൾ ഒര ദിവസം വീണ് നട്ടെല്ല് ഒടിഞ്ഞ് കിടപ്പിലായി. അങ്ങനെ കിടക്കുന്ന അദ്ദേഹത്തിന് ഒരു ദിവസം പള്ളിയിൽ പോകണമെന് ആശയുണ്ടായി.

“അച്ഛൻ വണ്ടിയിൽ കയറിക്കൊള്ളൂ,” മക്കൾ പറഞ്ഞു. “അതിന് നമുക്ക് കുതിരകളില്ലല്ലോ, മക്കളേ!" “ഞങ്ങൾ വലിച്ചുകൊള്ളാം." മക്കൾ വണ്ടിവലിച്ച് പിതാവിനെ പള്ളിയിൽ കൊണ്ടു പോയികൊണ്ടുവന്നു.

അവരുടെ പിതൃസ്നേഹത്തെ നാട്ടുകാർ പുകഴ്ത്തി. വണ്ടി വലിച്ചതിന് ചിലർ അവരെ കളിയാക്കിയെങ്കിലും ഏത് തൊഴിലും മഹത്തായതാണെന്ന് അവർ പറഞ്ഞു മനസിലാക്കി കൊടുത്തപ്പോൾ കളിയാക്കിയവരും ആ മക്കളെ അഭിനന്ദിക്കയാണുണ്ടായത്.

ആ മക്കളുടെ പിതൃസ്നേഹവും ബഹുമാനവും കേട്ടറിഞ്ഞ രാജാവ് അവര വിളിച്ചുവരുത്തി രാജധാനിയിൽ ഉദ്യോഗസ്ഥരായി നിയമിച്ചു.

ഏതു പണിയും പുണ്യമാണെന്നും പിതാവിനെ ശുശ്രൂശിക്കുന്നത് മഹാപുണ്യമാണെന്നും തെളിയിച്ച

അധ്വാനശീലരായ ആ മക്കൾ ഉദ്യോഗത്തിൽ ഉയർന്ന് രാജ്യത്തെ മന്ത്രിമാരായി മാറി.

## 68. ആൽമരവും പുൽച്ചെടിയും

അമ്പലനടയിൽ നിന്നിരുന്ന ആൽമരം വലിയ അഹങ്കാരിയായിരുന്നു. ചെറുമരങ്ങളെയൊക്കെ അവൻ കളിയാക്കി. ഒരു പുൽച്ചെടി ഒരു ദിവസം ആൽമരത്തിനോട് പറഞ്ഞു:

“അങ്ങ് വലിയവനാണെന്ന് വെച്ച് ചെറിയവരെ കളിയാക്കേണ്ട കാര്യമില്ല. അങ്ങയെപ്പോലെ വലുതാകാൻ ഞങ്ങൾക്ക് സാധിക്കില്ല. ഞങ്ങളെപ്പോലെ ചെറുതാകാൻ അങ്ങേക്കും സാധിക്കില്ലല്ലോ.”

“ങ്ഹും, നിന്നെപ്പോലെ ചെറുതായി ജീവിച്ചിട്ട് എന്താണ് കാര്യം? അത് നാണക്കേടാണ്."

ആൽമരം അങ്ങനെ പറഞ്ഞു നില്ക്കുമ്പോൾ പെട്ടെന്ന് ഒരു കാറ്റ് വീശി. അത് ഒരു കൊടുങ്കാറ്റായി മാറി. ആൽമരം ചരിഞ്ഞു. അതിന്റെ വേരുകൾ മുറിഞ്ഞു. ആ വമ്പൻ മരം വലിയ ഒരു ശബ്ദത്തോടെ നിലത്ത് തലതല്ലി കടപറിഞ്ഞു വീണു.

അവിടെ കിടന്നുകൊണ്ട് ആൽമരം പുൽച്ചെടിയെ നോക്കി.

പുൽച്ചെടി ഓരോ തവണ കാറ്റ് വീശുമ്പോഴും കുനിഞ്ഞ് കാറ്റിനെ വണങ്ങി. അങ്ങനെ അത് കാറ്റിന്റെ അനുഗ്രഹം സ്വീകരിച്ച് തലയാട്ടി ഒരു കേടും കൂടാതെ അവിടെ നില്ക്കുകയായിരുന്നു. പുൽച്ചെടിയുടെ വലുപ്പക്കുറവും തലകുനിക്കാനുള്ള എളിമയുംകൊണ്ട് അവൻ അപകടമൊന്നും കൂടാതെ രക്ഷപ്പെട്ടു. എന്നാൽ ആൽമരം

അഹങ്കാരംമൂലം കാറ്റിനെ വണങ്ങിയില്ല. അവൻ കടപറിഞ്ഞ് വീഴുകയും ചെയ്തു.

## 69. വെട്ടിലായ തട്ടിപ്പുകാരൻ

സുഗുണനും നിർഗുണനും കൂട്ടുകാരാണ് അവർ രണ്ടാളും കൂടി ഒരു ദിവസം ഒരു യാത്രപോയി.

വഴിയിൽ ഒരു സഞ്ചിനിറയെ എന്തോ കിടക്കുന്നത് അവർ കണ്ടെത്തി. നിർഗുണൻ സഞ്ചി തുറന്നുനോക്കിയപ്പോൾ അതിൽ നിറയെ സ്വർണനാണയങ്ങളാണെന്ന് മനസിലാക്കി. നിർഗുണൻ അത് കൈയിലെടുത്ത് യാത്ര തുടർന്നു.

“സ്വർണനാണയത്തിൽ പകുതി എനിക്കുള്ളതല്ലേ?” സുഗുണൻ ചോദിച്ചു.

“നിനക്കോ? ഇത് എനിക്ക് കിട്ടിയതാണ്. ഒരൊറ്റ നാണയവും ഞാൻ നിനക്ക് തരില്ല,” അങ്ങനെ പറഞ്ഞ് നിർഗുണൻ കിട്ടിയതുമുഴുവൻ അവന്റെ വീട്ടിലേക്ക് കൊണ്ടു പോയി. അത് രാജാവിനെ ഏല്പിക്കയാണ് വേണ്ടതെന്ന് സുഗുണൻ നിർഗുണനെ ഉപദേശിച്ചു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ രാജാവിന്റെ ഭടന്മാർ വന്ന് നിർഗുണനെ അറസ്റ്റുചെയ്തു. രാജധാനിയിൽ ചെന്നപ്പോൾ നിർഗുണൻ പറഞ്ഞു സുഗുണൻ പറഞ്ഞിട്ടാണ് താൻ ആ നാണയം വീട്ടിലേക്ക് കൊണ്ടുപോന്നതെന്ന്.

പക്ഷേ നിർഗുണന്റെ നുണകളൊന്നും അവിടെ ഫലിച്ചില്ല. രാജാവ് നിർഗുണനെ തട്ടിപ്പുനടത്തിയതിന് ജയിലിലിലടച്ചു. ഖജനാവിൽനിന്ന് കൊള്ളക്കാർ മോഷ്ടിച്ച്കൊണ്ടുപോകുമ്പോൾ വഴിയിൽ വീണുപോയതായിരുന്നു ആ നാണയ സഞ്ചി

സുഗുണന്റെ ഉപദേശം സ്വീകരിച്ചിരുന്നുവെങ്കിൽ

നിർഗുണൻ ഇങ്ങനെ തട്ടിപ്പിന്റെ പേരിൽ ജയിലിലാകില്ലായിരുന്നു.

## 70. ആരാണ് സുന്ദരി?

ഒരു കുളത്തിൽ രണ്ടു പരൽമത്സ്യങ്ങൾ പാർത്തിരുന്നു.രണ്ടുപേരും വെളുത്തു തിളങ്ങുന്ന സുന്ദരികളായിരുന്നു. അവർ വെള്ളത്തിൽ തുള്ളിച്ചാടി നീന്തിക്കളിച്ച് രസിച്ചു.

അങ്ങനെയിരിക്കെ അവർക്ക് തങ്ങളിൽ ആരാണ് കൂടുതൽ സുന്ദരിയെന്ന് തർക്കമുണ്ടായി.

“എനിക്കാണ് നിന്നേക്കാൾ ഭംഗി,” ഒരുവൾ പറഞ്ഞു.

“അല്ലല്ല, ഞാനാണ് നിന്നേക്കാൾ സുന്ദരിയെന്നാണ് ഈ കുളത്തിലുള്ളവരെല്ലാം പറയുന്നത്."

“അങ്ങനെയോ? എല്ലാവരും മറിച്ച് പറയുന്നതാണ് ഞാൻ കേട്ടിട്ടുള്ളത്. " “എന്നാൽ നമുക്ക് തർക്കിക്കേണ്ട. നമുക്ക് ഇക്കാര്യത്തിൽ മുതലയച്ചന്റെ അഭിപ്രായം സ്വീകരിക്കാം.”

അങ്ങനെ അവർ മുതലയച്ചനോട് അഭിപ്രായം ചോദിച്ചു.

“നിങ്ങൾ രണ്ടാളും സുന്ദരിമാർതന്നെ. നിങ്ങൾ നന്നായി എന്റെയടുത്തു വന്നാൽ ഞാൻ എന്റെ അഭിപ്രായം പറയാം. നിങ്ങൾ മടിക്കാതെ അടുത്തു വരൂ, " മുതലയച്ചൻ ആവശ്യപ്പെട്ടു. മീൻസുന്ദരിമാർ അതനുസരിച്ചു.

അവർ രണ്ടുപേരും മത്സരിച്ച് മുന്നോട്ട് നീങ്ങി മുതല യുടെ വായുടെ തൊട്ടുമുന്നിലെത്തി. മുതല മുന്നോട്ടു നീങ്ങി വായ തുറന്നു. മീനുകൾ രണ്ടും മുതലയുടെ വായിലൂടെ വയറ്റിലെത്തി. അവരുടെ കഥകഴിഞ്ഞു.

അനാവശ്യമായി മത്സരിച്ചതിന്റെ ദുരന്തഫലം അവർ അനുഭവിച്ചു.

## 71. മൂന്ന് മുയലുകൾ

ഒരു മലയുടെ അടിവാരത്ത് മൂന്ന് മുയലുകൾ താമസിച്ചിരുന്നു. ഒന്നാമന്റെ പേര് 'ബുദ്ധിമാൻ'. അവന് ആപത്തുകൾ നേരത്തെ മനസിലാക്കി പ്രവർത്തിക്കാനറിയാം.

രണ്ടാമന്റെ പേര് 'ധൈര്യശാലി'. ആപത്തിൽ അകപ്പെട്ടാൽ അവൻ പേടിച്ച് വിലപിക്കാറില്ല. തന്ത്രപരമായി ആപത്തുകളിൽനിന്ന് രക്ഷപ്പെടാൻ അവനറിയാം.

മൂന്നാമന്റെ പേര് 'മടിയൻ' എന്നാണ്. ആപത്തുകൾ നോക്കി മനസിലാക്കാൻ ശ്രമിക്കാറില്ലവൻ. അപകടത്തിൽ പെട്ടാലും അതിൽനിന്നെങ്ങനെ രക്ഷപ്പെടാം എന്ന് ചിന്തിക്കാറുമില്ല. വരുന്നത് തടയാൻ പോയാൽ തോറ്റുപോകുമെന്ന് ഭയന്ന് ഒന്നും ചെയ്യാതെ സുഖിക്കാനാണ് അവനിഷ്ടം.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു വേടനും വേടത്തിയും ആ വഴി വന്നു.

“ഇവിടെ മൂന്നു മുയലുകളുണ്ട്. അവയെ കെണിവെച്ച് പിടിക്കണം,” വേടൻ വേടത്തിയോട് പറഞ്ഞു.

അതു കേട്ടപ്പോൾ മുയലുകളിൽ ബുദ്ധിമാൻ ഉടനെ അവിടെനിന്ന് താമസം മാറി.

വേടൻ കെണിവെച്ചു. ധൈര്യശാലിയും മടിയനും കെണിയിൽ കുടുങ്ങി.

വേടൻ വന്ന് നോക്കിയപ്പോൾ ധൈര്യശാലി ചത്തതു പോലെ കിടന്നു.

വേടൻ അവനെ എടുത്ത് പുറത്തുവെച്ചു. അവൻ ഉടനെ കുതിച്ച് ചാടി ഓടിരക്ഷപ്പെട്ടു.

മടിയനെ വേടൻ കൊണ്ടുപോയി കൊന്ന് കറിയുണ്ടാക്കി ക്കഴിച്ചു.

"മടി നമ്മുടെ തടി കേടാക്കും" എന്ന സത്യം മറക്കരുത്.

## 72. മന്ത്രി ആകേണ്ടതാര്?

പണ്ട് ഒരു രാജാവ് മന്ത്രിയെ തെരഞ്ഞെടുക്കാൻ ഒരു പരീക്ഷ നല്കി.ആദ്യറൗണ്ടിൽ വിജയിച്ച മൂന്ന് പേർക്കായിരുന്നു പരീക്ഷ.

ഓരോരുത്തർക്കും രാജാവ് ഓരോ മുറികൾ നല്കി. ഏറ്റവും നന്നായി മുറി അലങ്കരിക്കുന്ന ആൾക്കാണ് മന്ത്രി പദം നല്കുക. ആവശ്യമുള്ള പണം ഖജനാവിൽ നിന്ന് എടുക്കാം .

ഒന്നാമൻ ട്രഷറിയിൽനിന്ന് ആയിരം പണം എടുത്തു. മുറിയിൽ ഫർണീച്ചറുകൾ വാങ്ങിയിട്ടു. അലങ്കാരദീപങ്ങളും തോരണങ്ങളും കർട്ടനുകളെല്ലാം വാങ്ങി മുറി മനോഹരമാക്കി.

രണ്ടാമൻ പതിനായിരം പണം എടുത്തു. വിലപിടിച്ച മുത്തുമാലകൾ കൊണ്ടും ചിത്രങ്ങൾകൊണ്ടും മുറി മനോഹരമാക്കി. പൂവുകൾകൊണ്ട് അലങ്കരിച്ചു. കസേരകളിൽ വില പിടിച്ച കുഷ്യനുകളിട്ടു. പരവതാനികൾ കൊണ്ട് തറ അതി മനോഹരമാക്കി. മൂന്നാമൻ ട്രഷറിയിൽനിന്ന് ഒരു പൈസപോലും എടുത്തില്ല. അതിനാൽ അയാൾ മന്ത്രിമന്ദിരമായി കിട്ടിയ മുറി ഒട്ടും അലങ്കരിക്കാതെയിട്ടു. എന്നാൽ മുറി എത്രയും വൃത്തിയാക്കി ഉപകരണങ്ങളെല്ലാം ഭംഗിയായി ക്രമീകരിച്ചു. ജനലുകളും വാതിലും തുറന്നിട്ട് കാറ്റും വെളിച്ചവും അകത്തുകടക്കാറാക്കി.

“ഖജനാവ് ശോഷിപ്പിക്കാതെ മുറി അലങ്കരിച്ച മൂന്നാമ നാണ് മന്ത്രിയാകേണ്ടത്.” രാജാവ് ഇങ്ങനെ പറഞ്ഞുകൊണ്ട് മന്ത്രിപദത്തിലേക്ക് യോഗ്യനായ മൂന്നാമനെ തെരഞ്ഞെടുത്തു.

## 73. പുലിയായി മാറിയ എലി

ഒരു എലിയെ പരുന്ത് റാഞ്ചികൊണ്ടുപോകയായിരുന്നു. എലി പിടഞ്ഞപ്പോൾ അത് താഴെ ധ്യാനിച്ചിരിക്കുന്ന സന്യാസിയുടെ മടിയിൽ ചെന്ന് വീണു. സന്യാസി അതിനെ ലാളിച്ചുവളർത്തി. ഒരു ദിവസം എലിയെ പിടിക്കാൻ ഒരു പൂച്ച വന്നെത്തി. എലി സന്യാസിയോട് വിവരം പറഞ്ഞു. ഉടനെ സന്യാസി എലിയെ പൂച്ചയാക്കി മാറ്റി.

ആ പൂച്ചയെ ഒരു ദിവസം പട്ടികൾ പിടിക്കാൻ ഓടിച്ചു.

“എന്നെ രക്ഷിക്കണേ,” സന്യാസിയോട് പൂച്ച അപേ ക്ഷിച്ചു.

സന്യാസി പൂച്ചയെ ഒരു പട്ടിയാക്കി മാറ്റി.

പട്ടിയെ ഒരു ദിവസം ഒരു കടുവ ഓടിച്ചു പിടിക്കാ നെത്തി.

“എന്നെ രക്ഷിക്കണേ,” പട്ടി നിലവിളിച്ചു.

സന്യാസി പട്ടിയെ ഉടനെ ഒരു കടുവയാക്കി മാറ്റി.

കടുവ അങ്ങനെ ആരെയും പേടിക്കാതെ സന്യാസി യുടെ ആശ്രമത്തിൽ കഴിച്ചുകൂട്ടി.

കടുവയെ കണ്ട് ആളുകൾ പറഞ്ഞു:

“അതൊരു എലിയായിരുന്നു. സന്യാസി അതിനെ പുലി യാക്കിമാറ്റിയതാണ്.'' അതുകേട്ടപ്പോൾ കടുവയ്ക്ക് നാണക്കേട് തോന്നി. അവൻ സന്യാസിയെ കൊന്ന്

നാണക്കേടിൽനിന്ന് രക്ഷനേടാമെന്ന് കരുതി അദ്ദേഹത്തെ ആക്രമിച്ചു. അപ്പോൾ എന്തുണ്ടായെന്നോ?

സന്യാസി പുലിയെ വീണ്ടും എലിയാക്കി മാറ്റി. എലി പേടിച്ച് അവിടെനിന്ന് ഓടിപ്പോയി.

## 74. കുരങ്ങന്റെ വാശി

രാജകൊട്ടാരത്തിനടുത്ത് ഒരു കുളമുണ്ട്, കുളത്തിനരികെ ഒരു പൂമരവുമുണ്ട്. ആ പൂമരത്തിൽ ഒരു കുരങ്ങൻ പാർത്തിരുന്നു. ഒരു ദിവസം ആ കുരങ്ങൻ കുതിരയ്ക്കു കൊടുക്കാൻ പുഴുങ്ങി വെച്ചിരുന്ന ഒരുപിടി മുതിര വാരിയെടുത്ത് മരത്തിന്മേലേക്ക് കയറി.

മുതിര തിന്നാൻ തുടങ്ങി. ആദ്യത്തെ മണി വായിലേ ക്കിട്ടപ്പോൾ അത് താഴേയ്ക്കാണ് വീണത്. കുരങ്ങന് ദേഷ്യം വന്നു. കോപംമൂലം അവൻ തന്റെ കൈയിലുണ്ടായിരുന്ന മുതിര മുഴുവൻ കുളത്തിലേക്കെറിഞ്ഞുകളഞ്ഞു.

അങ്ങനെ ദേഷ്യം അടങ്ങിയപ്പോൾ കുരങ്ങൻ താഴെയി റങ്ങി തന്റെ കൈയിൽനിന്ന് ആദ്യം വീണുപോയ മുതി രമണിക്കു വേണ്ടി പരതിനടന്നു. ആദ്യത്തെ ആ മുതിരമണി കൈയിൽ കിട്ടിയേ അടങ്ങൂ എന്നായിരുന്നു കുരങ്ങന്റെ വാശി. എന്നാൽ അത് കുരങ്ങന് കണ്ടെത്താൻ കഴിഞ്ഞില്ല

"വാശിക്ക് നാശം" എന്നാണല്ലോ ചൊല്ല്. വാശി കാരണം അവന് അന്ന് പട്ടിണികിടക്കേണ്ടിവന്നു.

രാജാവും മന്ത്രിയും ഇതെല്ലാം കണ്ട് കുളക്കരയിൽ ഇരി പ്പുണ്ടായിരുന്നു. മന്ത്രി അതിൽനിന്ന് ഒരു സാരോപദേശം രാജാവിന് നല്കി: “മനുഷ്യൻ അല്പം ഭൂമിക്കോ, സ്വത്തിനോ വേണ്ടി വാശിപിടിച്ച് വളരെയേറെ സമ്പത്ത്

കേസുനടത്തിയും മറ്റും നശിപ്പിക്കുക പതിവാണ്. എന്ത് വിഡ്ഢിത്തമാണത്!"

രാജാവ് ഒരു വാശിയുടെ പേരിൽ യുദ്ധം ചെയ്യാൻ തീരുമാനിച്ചിരിക്കയായിരുന്നു. മന്ത്രി രാജാവിന്റെ വാശി മാറ്റിയെടുത്തു.

## 75. ഇറച്ചി തിന്നുന്ന കുതിര

ഒരു ദിവസം തെനാലിരാമൻ കുതിരപ്പുറത്ത് കയറി ഒരു ദീർഘയാത്രചെയ്യുകയായിരുന്നു.പുലർച്ച സമയം. മഞ്ഞുള്ളതുകൊണ്ട് നല്ല തണുപ്പ്. തണുപ്പ് മാറ്റാൻ വഴിയൊന്നുമില്ല. അങ്ങനെ പോകുമ്പോൾ ഒരു ദിക്കിൽ ഏതാനും ആളുകൾ കൂടി നില്ക്കുന്നത് കണ്ടു. അവിടെ തീ കത്തുന്നുണ്ട്. ആ തീയിന്റെ അടുത്ത് ചെന്ന് തണുപ്പ് മാറ്റണമെന്ന് രാമൻ നിശ്ചയിച്ചു. രാമൻ അങ്ങോട്ട് ചെന്നു. അവിടെ എല്ലാവരും ഇറച്ചിവട വാങ്ങുകയാണ്.

“എത്ര വടയാണ് വേണ്ടത്?" കച്ചവടക്കാരൻ ചോദിച്ചു. "രണ്ട് വട; കുതിരയ്ക്ക് കൊടുക്കാനാണ്, " രാമൻ പറഞ്ഞു.

കച്ചവടക്കാരൻ രണ്ടു വട എടുത്ത് രാമന് കൊടുത്തു. കുതിര ഇറച്ചിവട തിന്നുന്നത് കാണാൻ ആളുകൾ കാത്തുനിന്നു.

രാമൻ അതു കൈയിൽ വെച്ച് കുറച്ചുനേരം അടുപ്പിന രികെ നിന്നു. തണുപ്പും ദേഹത്തിന്റെ തരിപ്പുമെല്ലാം മാറിയപ്പോൾ രാമൻ കീശയിൽനിന്ന് കാശെടുത്ത് കടക്കാരന്കൊടുത്തു.

രണ്ടടി നടന്ന ശേഷം തിരികെ ചെന്ന് ഇറച്ചിവട അങ്ങനെതന്നെ കടക്കാരന് കൊടുത്തു, എന്നിട്ട് പറഞ്ഞു:

"ഞാൻ ഇറച്ചിവട തിന്നില്ല. എന്റെ കുതിരയ്ക്കും തിന്ന് ശീലമില്ല. അതിനാൽ ഇറച്ചിവട കൊതിച്ച് ആരെങ്കിലും

ഇവിടെ വന്നാൽ അവർക്ക് ഇതു കൊടുത്തേക്കൂ. അതിന്റെ വില തെനാലിരാമൻ തന്നിട്ടുണ്ടെന്നും പറഞ്ഞേക്കൂ.അതിന്റെ വില തെനാലിരാമൻ തന്നിട്ടുണ്ടെന്നും പറഞ്ഞേക്കൂ.തണുപ്പെല്ലാം മാറ്റിത്തന്നതിന് നന്ദിയുണ്ട്. " ഇത്രയും പറഞ്ഞ് തെനാലിരാമൻ ചിരിച്ചുകൊണ്ട് യാത്രയായി.

## 76. ഗുണമില്ലെങ്കിൽ പറയണ്ട

മറ്റുള്ളവരെപ്പറ്റി കുറ്റങ്ങളും പരാതിയും പറഞ്ഞുനടക്കുന്ന ഒരു പരദൂഷണക്കാരൻ ഒരിക്കൽ ഒരു ഗുരുവിന്റെത്തെത്തി.

"ഗുരോ, എന്റെ അയൽവാസി..." അയാൾ പറയാൻ തുടങ്ങി.

“പറഞ്ഞുതുടങ്ങാൻ വരട്ടെ,” ഗുരു ഇടയ്ക്കുകയറിപ റഞ്ഞു, “നിങ്ങൾ എന്താണ് പറയാൻ പോകുന്നത്? "

എന്റെ അയൽവാസിയെപ്പറ്റിയാണ്," അയാൾ പറഞ്ഞു. “അയൽക്കാരന് ഗുണമുള്ള വല്ല കാര്യവുമാണോ നിങ്ങൾ പറയാൻ പോകുന്നത്?” ഗുരു ചോദിച്ചു.

“അല്ല.”
“എങ്കിൽ അത് പറയുന്നതുകൊണ്ട് നിങ്ങൾക്ക് വല്ല ഗുണവുമുണ്ടോ? "

“ഇല്ല.”
“എന്നാലും സാരമില്ല. നിങ്ങൾ ഈ പറയാൻ പോകുന കാര്യം കേട്ടിരിക്കുന്ന എനിക്ക് എന്തെങ്കിലും ഉപകാരം ഉണ്ടാവുമോ?”

“ഇല്ല.”
“അയൽക്കാരന് ഉപകാരമില്ല. നിങ്ങൾക്ക് പ്രയോജനമില്ല. എനിക്കും ഗുണമില്ല. പിന്നെ നിങ്ങൾ ആ കാര്യം

പറയുന്നതെന്തിനാണ്? ഞാൻ അത് കേൾക്കുന്നതും വെറുതെയല്ലേ. അത്തരം കാര്യങ്ങൾ കേട്ടിരിക്കാൻ എനിക്ക് സമയമില്ല. "

ഗുരു ആ പരദൂഷണക്കാരനെ പതുക്കെ മടക്കിവിട്ടു.

## 77. കുളക്കോഴിയുടെ ഉപദേശം

ഒരു മരത്തിനു മുകളിൽ രണ്ടു കൊക്കുകൾ അവയുടെ നാലു കുഞ്ഞുങ്ങളോടൊത്ത് താമസിച്ചിരുന്നു. നല്ല വെള്ളനിറമുള്ള ആ കുഞ്ഞിക്കൊക്കുകളെ കണ്ടാൽ ആരും കൊതിക്കുമായിരുന്നു.

ഒരു ദിവസം അതിൽ രണ്ടു കുഞ്ഞുങ്ങളെ ആ മരത്തിന്റെ പൊത്തിൽ പാർത്തിരുന്ന ഒരു സർപ്പം പിടിച്ച് വയറ്റിലാക്കി.

കൊക്കുകൾ അവരുടെ സങ്കടം അവിടെ വന്ന കുളക്കോഴിയോട് പറഞ്ഞു.

കുളക്കോഴി സർപ്പത്തെ കൊല്ലാൻ കൊക്കുകൾക്ക് ഒരു ഉപായം പറഞ്ഞുകൊടുത്തു.

“ഇവിടെ അടുത്തുള്ള ഒരു കുറ്റിക്കാട്ടിൽ ഒരു കീരി താമസമുണ്ട്. നിങ്ങൾ കുറെ കൊച്ചുമീനുകളെ പിടിച്ച് കീരിയുടെ മാളം തൊട്ട് പാമ്പിന്റെ മാളം വരെ വരിയായി ഇടണം. മീനുകളെ ഓരോന്നിനെയായി തിന്ന് കീരി അവസാനം പാമ്പിനേയും തിന്നും."

കുളക്കോഴി പറഞ്ഞ സൂത്രം കൊക്കുകൾക്ക് ഇഷ്ടമായി. അവർ ചെറുമീനുകളെ പിടിച്ച് പാമ്പിന്റെ മാളം വരെ നിരത്തിയിട്ടു.

മീനുകളെ തിന്ന് കീരി പാമ്പിന്റെ മാളത്തിലെത്തി പാമ്പിനെയും കൊന്നുതിന്നു.

പക്ഷേ പിന്നെ എന്തുണ്ടായെന്നോ?

കീരി കൊക്കിന്റെ കുഞ്ഞുങ്ങളുടെ ശബ്ദം കേട്ട് മരത്തിൽ കയറി ബാക്കിയുണ്ടായിരുന്ന രണ്ട് കുഞ്ഞിക്കൊക്കുകളെയും കൊന്നുതിന്നു. ഉപായം നല്ലതെന്ന് കരുതി നാം പ്രവർത്തിക്കുമ്പോൾ അതുമൂലം വന്നു ചേരാവുന്ന അപായത്തെക്കുറിച്ചും ചിന്തിച്ചേ മതിയാവൂ.

## 78. അനുസരണയില്ലാത്ത കോഴിക്കുഞ്ഞ്

ഒരു കോഴിക്കുഞ്ഞ് അമ്മയെ അനുസരിച്ച് നല്ല കുട്ടിയായി ജീവിച്ചുവന്നു. ഒരിക്കൽ അവൻ തെണ്ടി നടക്കുന്ന ഒരു താറാവിൻകുഞ്ഞിനെ കണ്ടെത്തി.

“ഞാൻ പാടത്തേക്ക് പോകയാണ്. നീ കൂടെ പോരുന്നോ?” തെണ്ടിനടക്കുന്ന താറാവിൻകുഞ്ഞ് കോഴിക്കുഞ്ഞിനെ വിളിച്ചു.

കോഴിക്കുഞ്ഞ് ആദ്യം വിചാരിച്ചു, അമ്മയോട് ചോദിക്കണമെന്ന്. പക്ഷേ ചോദിച്ചാൽ അമ്മ പറഞ്ഞയക്കില്ല. അതു കൊണ്ട് ചോദിക്കാതെ പോകാമെന്ന് കോഴിക്കുഞ്ഞ് തീരുമാനിച്ചു.

അങ്ങനെ കോഴിക്കുഞ്ഞ് അമ്മ അറിയാതെ താറാവിൻ കുഞ്ഞിന്റെ കൂടെ പാടത്തേക്ക് പോയി. നെൽപ്പാടത്ത് നെൽമണികൾ കൊത്തിത്തിന്ന് താറാവിൻകുഞ്ഞും കോഴിക്കുഞ്ഞും കുറച്ചുനേരം സന്തോഷിച്ചു.

പെട്ടെന്ന് അവിടെ ഒരു പരുന്ത് വന്നെത്തി. അവൻ താറാവിൻകുഞ്ഞിനെ റാഞ്ചാൻ ശ്രമിച്ചു. പക്ഷേ താറാവിൻകുഞ്ഞ് അതിവേഗം വെള്ളത്തിൽ ചാടി നീന്തി രക്ഷപ്പെട്ടു. പരുന്ത് ഉടനെ കോഴിക്കുഞ്ഞിനെ പിടിക്കാൻ ഒരുങ്ങി.പാവം കോഴിക്കുഞ്ഞ്! അവൻ പേടിച്ച് നിലവിളിച്ചു. അവന് വെള്ളത്തിലിറങ്ങി നീന്താനൊന്നും

കഴിയില്ലല്ലോ. പരുന്ത് അവനെ റാഞ്ചിയെടുത്ത് പറന്നുപോയി.

അനുസരണയില്ലായ്മയ്ക്ക് കോഴിക്കുഞ്ഞിന് നഷ്ടപ്പെ ട്ടത് അവന്റെ ജീവൻ തന്നെയായിരുന്നു.

## 79. നുണയൻകുട്ടിയും ചെന്നായയും

ആടുകളെ മേയ്ക്കുന്ന കുട്ടിയാണ് ഗോപാലൻ. ദിവസവും ആടുകളെയും കൊണ്ട് ഒരു കുന്നിൻചരിവി ലേക്ക് പോകും. നാല്പത് ആടുകളെയാണ് അവന് നോക്കാനുള്ളത്.

കുന്നിൻചരിവിൽ ആടുകളെ തിന്നാൻ വിട്ടിട്ട് വെറുതെ യിരിക്കുമ്പോൾ അവന് ഒരു തമാശ തോന്നി.

“അയോ, ചെന്നായ വരുന്നേ! ചെന്നായ വരുന്നേ!” ഗോപാലൻ ഉറക്കെ മുറവിളികൂട്ടി. ഗോപാലന്റെ നിലവിളികേട്ട് അടുത്ത പ്രദേശങ്ങളിൽ പണിയെടുത്തിരുന്ന കൃഷിക്കാരെല്ലാം പണിനിർത്തി ഓടിയെത്തി. ചെന്നായയെ കൊല്ലാൻ വടികളും ആയുധങ്ങളുമായി വന്നെത്തിയ അവർ വിഡ്ഢി കളായി മടങ്ങി.

“ഹ-ഹ-ഹ” ഗോപാലൻ അവരെ നോക്കി ചിരിച്ചു. പിറ്റേന്നും അവൻ വിളിച്ചുപറഞ്ഞു: “ചെന്നായ വരുന്നേ! ചെന്നായ വരുന്നേ!” എന്ന്. അന്നും ആളുകൾ വടികളും ആയുധങ്ങളുമായി ഓടിയെത്തി. ചെന്നായയൊന്നും വന്നിട്ടില്ലെന്ന് മനസിലായപ്പോൾ അവർ വീണ്ടും വിഡ്ഢികളായി മടങ്ങി. മൂന്നാം ദിവസം എന്തുണ്ടായെന്നോ?

ഒരു ചെന്നായ വന്നു. ഗോപാലന്റെ ആടുകളിലൊന്നിനെ ഓടിച്ചിട്ട് പിടിച്ചു. ഗോപാലൻ നിലവിളിച്ചു. "ചെന്നായ

വന്നേ! ചെന്നായ വന്നേ!" . കൃഷിക്കാർ ഗോപാലന്റെ നിലവിളി കേട്ടെങ്കിലും വീണ്ടും വിഡ്ഢികളാകുമെന്ന് കരുതി അനങ്ങിയില്ല. ചെന്നായ തടിച്ച ഒരു ആടിനെ കടിച്ചെടുത്ത് കൊണ്ടുപോയി.

## 80. രാജകുമാരിയായ പെൺകുട്ടി

പണ്ട് ധർമദത്തൻ എന്നൊരു രാജാവിന് മക്കളുണ്ടായിരുന്നില്ല.രാജ്ഞിയുടെ ആഗ്രഹപ്രകാരം ധർമദത്തമഹാരാജാവ് ഒരു പെൺകുട്ടിയെ ദത്തെടുക്കാൻ തീരുമാനിച്ചു. ധാരാളം പെൺകുട്ടികൾ രാജാവിന്റെ വിളംബരം കേട്ട് രാജധാനിയിലെത്തി. രാജാവ് അവർക്കെല്ലാം ഓരോ സ്വർണ നാണയങ്ങൾ കൊടുത്തിട്ട് ഇഷ്ടമുള്ളത് വാങ്ങിക്കൊള്ളാൻ പറഞ്ഞു. ചില കുട്ടികൾ പന്തും പാവകളും വാങ്ങി. ചിലർ റിബ്ബൺ വാങ്ങി; പട്ടുടുപ്പുകളും വാങ്ങി.

മറ്റു ചിലർ പലവിധ കളിക്കോപ്പുകൾ വാങ്ങി. വളയും മാലയും വാങ്ങിയവരായിരുന്നു അധികം.

എന്നാൽ ഒരു പാവപ്പെട്ട പെൺകുട്ടി വാങ്ങിയത് മൂന്ന് സാധനങ്ങളായിരുന്നു. ഒന്ന്: ഒരു പേന, രണ്ട്: സൂചി. മൂന്ന്. ഒരു പ്രാർഥനാപുസ്തകം. ആ പെൺകുട്ടിയെ മഹാ രാജാവിന് ഇഷ്ടമായി.

വാങ്ങിയ സാധനങ്ങളെപ്പറ്റി രാജാവ് ചോദിച്ചു. അപ്പോൾ അവൾ പറഞ്ഞു:

"പേന പഠിക്കാനാണ്. സൂചി വസ്ത്രങ്ങളുണ്ടാക്കാനാണ്. പ്രാർഥനാപുസ്തകം പ്രാർഥിക്കാനാണ്."

അവളുടെ മറുപടി കേട്ടപ്പോൾ അവളെ ധർദത്ത രാജാവിന് വളരെയധികം ഇഷ്ടമായി."പഠിക്കാനും പണിയെടുക്കാനും പ്രാർഥിക്കാനും ഇഷ്ടപ്പെടുന്ന ആ

കുട്ടി ജീവിതത്തിൽ വിജയിക്കും." രാജാവ് പറഞ്ഞു. രാജ്ഞി അത് ശരിവെച്ചു.

ധർമദത്തമഹാരാജാവ് ആ പാവപ്പെട്ട പെൺകുട്ടിയെ ദത്തെടുത്ത് രാജകുമാരിയാക്കി വളർത്തി.

## 81. സിംഹവും പുലിയും

കാട്ടിൽ ഒരു പുലിയും സിംഹവും കൂട്ടുകാരായിരുന്നു. ഒരു ദിവസം അവർ കൂട്ടായി വേട്ടയാടാൻ പുറപ്പെട്ടു.

കുറച്ചു ദൂരം ചെന്നപ്പോൾ അവർ ഒരു മാനിനെ കണ്ടെത്തി. രണ്ടുപേരും കൂടെ അതിനെ ഓടിച്ച് പിടിച്ച് കടിച്ചുകൊന്നു. സിംഹം പറഞ്ഞു:

“ഞാൻ കാട്ടിലെ രാജാവാണല്ലോ. അതുകൊണ്ട് ഞാൻ ആദ്യം തിന്നിട്ട് ബാക്കി നീ തിന്നാൽ മതി.”

“അതു പറ്റില്ല. നമ്മൾ രണ്ടാളും കൂടി പിടിച്ചതാണ് ഈ മാനിനെ, അതിനാൽ ഞാനും താങ്കളോടൊപ്പം ഇതിനെ തിന്നും," പുലി പറഞ്ഞു.

പുലി അങ്ങനെ പറഞ്ഞതുകേട്ട് കോപം വന്നു സിംഹത്തിന്. അവൻ പുലിയെ ആക്രമിക്കാനൊരുങ്ങി. പുലിയും വിട്ടുകൊടുത്തില്ല. അവനും പ്രത്യാക്രമണം നടത്തി.

വളരെ നേരം അവർ തമ്മിൽ അടിയും കടിയും നടന്നു. രണ്ടുപേരും തളർന്ന് വീണു.

അതുകണ്ട് ഒരു കുറുക്കൻ ആ വഴി വന്നെത്തി.അവൻ ആവശ്യമുള്ളത്ര മാംസം ആ മാനിന്റെ ദേഹത്തു നിന്ന് കടിച്ചുതിന്നു.

അതുകണ്ടപ്പോൾ തമ്മിലടി നടത്തി തളർന്നുകിടന്നിരുന്ന സിംഹവും പുലിയും സങ്കടപ്പെട്ടു. തമ്മിലടിച്ചാൽ ഗുണം മറ്റുള്ളവർക്കാണ് കിട്ടുകയെന്ന് അവർ മനസിലാക്കി.

ക്ഷമയും വിട്ടുവീഴ്ചയും നമ്മുടെ രക്ഷക്ക് വളരെ ആവശ്യമാണ്.

## 82. രണ്ടു കല്യാണം കഴിച്ച രാജാവ്

സൗന്ദര്യരാജൻ എന്നൊരു രാജാവിന് സുന്ദരിയായൊരു ഭാര്യയുണ്ടായിരുന്നു. കല്യാണം കഴിഞ്ഞ് പതിനഞ്ചു കൊല്ലമായപ്പോൾ ഭാര്യയുടെ മുടി നരച്ചുതുടങ്ങിയതായി സൗന്ദര്യരാജൻ കണ്ടു. കുറച്ചുകൂടി സുന്ദരിയായ ഒരു രാജകുമാരിയെ കല്യാണം കഴിക്കാൻ അദ്ദേഹം നിശ്ചയിച്ചു.

അധികനാൾ കഴിയുംമുമ്പേ ചെറുപ്പക്കാരിയായ ഒരു സുന്ദരിയെ കണ്ടെത്തി സൗന്ദര്യരാജൻ കല്യാണം കഴിച്ചു. ഇതിനകം സൗന്ദര്യരാജന്റെ തലമുടി പകുതിയും നരച്ചുകഴിഞ്ഞിരുന്നു.

രണ്ടാമത്തെ ഭാര്യ സൗന്ദര്യരാജനെ മടിയിൽ കിടത്തി വാത്സല്യപൂർവം ഇടയ്ക്കിടെ അദ്ദേഹത്തിന്റെ തലയിലുണ്ടായിരുന്ന നരച്ച മുടികൾ ഓരോന്നായി പറിച്ചുകളഞ്ഞു. ഭർത്താവ് ചെറുപ്പമായിരിക്കണമെന്നാണ് അവൾ ആഗ്രഹിച്ചത്.

ആദ്യഭാര്യ വിചാരിച്ചു. രാജാവ് ചെറുപ്പമായിരിക്കുന്നതു കൊണ്ടാണ് തന്നെ തഴഞ്ഞ് രണ്ടാം ഭാര്യയെ സ്നേഹിക്കുന്നതെന്ന്. അതിനാൽ അവൾ രാജാവിനെ വാത്സല്യപൂർവം മടിയിൽ കിടത്തി അയാളുടെ കറുത്ത മുടികളെല്ലാം ഓരോന്നായി പിഴുതുമാറ്റിക്കൊണ്ടിരുന്നു. അങ്ങനെ രാജാവ് രണ്ട് ഭാര്യമാരുടെ പരിചരണങ്ങളേറ്റുവാങ്ങി ജീവിച്ചു. പക്ഷേ സൗന്ദര്യത്തെ ആരാധിച്ച സൗന്ദര്യരാജൻ അവസാനകാലത്ത് രണ്ടു ഭാര്യമാരുടെ പരിചരണംനിമിത്തം മുഴുക്കഷണ്ടിത്തലയുമായി ജീവിതം കഴിക്കേണ്ടി വന്നു.

## 83. കളി കാര്യമായപ്പോൾ

ഒരു തയ്യൽക്കാരന് എല്ലാവരെയും കളിയാക്കുന്ന സ്വഭാവമുണ്ടായിരുന്നു. ആളുകളെ മാത്രമല്ല അയാൾ മൃഗങ്ങളെയും കളിയാക്കുക പതിവായിരുന്നു. അയാളുടെ കടയുടെ മുന്നിലൂടെ ഒരു ആന കുളിക്കാൻ പോകുക പതിവായിരുന്നു. ആ ആനയെ ഒന്ന് കളിയാക്കണമെന്ന് തയ്യൽക്കാരൻ തീരുമാനിച്ചു. അതിന് അയാൾ ആനയ്ക്ക് ദിവസവും ഓരോ പഴംകൊടുക്കാൻ തുടങ്ങി. മൂന്നു ദിവസം കഴിഞ്ഞപ്പോൾ അയാൾ പിന്നെ പഴം കൊടുത്തില്ല. എന്നാലും ആന അയാളുടെ കടയുടെ മുന്നിലെത്തുമ്പോൾ നില്ക്കുക പതിവാക്കി.

അന്നും പതിവുപോലെ ആന വന്ന് തയ്യൽക്കടയുടെ മുന്നിൽ നിന്നു. തയ്യൽക്കാരൻ അപ്പോൾ തുണിതുന്നുന്ന സൂചിയെടുത്ത് ആനയുടെ തുമ്പിക്കൈയിന്മേൽ ഒരു കുത്തു കൊടുത്തു. ആന നിലവിളിച്ചു. പിന്നെ അത് തുമ്പിക്കൈ നീട്ടി തയ്യൽ മെഷീൻ വലിച്ച് റോഡിലേക്കെറിഞ്ഞു. എന്നിട്ടും ദേഷ്യം തീരാതായപ്പോൾ തയ്യൽക്കടയുടെ തൂണുകൾ രണ്ടെണ്ണം ചുറ്റിവലിച്ച് ചുഴറ്റിയെറിഞ്ഞു.

“ആനയോട് കളിച്ചാൽ ഇങ്ങനെയിരിക്കും,"

തയ്യൽക്കടയും തയ്യൽമെഷീനും നഷ്ടപ്പെട്ട് സങ്കടത്തോടെ തയ്യൽക്കാരൻ നിലവിളിക്കുന്നതു കണ്ടപ്പോൾ ഒരു വൃദ്ധൻ പറഞ്ഞതാണത്.

ശക്തിയുള്ളവരെ കളിയാക്കാൻ പോയാൽ നമ്മൾ ആപത്തിൽ അകപ്പെടും. അതിനാൽ കളിയാക്കുന്ന ശീലം ഉപേക്ഷിക്കുന്നതാണ് നല്ലത്.

## 84. പൂച്ചയും കുറുക്കനും

ഒരിക്കൽ ഒരിടത്ത് ഒരു പൂച്ചയും കുറുക്കനും കണ്ടു മുട്ടി.

പൂച്ച പല നാട്ടുവിശേഷങ്ങളും കുറുക്കനോട് പറഞ്ഞു.

കുറുക്കൻ തന്റെ ബുദ്ധിസാമർഥ്യത്തെപ്പറ്റി പറഞ്ഞു.അവൻ പൂച്ചയെ വളരെ പുച്ഛിയ്ക്കുകയും ചെയ്തു.

“നിനക്ക് മനുഷ്യന്റെ എച്ചിൽ തിന്നാനല്ലേ അറിയൂ. എനിക്കാണെങ്കിൽ എത്ര മിടുക്കുള്ള കോഴികളെയും സൂത്രത്തിൽ പിടിച്ച് സാപ്പിടാൻ അറിയാം. നിന്റെ നൂറിരട്ടി ബുദ്ധി എനിക്കുണ്ട്. ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ അനേകവഴികൾ എനിക്കറിയാം."

“ശ്രതു വന്നാൽ ഓടി മരത്തിൽക്കയറി രക്ഷപ്പെടാനേ എനിക്കറിയുള്ളൂ,” പൂച്ച പറഞ്ഞു.

അങ്ങനെ നില്ക്കുമ്പോൾ പെട്ടെന്ന് ഒരുകൂട്ടം വേട്ടപ്പട്ടി കൾ അവിടെ ഓടിയെത്തി. അവർ പൂച്ചയെ പിടിക്കാ നൊരുങ്ങി.

പൂച്ച ഉടനെ ഓടി അടുത്തുകണ്ട മരത്തിൽക്കയറി രക്ഷപ്പെട്ടു.

അപ്പോൾ വേട്ടപ്പട്ടികൾ പൂച്ചയെ വിട്ട് കുറുക്കന്റെ പിറകെയായി.

എന്നാൽ കുറുക്കൻ രക്ഷപ്പെടാൻ വഴിയൊന്നും കാണാതെ വിഷമിച്ചു.

വേട്ടപ്പട്ടികൾ വട്ടമിട്ടുനിന്ന് കുറുക്കനെ ആക്രമിച്ചു. അവർ അതിനെ കടിച്ചുകീറി കൊന്നു.

വിദ്യ വശമുണ്ടെന്ന് അഹങ്കരിച്ചതുകൊണ്ട് കാര്യമില്ല. ആവശ്യനേരത്ത് ഉപയോഗിക്കാൻ പറ്റുന്ന വിദ്യയാണ് കൈയിലുണ്ടാകേണ്ടത്.

## 85. തോട്ടക്കാരായ കുരങ്ങന്മാർ

ഒരിക്കൽ ഒരാൾ ചെടിത്തോട്ടമുണ്ടാക്കിയിട്ട് രണ്ടു കുരങ്ങന്മാരെ തോട്ടക്കാരാക്കി. ചെടികൾക്ക് വെള്ളമൊഴിക്കേണ്ട ചുമതല കുരങ്ങന്മാരുടേതായിരുന്നു.

തോട്ടമുടമ കുറെ പുതിയ ചെടിക്കമ്പുകൾക്കുത്തിയിട്ട് പറഞ്ഞു:

"പ്രിയ കുരങ്ങന്മാരേ, മുമ്പുള്ള ചെടികൾക്ക് ഒരു നേരം വള്ളമൊഴിച്ചാൽ മതി. എന്നാൽ ഈ പുതിയ കമ്പുകൾക്ക് വരു പിടിക്കുന്നതുവരേക്കും രണ്ടു നേരം വെള്ളമൊഴിക്കണം."

“ശരി," കുരങ്ങന്മാർ സമ്മതിച്ചു.

കുരങ്ങന്മാർ ദിവസവും രാവിലെ പുതിയ ചെടി ക്കമ്പുകൾ പറിച്ച് നോക്കി വേരുവന്നിട്ടുണ്ടോയെന്ന് പരിശോധിച്ചു.

വേരുവരാത്തതിനാൽ രാവിലെയും വൈകുന്നേരവും ആ ചെടികൾ നനച്ചുപോന്നു.

പത്തു ദിവസം കഴിഞ്ഞിട്ടും ആ പുതിയ ചെടികൾ ക്കൊന്നും വേരുമുളച്ചില്ല. അവയെല്ലാം ചീഞ്ഞു നശിച്ചുപോയി. വാസ്തവത്തിൽ എന്താണുണ്ടായതെന്നോ? ചെടിക്കമ്പുകൾക്ക് ഓരോ ദിവസവും മുളച്ചുണ്ടായ പൊടിവേരുകൾ കുരങ്ങന്മാർ വലിക്കുന്നതോടെ കേടുവന്ന് പോകയാണ് ഉണ്ടായത്.

തോട്ടമുടമ സംഗതി മനസിലാക്കിയപ്പോൾ കുരങ്ങൻമാരെ തോട്ടവേലയിൽനിന്ന് പിരിച്ചുവിട്ടു.
വിവേകമില്ലാത്തവരെ കാര്യങ്ങൾ ഏല്പിച്ചാൽ ഇങ്ങനെയായിരിക്കും ഫലം.

## 86. കുരങ്ങനും രാജാവിന്റെ മൂക്കും

ഒരിക്കൽ ഒരു രാജാവ് തന്റെ കാവൽക്കാരനായി കുരങ്ങനെ നിയമിച്ചു. രാജാവ് ഉറങ്ങുമ്പോൾ കുരങ്ങൻ നിന്ന് വീശിക്കൊടുക്കുക പതിവാണ്.

അങ്ങനെയിരിക്കെ ഒരു ദിവസം രാജാവിന്റെ ഉറക്കത്തിന് ഭംഗമുണ്ടാക്കിക്കൊണ്ട് ഒരു ഈച്ച രാജാവിന്റെ നെറ്റിയിൽ വന്നിരുന്നു. കുരങ്ങൻ ഉറക്കെ വിശറികൊണ്ട് വീശിയപ്പോൾ ഈച്ച ചെവിയിൽ ചെന്നിരുന്നു. പിന്നെയും കുരങ്ങൻ ഉറക്കെ വീശി. അപ്പോൾ ഈച്ച രാജാവിന്റെ മൂക്കിന്മേൽ ചെന്നിരിപ്പായി. അപ്പോഴും കുരങ്ങൻ ഈച്ചയെ വിശറി കൊണ്ട് ആട്ടിപ്പായിച്ചു.

ഈച്ച പോയെന്ന് കരുതി കുരങ്ങ് അല്പം നേരം ആശ്വസിച്ചിരുന്നു. പക്ഷേ അതാ വരുന്നു വീണ്ടും ആ ദുഷ്ടനായ ഈച്ച. കുരങ്ങന് ദേഷ്യം വന്നു. അവൻ തന്റെ വാൾ കൈയിലെടുത്തു. ഈച്ച രാജാവിന്റെ മൂക്കിന്മേൽ തന്നെ വന്നിരിപ്പായി. കുരങ്ങൻ ഉന്നം നോക്കി വാൾ ഈച്ചയുടെ നേരെ വീശി. പക്ഷേ എന്തുണ്ടായെന്നോ?

രാജാവിന്റെ മൂക്ക് മുറിഞ്ഞ് തെറിച്ചുവീണു.ഈച്ച പറന്നുപോകയും ചെയ്തു.

വിവേകമില്ലാത്ത കുരങ്ങനെ കാവൽക്കാരനാക്കിയതിന്റെ ഫലം രാജാവിന് അനുഭവിക്കേണ്ടിവന്നു.

## 87. മാണിക്യമായി മാറിയ അരിമണി

ഒരിടത്ത് ഒരു ഭിക്ഷക്കാരനുണ്ടായിരുന്നു. അയാൾക്ക് പണിയെടുക്കാൻ ആരോഗ്യമില്ലാത്തതുകൊണ്ടായിരുന്നു അയാൾ ഭിക്ഷതെണ്ടിയിരുന്നത്. ഭിക്ഷ യാചിച്ചുകിട്ടിയ അരി കൊണ്ട് അയാളുടെ കുടുംബം പട്ടിണിയില്ലാതെ

ജീവിച്ചു വന്നു.അങ്ങനെയിരിക്കെ ഒരു ദിവസം ദേവേന്ദ്രൻ അയാളെ ഒന്നു പരീക്ഷിക്കാൻ നിശ്ചയിച്ചു.

ദേവേന്ദ്രൻ ഒരു പണക്കാരന്റെ വേഷത്തിൽ ഭിക്ഷക്കാരന്റെ മുമ്പിലെത്തി കുറെ അരി ധർമമായി കൊടുത്തു.

ഭിക്ഷക്കാരന് സന്തോഷമായി.

"ഇനി നീ എനിക്ക് ഭിക്ഷ തരണം," പണക്കാരൻ പറഞ്ഞു.

"അങ്ങേക്ക് ഞാൻ ഭിക്ഷ തരികയോ? എന്റെ കൈയിൽ മറ്റൊന്നുമില്ലല്ലോ," ഭിക്ഷക്കാരൻ അങ്ങനെ പറഞ്ഞുകൊണ്ട് തനിക്ക് ധർമമായി കിട്ടിയ അരിയിൽനിന്ന് രണ്ടു മണി എടുത്ത് ആ പണക്കാരന് കൊടുത്തു.

പണക്കാരൻ ആ രണ്ടുമണി അരി സ്വീകരിച്ചശേഷം ഭിക്ഷക്കാരന് തിരിച്ചുനല്കി.

ഭിക്ഷക്കാരൻ ആ രണ്ടുമണി അരിയും തന്റെ സഞ്ചിയി ലിട്ട് വീട്ടിൽ പോയി.

വീട്ടിലെത്തിയപ്പോൾ ഭാര്യ അരി മുറത്തിൽ ചെരിഞ്ഞ് നോക്കിയപ്പോൾ അതിൽനിന്ന് രണ്ടു മാണിക്യകല്ലുകൾ കിട്ടി.

തന്റെ ഇല്ലായ്മയിൽനിന്ന് അയാൾ നല്കിയ രണ്ടുമണി അരിയായിരുന്നു മാണിക്യമായി മാറിയത്.

## 88. മഹാപിശുക്കനും തെണ്ടിപ്പിശുക്കനും

ഒരിക്കൽ ഒരിടത്ത് ഒരു മഹാപിശുക്കനും ഒരു തെണ്ടി പ്പിശുക്കനുമുണ്ടായിരുന്നു. മഹാപിശുക്കൻ തനിക്ക് കിട്ടിയതൊന്നും ആർക്കും കൊടുക്കില്ല. തെണ്ടിപ്പിശുക്കനാണെങ്കിൽ തനിക്ക് എന്തൊക്കെ ഉണ്ടായാലും അതൊന്നും എടുക്കാതെ തെണ്ടിനടന്ന്

വല്ലവരുടെയും കൈയിൽനിന്ന് വല്ലതും സമ്പാദിച്ച് തിന്നുന്ന സ്വഭാവക്കാരനായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം മഹാപിശുക്കന്റെ ഭാര്യ നല്ല രുചിയുള്ള "ഹൽവ" ഉണ്ടാക്കി. രണ്ടാളും കൂടെ അതു മുഴുവൻ തിന്നാമെന്ന് തീരുമാനിച്ചിരിക്കുമ്പോഴാണ് തെണ്ടി പിശുക്കൻ അവിടെ എത്തിയത്. ഒരു തുണ്ട് ഹൽവ പോലും തെണ്ടിപ്പിശുക്കന് കൊടുക്കയില്ലെന്ന് മഹാപിശുക്കൻ തീരുമാനിച്ചു. തെണ്ടിപ്പിശുക്കനെ കണ്ടപ്പോൾ മഹാപിശുക്കൻ ചത്തതുപോലെ കിടന്നു. ഭാര്യ അടുത്തിരുന്ന് നിലവിളിയും തുടങ്ങി.

തെണ്ടിപ്പിശുക്കന് മഹാപിശുക്കന്റെയും ഭാര്യയുടെയും സൂത്രം മനസിലായി. അയാൾ മുറവിളി കൂട്ടി ആളുകളെ വരുത്തി.

ആളുകൾ മരിച്ച മഹാപിശുക്കന്റെ ശരീരം ദഹിപ്പിക്കാൻ ചിതയുണ്ടാക്കി.

മഹാപിശുക്കനെ അവർ എടുത്ത് ചിതയിൽവെച്ച് ദഹിപ്പിച്ചു. പാവം മഹാപിശുക്കൻ വെന്തുമരിച്ചു. അതുകണ്ട് മനംതകർന്ന് അയാളുടെ ഭാര്യയും മരിച്ചു. തെണ്ടിപ്പിശുക്കന് അതെല്ലാം കണ്ടപ്പോൾ മുഴുഭ്രാന്തുമായി.

## 89. മൂന്ന് പെരുങ്കള്ളന്മാർ

ഒരിക്കൽ മൂന്ന് പെരുങ്കള്ളന്മാർ ചേർന്ന് രാജാവിന്റെ കൊട്ടാരം കൊള്ളയടിച്ചു. അവിടെനിന്ന് അവർ അളവറ്റ സ്വർണവും രത്നങ്ങളും വാരിക്കൂട്ടി.

കിട്ടിയ സമ്പത്ത് മുഴുവൻ സ്വന്തമാക്കണമെന്നും മറ്റു രണ്ടാൾക്കും ഒന്നും കൊടുക്കരുതെന്നുമായിരുന്നു മൂന്നാളുടെയും ഉള്ളിലിരുപ്പ്.

ഒന്നാമനെ ചോറും കറികളും വാങ്ങാൻ പറഞ്ഞുവിട്ടിട്ട് മറ്റവർ രണ്ടാളും സമ്പത്തിന് കാവലിരുന്നു. "ഒന്നാമനെ തട്ടിക്കളഞ്ഞിട്ട് കിട്ടിയ ഈ സ്വത്ത് മുഴുവൻ നമുക്ക് രണ്ടാൾക്കും പാതി വീതം എടുക്കാം," രണ്ടാ

മനും മൂന്നാമനും നിശ്ചയിച്ചു.

ഒന്നാമൻ എന്തുചെയ്തതെന്നോ രണ്ടാമനും മൂന്നാമനു മുള്ള ഭക്ഷണത്തിൽ വിഷം കലർത്തി.

ഒന്നാമൻ ഭക്ഷണവുമായി എത്തിയ ഉടനെ ഭക്ഷണം വാങ്ങിവെച്ചിട്ട് രണ്ടാമനും മൂന്നാമനും കൂടി ഒന്നാമനെ അടിച്ചുകൊന്നു. പിന്നെ അവർ ഭക്ഷണം മുഴുവനും തിന്നു. താമസംവിനാ ഒന്നാമന്റെ അടുത്തുതന്നെ രണ്ടാമനും മൂന്നാമനും മരിച്ചുവീണു.

അങ്ങനെ ആ മൂന്ന് പെരുങ്കള്ളന്മാരുടെയും കഥ കഴിഞ്ഞു.

ആ ദുഷ്ടന്മാരുടെ ഉപദ്രവത്തിൽനിന്ന് രാജ്യം രക്ഷപ്പെട്ടു.

## 90. അപ്പുപ്പന് ഒന്ന് അമ്മുമ്മയ്ക്ക് രണ്ട്

പണ്ട് കണ്ടാണശ്ശേരി എന്നൊരു രാജ്യത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. ഒരു ദിവസം അമ്മൂമ്മ അരിയിടിച്ച് പൊടിയാക്കി അതുകൊണ്ട് അപ്പം ചുട്ടു. ആകെ മൂന്ന് അപ്പമേ ഉണ്ടായിരുന്നുള്ളൂ. "എനിക്ക് രണ്ട്, നിങ്ങൾക്ക് ഒന്ന്," അപ്പുപ്പൻ പറഞ്ഞു.

"എനിക്ക് രണ്ട്, നിങ്ങൾക്ക് ഒന്ന്," അമ്മൂമ അവകാശം പറഞ്ഞു.

അങ്ങനെ തർക്കമായപ്പോൾ അവർ ഒരു തീരുമാനത്തി ലെത്തി. അതെന്താണെന്നോ?

രണ്ടുപേരും തല്ക്കാലം കിടന്നുറങ്ങുക. ആദ്യം എഴു ന്നേൽക്കുന്ന ആൾക്ക് ഒരപ്പമേ കിട്ടു. രണ്ടാമത്

എഴുന്നേൽക്കുന്നയാൾക്കാണ് രണ്ടപ്പം. ആ തീരുമാനപ്രകാരം രണ്ടാളും കിടന്ന് ഉറക്കം തുടങ്ങി. ഉറക്കം കഴിഞ്ഞ് ഉണർന്നപ്പോൾ അപ്പൂപ്പൻ എഴു ന്നേൽക്കാതെ വീണ്ടും കിടന്നുറങ്ങി. അമ്മൂമ്മയാണെങ്കിൽ ഉണർന്നിട്ടും എഴുന്നേറ്റില്ല. സമയം നട്ടുച്ചയായി.

അപ്പുപ്പനെയും അമ്മൂമ്മയെയും പുറത്തുകാണാതായ പ്പോൾ നാട്ടുകാർ അവരുടെ വീട്ടിലെത്തി. രണ്ടുപേർക്കും അനക്കമില്ല. അപ്പൂപ്പനും അമ്മൂമ്മയും മരിച്ചെന്നുകരുതി നാട്ടുകാർ ചിതയൊരുക്കി. ആദ്യം അപ്പൂപ്പനെ അവർ പൊക്കിയെടുത്തു. ഉടനെ അപ്പൂപ്പൻ എഴുന്നേറ്റു. അപ്പോൾ അമ്മുമ്മ എഴുന്നേറ്റിട്ട് പറഞ്ഞു. “എനിക്ക് രണ്ട്, നിങ്ങൾക്ക് ഒന്ന്” അമ്മൂമ്മ പറഞ്ഞത് എന്താണെന്ന് ആദ്യം അവർക്ക് മനസിലായില്ല. അമ്മൂമ്മ സംഭവം വിവരിച്ചു. അപ്പോൾ നാട്ടുകാരല്ലാം ചിരിയോടുചിരി. കൂട്ടച്ചിരി.

## 91.കുശുമ്പൻ കുശവൻ

ഒരിടത്ത് കലമുണ്ടാക്കുന്ന ഒരു കുശവനും വസ്ത്രങ്ങൾ

അലക്കുന്ന ഒരു വെളുത്തേടനുമുണ്ടായിരുന്നു.അവർ രണ്ടാളും അസൂയക്കാരായിരുന്നു.

കലം വിറ്റ് കുശവൻ പത്തുരൂപ ഉണ്ടാക്കിയാൽ വെളുത്തേടന് അസൂയ മൂക്കും.

തുണികൾ അലക്കിക്കൊടുത്ത് വെളുത്തേടന് കുറച്ച് കാശുകിട്ടിയെന്നറിഞ്ഞാൽ കുശവന് കുശുമ്പ് മൂക്കുകയായി.

അങ്ങനെയിരിക്കെ അരമനയിൽ രാജകുമാരിയുടെ കല്ല്യാണത്തിന് ഒരു വെള്ളാനയെ വേണമെന്ന്

രാജാവിന്റെ വിളംബരമുണ്ടായി. വെളുത്തേടനെ ആപ്പിലാക്കാൻ ഇതു തന്നെ അവസരമെന്ന് കരുതി കുശുമ്പനായ കുശവൻ അരമനയിലെത്തി.

"മഹാരാജാവേ, എന്റെ അയൽക്കാരനായ വെളുത്തേടൻ അങ്ങയുടെ കറുത്ത ആനയെ അലക്കി വെളുപ്പിച്ചു തരും". കുശവൻ പറഞ്ഞു. കുശവൻ പറഞ്ഞതനുസരിച്ച് രാജാവ് ആനയെ അലക്കി വെളുപ്പിക്കാൻ വെളുത്തേടനെ ഏല്പിച്ചു. വെളുത്തേടൻ വിഷമത്തിലായി. കുശവന്റെ വേലയാണിതെന്ന് വെളുത്തേടന് മനസിലായി. അയാൾ രാജാവിനോട് പറഞ്ഞു.

മഹാരാജാവേ, എന്റെ അയൽക്കാരനായ കുശവനോട് ആനയെ പുഴുങ്ങി അലക്കി വെളുപ്പിക്കാൻ വേണ്ടത്ര വിസ്താരമുള്ളൊരു കലം ഉണ്ടാക്കിത്തരാൻ പറയണം."

രാജാവ് അത്തരമൊരു കലമുണ്ടാക്കാൻ കുശവനോട് കലപിച്ചു.

രാജാവിന്റെ കല്പനയനുസരിച്ചുള്ള കലമുണ്ടാക്കാൻ കുശുമ്പൻ കുശവന് കഴിഞ്ഞില്ല. കോപംമൂത്ത രാജാവ് അയാളെ വധശിക്ഷയ്ക്ക് വിധിച്ചു. അങ്ങനെ കുശുമ്പൻ കുശവൻ താൻ കുഴിച്ച കുഴിയിൽ തന്നെ വീണു.

## 92. കിണറ്റിൽ വീണ അമ്പിളി

'വിഡ്ഢിനാട്' എന്നൊരു നാട്ടിൽ ഒരു പടുവിഡ്ഢിയുണ്ടായിരുന്നു.

പൗർണമിനാളിൽ ഒരു രാത്രി പടുവിഡ്ഢി വെള്ളം കോരാൻ കിണറ്റിൻകരയിൽ ചെന്നു. ബക്കറ്റെടുത്ത് കിണറ്റിലേക്ക് ഇടാൻ നേരത്ത് അയാൾ കിണറ്റിൽ വീണുകിടക്കുന്ന അമ്പിളിയമ്മാവനെ കണ്ടു. അമ്പിളിയമ്മാവൻ കിണറ്റിൽ വെള്ളത്തിൽക്കിടന്ന്

വിറയ്ക്കുകയാണ്. പടുവിഡ്ഢി വിഡ്ഢിനാട്ടിലെ വിഡ്ഢിപ്രമുഖരെയെല്ലാം വിളിച്ചുവരുത്തി.

അവർ ഉടനെ ഒരു പാതാളക്കരണ്ടി കൊണ്ടുവന്നു. അത് കയറിൽ കെട്ടി കിണറ്റിലിറക്കി.

പാതാളക്കരണ്ടി ഒരു പാറയിൽ ഉടക്കി. അമ്പിളിയമ്മാവൻ പാതാളക്കരണ്ടിയിൽ ഉടക്കിയെന്ന് പറഞ്ഞ് ആ വിഡ്ഢി പ്രമുഖരെല്ലാവരും ചേർന്ന് കയറിൽ പിടിച്ച് വലി തുടങ്ങി.

വലിയുടെ ശക്തികൊണ്ട് കയറ് പൊട്ടി വിഡ്ഢിപ്രമുഖരും പടുവിഡ്ഢിയുമെല്ലാം മലർന്നടിച്ച് വീണു. “കയറു പൊട്ടിയാലെന്താ? അമ്പിളിയമ്മാവൻ കിണറിൽ നിന്ന് മാനത്തെത്തിയല്ലോ,” മലർന്ന് വീണപ്പോൾ മാനത്ത് നില്ക്കുന്ന അമ്പിളിയെ നോക്കി പടുവിഡ്ഢി പറഞ്ഞു. മറ്റു വിഡ്ഢി പ്രമുഖരും അത് ശരിവെച്ചു. കിണറ്റിൽ അവർ കണ്ടത് അമ്പിളിയമ്മാവന്റെ നിഴലാണെന്നും, അമ്പിളി ആകാശത്തുതന്നെ നില്ക്കയായിരുന്നുവെന്നും അപ്പോഴും അവർക്ക് മനസിലായില്ല.

## 93. ആടിനെ പട്ടിയാക്കുന്നവർ

പണ്ട് ഒരു ബ്രാഹ്മണന് ഒരു ആടിനെ കിട്ടി. ദാനമായി കിട്ടിയതാണ്, അയാൾ അതിനെ തോളിലെടുത്ത് വീട്ടിലേക്ക് നടന്നു. അത് മൂന്ന് കള്ളന്മാർ കണ്ടു. ആടിനെ ആ പട്ടരുടെ കൈയിൽനിന്ന് തട്ടിയെടുക്കണമെന്ന് അവർ നിശ്ചയിച്ചു. അവർ പട്ടരുടെ വീട്ടിലേക്കുള്ള വഴിയിൽ മൂന്ന് സ്ഥലത്തായി നിലയുറപ്പിച്ചു.

“ഹേ, സ്വാമീ!, ഇതെന്താ ഈ പട്ടിയെ ചുമന്ന് നടക്കുന്നത്?” ഒന്നാമത്തെ കള്ളൻ ചോദിച്ചു.

“ഇത് ആടാണാടോ. പട്ടിയല്ല,” പട്ടർ പറഞ്ഞു.
കുറച്ചുദൂരം കൂടി ചെന്നപ്പോൾ രണ്ടാമത്തെ കള്ളന്റെ ചോദ്യം: “ഹേ സ്വാമി! ഇതെന്താ അങ്ങ് പട്ടിയെ ചുമന്ന് നടക്കുന്നത്?"

“ഇത് ആടാണാടോ പട്ടിയല്ല”, പട്ടർ അയാളോടും പറഞ്ഞു.

അല്പദൂരം കൂടി നടന്നപ്പോൾ മൂന്നാമത്തെ കള്ളന്റെ ചോദ്യം: “ഹേ സ്വാമീ! നിങ്ങൾ ഒരു ബ്രാഹ്മണനല്ലേ? നാണ മില്ലേ ഒരു പട്ടിയെ ചുമന്ന് നടക്കാൻ?”

മൂന്നാമത്തെ ആളും ഇങ്ങനെ ചോദിച്ചത് കേട്ടപ്പോൾ പട്ടർക്ക് താൻ ചുമക്കുന്നത് ആടിനെയല്ലെന്ന് തോന്നി.

‘ഇത് ഏതോ പട്ടിയുടെ പ്രേതമാവണം. അതുകൊ ണ്ടാണ് കാണുന്നവർക്കൊക്കെ ഇതിനെ പട്ടിയായി തോന്നുന്നത്', എന്ന് കരുതി ആ ബ്രാഹ്മണൻ ആടിനെ വഴിയിൽ ഉപേക്ഷിച്ച് വീട്ടിലേക്ക് പോയി.

കള്ളന്മാരുടെ തന്ത്രം വിജയിച്ചു. അവർ ആടിനെ പിടിച്ച് കൊണ്ടുപോയി അറുത്ത് ഇറച്ചിയാക്കി വില്പന നടത്തി.

## 94. വെയിലു വേണോ? മഴ വേണോ?

ഒരിക്കൽ വെയിലും മഴയും ഒരു വയലിൽ വെച്ച് കണ്ടുമുട്ടി.

"എന്നെയാണ് ജനങ്ങൾക്ക് ഏറ്റവും ഇഷ്ടം. അലക്കിയിട്ട വസ്ത്രങ്ങൾ ഉണക്കാനും ധാന്യങ്ങൾ ഉണക്കാനും ആളുകൾക്ക് എന്നെയാണ് ആവശ്യം,”

വെയിൽ അഹങ്കാരത്തോടെ പറഞ്ഞു. അത് കേട്ടപ്പോൾ മഴ പറഞ്ഞു: “എന്നെയാണ് അവർക്ക് അതിലും

ആവശ്യം. വിത്തുകൾ മുളയ്ക്കാനും കുടിവെള്ളം കിട്ടാനും മനുഷ്യർക്ക് മഴ വേണ്ടേ."

"എന്നാൽ അതൊന്നു നോക്കാമല്ലോ," വെയിൽ പറഞ്ഞു. "ശരി, അങ്ങനെ തന്നെ." അതു പറഞ്ഞ് മഴപെയ്യാൻ ആരംഭിച്ചു.

അപ്പോൾ ജനങ്ങൾ ഉണക്കാനിട്ടിരുന്ന ധാന്യങ്ങളും തുണികളുമെല്ലാം നനഞ്ഞു. അവർ മഴയെ പ്രാകി. മഴ പിണങ്ങി. പിന്നെ വളരെക്കാലം പെയ്തതേയില്ല. കൃഷി നശിച്ചു. കുടിവെള്ളം കിട്ടാതെ ജനങ്ങൾ കഷ്ടപ്പെട്ടു. ജനങ്ങൾ മഴയ്ക്ക് വേണ്ടി പ്രാർഥന തുടങ്ങി. അതുകേട്ട് മഴ വീണ്ടും പെയ്യാൻ തുടങ്ങി. അപ്പോൾ ജനങ്ങൾ പറഞ്ഞു.

ഞങ്ങൾക്ക് നിങ്ങൾ രണ്ടുപേരെയും ഒരുപോലെ ഇഷ്ട മാണ്. ആരും പിണങ്ങിപ്പോകരുത്.

അത് കേട്ട വെയിലും മഴയും അന്നു മുതൽ അഹങ്കാര മെല്ലാം ഉപേക്ഷിച്ച് നല്ല കൂട്ടുകാരായി.

## 95. മണ്ടന് കിട്ടിയ വരം

ഒരിടത്ത് മണ്ടനായ ഒരു മരം വെട്ടിയുണ്ടായിരുന്നു. ഒരിക്കൽ അവൻ ഒരു മരം വെട്ടാൻ തുടങ്ങിയപ്പോൾ ഒരു ശബ്ദം കേട്ടു.

"നീ ഈ മരം വെട്ടാതിരുന്നാൽ ഞാൻ നിനക്ക് മൂന്ന് ആഗ്രഹങ്ങൾ സാധിക്കാനുള്ള വരം തരാം," വനദേവതയുടെ ശബ്ദമായിരുന്നു അത്.

മരംവെട്ടി വെട്ട് നിർത്തി വീട്ടിൽ ചെന്നു. ഭാര്യയോട് റത്തു, തനിക്ക് മൂന്ന് ആഗ്രഹങ്ങൾ സാധിക്കാനുള്ള വരവ് കിട്ടിയിട്ടുണ്ടെന്ന്. എന്നിട്ട് ആദ്യത്തെ ആഗ്രഹം

പറഞ്ഞു. “എനിക്ക് വിശപ്പിന് ചോറും കറികളും വരട്ടെ!”

ഉടനെ ഒരു തളികയിൽ ചോറും കറികളും അവിടെയെത്തി. അയാൾ അത് വേഗത്തിൽ ഉണ്ട് തീർത്തു.

ഭാര്യ ഏറ്റവും വലിയ രണ്ട് വരങ്ങൾ ചോദിക്കാൻ ആലോചിക്കയായിരുന്നു.

അപ്പോൾ മരംവെട്ടി രണ്ടാമത്തെ ആഗ്രഹം പറഞ്ഞു: “രണ്ട് പാത്രം പാൽപ്പായസം വരട്ടെ!"

ഉടനെ രണ്ടു പാത്രങ്ങളിൽ പാൽപ്പായസം അവിടെ വന്നെത്തി. അതു കണ്ട ഭാര്യ കോപത്തോടെ അട്ടഹസിച്ചു. “നിങ്ങൾ ശരിക്കും മണ്ടനാണ്. ചോറിനും പായസത്തിനും വേണ്ടി രണ്ട് വരങ്ങൾ നിങ്ങൾ നഷ്ടമാക്കി." അതു കേട്ട് മരംവെട്ടിക്കും കോപം വന്നു.

"നിന്റെ ഒരു അട്ടഹാസം! നിന്റെ തലയിൽ ഇടിത്തീ വീഴട്ടെ!” അയാൾ പറഞ്ഞു.

ഉടനെ ഭാര്യയുടെ തലയിൽ ഇടിത്തീ വീണു. അങ്ങനെ മണ്ടന് കിട്ടിയ വരംകൊണ്ട് അയാളുടെ ഭാര്യ മരിച്ചുപോയി.

## 96. ചതിയനു കിട്ടിയ വിധി

ഒരു കച്ചവടക്കാരന്റെ കൈവശം നൂറുപവൻ സ്വർണമുണ്ടായിരുന്നു. ഒരിക്കൽ അയാൾക്ക് ഒരു ദൂരയാത്ര പോകേണ്ടിവന്നു. യാത്രയ്ക്കുമുമ്പായി തന്റെ സ്വർണമെല്ലാം ഒരു സുഹൃത്തിനെ ഏല്പ്പിച്ചു.

മൂന്നാഴ്ച കഴിഞ്ഞ് മടങ്ങിയെത്തിയ കച്ചവടക്കാരൻ സുഹൃത്തിനോട് സ്വർണം തിരികെ ചോദിച്ചു. “സ്വർണമൊക്കെ എലി തിന്നുപോയി,” സുഹൃത്ത്

പറഞ്ഞു. അത് തട്ടിപ്പാണെന്ന് മനസിലായെങ്കിലും കച്ചവടക്കാരൻ തർക്കിക്കാൻ നില്ക്കാതെ മടങ്ങിപ്പോയി.

സുഹൃത്തിന്റെ മകൻ കുളിക്കാൻ കുളത്തിലേക്ക് പോകുന്ന നേരത്ത് അവനെ കച്ചവടക്കാരൻ പിടിച്ച് കൊണ്ടു പോയി തന്റെ വീട്ടിൽ ഒരു മുറിയിലിട്ട് പൂട്ടി.

മകനെ കാണാതായ സുഹൃത്ത് അന്വേഷണമായി. കച്ച വടക്കാരനാണ് തന്റെ മകനെ തട്ടിക്കൊണ്ടുപോയതെന്ന് മനസിലാക്കിയപ്പോൾ സുഹൃത്ത് പരാതിയുമായി രാജ കൊട്ടാരത്തിൽ ചെന്നു. രാജാവ് കച്ചവടക്കാരനെ വിളിച്ച് ചോദ്യംചെയ്തു. "തിരുമേനി, അദ്ദേഹത്തിന്റെ മകനെ ഒരു പരുന്ത് റാഞ്ചി ക്കൊണ്ടുപോകുന്നത് ഞാൻ കണ്ടതാണ്," കച്ചവടക്കാരൻ പറഞ്ഞു.

"പരുന്ത് കുട്ടിയെ റാഞ്ചുകയോ? അത് ഈ നാട്ടിൽ സംഭ വിക്കില്ല," രാജാവ് പറഞ്ഞു.

"തിരുമേനീ, സ്വർണം തിന്നുന്ന എലികളുള്ള ഈ നാട്ടിൽ കുട്ടികളെ റാഞ്ചിക്കൊണ്ടുപോകുന്ന പരുന്തുകളുണ്ട്."

കച്ചവടക്കാരൻ അങ്ങനെ പറഞ്ഞതു കേട്ടപ്പോൾ രാജാവ് കാര്യങ്ങൾ വിശദമായി ചോദിച്ച് മനസിലാക്കി. സ്വർണം കച്ചവടക്കാരന് തിരിച്ചുകൊടുക്കാനും കുട്ടിയെ സുഹൃത്തിനെ ഏല്പിക്കാനും രാജാവ് കല്പിച്ചു.

ചതിയനായ സുഹൃത്തിനെ ജയിലിലിലടയ്ക്കാനും വിധിച്ചു.

## 97. കീരിയുടെ ദുർഗതി

ഒരിക്കൽ ഒരു കൃഷിക്കാരന് ഒരു കീരിക്കുഞ്ഞിനെ കിട്ടി.കൃഷിക്കാരന്റെ ഭാര്യ ദേവകിയമ്മ കീരിക്കുഞ്ഞിനെ സ്വന്തം കുഞ്ഞിനെപ്പോലെ ലാളിച്ചു വളർത്തി. അത് വലുതായി.അത് പെട്ടെന്ന് വലുതായി.

ദേവകിയമ്മക്ക് ഒരു കൊച്ചുകുഞ്ഞുണ്ട്. ഒരു ദിവസം ദേവകി മാർക്കറ്റിലേക്ക് പോകാൻ നേരത്ത് കുഞ്ഞിനെ നോക്കാൻ ഭർത്താവിനെ ചുമതലപ്പെടുത്തി. ഭർത്താവ് കൃഷിക്കാരനാണല്ലോ. അയാൾ കൃഷിയുടെ കാര്യങ്ങൾ നോക്കാൻ വയലിലേക്ക് പോയി. കുഞ്ഞിനെ നോക്കാൻ കീരിയെ ഏല്പിച്ചിട്ടാണ് അയാൾ പോയത്.

മാർക്കറ്റിൽ നിന്ന് സാധനങ്ങൾ വാങ്ങി ദേവകിയമ്മ തിരിച്ചെത്തി. അപ്പോൾ അവൾ വീടിന്റെ വാതിൽക്കൽ കീരി നില്ക്കുന്നത് കണ്ടു.

കീരിയുടെ മുഖത്ത് നിറയെ ചോര! ഭർത്താവ് കുട്ടിയെ നോക്കാൻ കീരിയെ ഏല്പിച്ചു പോയിട്ടുണ്ടാകും. കീരി കുഞ്ഞിനെ കടിച്ചുകീറിയിട്ട് വന്ന് നില്ക്കുകയാണ്. ദേവകിയമ്മ വിചാരിച്ചു.

"നീ എന്റെ കുഞ്ഞിനെ കടിച്ചുകീറി. അല്ലേടാ?" ഇങ്ങനെ പറഞ്ഞുകൊണ്ട് ഒരു വലിയ കരിങ്കല്ലെടുത്ത് ദേവ കിയമ്മ കീരിയെ എറിഞ്ഞു. തലയിൽ ഏറുകൊണ്ട് കീരി അവിടെ വീണ് പിടഞ്ഞ് ചത്തു. ദേവകിയമ്മ അകത്തുകടന്ന് നോക്കിയപ്പോൾ കുഞ്ഞ് സുഖമായി ഉറങ്ങുന്നതു കണ്ടു. അടുത്തുതന്നെ ഒരു വിഷപ്പാമ്പ് ചോരയിൽ മുങ്ങി ചത്തുകിടക്കുന്നു.
അതുകണ്ടപ്പോഴാണ് കീരിയുടെ മുഖത്ത് കണ്ട ചോര ആ പാമ്പിന്റെയാണെന്നും കുട്ടിയെ കടിക്കാൻ വന്ന പാമ്പിനെയാണ് കീരികടിച്ച് കൊന്നതെന്നും ദേവകിയമ്മയ്ക്ക് മനസിലായത്.

ദേവകിയമ്മ നിലവിളിച്ചു.

## 98. അച്ഛന്റെ പ്രാർഥന

ഒരു നെയ്ത്തുകാരന് രണ്ട് പെൺമക്കളുണ്ടായിരുന്നു. അവരിൽ ഒരാളെ ഒരു കൃഷിക്കാരനും മറ്റവളെ ഒരു കുശവനും കല്യാണം കഴിച്ചു.

രണ്ടുപേരും അടുത്തടുത്ത പ്രദേശങ്ങളിലാണ് താമസിച്ചിരുന്നത്.

നെയ്ത്തുകാരൻ ഒരു ദിവസം രണ്ടു മക്കളുടെയും വിവരം അന്വേഷിക്കാൻ പുറപ്പെട്ടു. ആദ്യം കൃഷിക്കാരന്റെ വീട്ടിലേക്കാണ് പോയത്. അവിടെ ചെന്നപ്പോൾ മകൾ പറഞ്ഞു: “അച്ഛാ, ഇക്കൊല്ലം ശരിക്ക് മഴയൊന്നും കിട്ടാത്തത് കൊണ്ട് കൃഷിയിൽ വിളവ് വളരെ കുറവാകും. മഴയ്ക്ക് വേണ്ടി അച്ഛൻ പ്രാർഥിക്കണേ."

“ശരി, ഞാൻ പ്രാർഥിക്കാം മോളേ,” അച്ഛൻ അങ്ങനെ പറഞ്ഞ് അവിടെ നിന്ന് ഇറങ്ങി.

രണ്ടാമത്തെ മകളുടെ വീട്ടിലെത്തിയപ്പോൾ അവൾ പറഞ്ഞു: “അച്ഛാ, ശരിക്ക് വെയിൽകിട്ടാത്തതുകൊണ്ട് കല ങ്ങളൊന്നും ഉണങ്ങുന്നില്ല. അതുകൊണ്ട് അച്ഛൻ വെയിലിനുവേണ്ടി പ്രാർഥിക്കണേ."

“ശരി, ഞാൻ പ്രാർഥിക്കാം മോളേ,” അച്ഛൻ അവൾക്കും വാക്കുകൊടുത്തു.

വഴിയിലിറങ്ങിയ നെയ്ത്തുകാരൻ ആലോചിച്ചു. ആർക്കുവേണ്ടിയാണ് പ്രാർഥിക്കേണ്ടതെന്ന്. വിഷമത്തിലായ അയാൾ ഇങ്ങനെയാണ് പ്രാർഥിച്ചത്. “ദൈവമേ, നിന്റെ ഇഷ്ടം നിറവേറട്ടെ.

## 99. പെണ്ണിന്റെ ബുദ്ധി

ഒരിടത്ത് ഒരു പാവം കൃഷിക്കാരനുണ്ടായിരുന്നു. അയാൾക്ക് ആയിരത്തോളം ഏക്കർ കൃഷിഭൂമിയുണ്ട്.

കൃഷിപ്പണിക്കാർക്ക് കൂലികൊടുക്കാൻ പണമില്ലാതെ അയാൾ ബുദ്ധിമുട്ടി. ദാരിദ്ര്യംകൊണ്ട് കഷ്ടപ്പെട്ട അയാളുടെ വീട്ടിൽ ഒരു മഹർഷി വന്നു. അദ്ദേഹം ഒരു മന്ത്രം ചൊല്ലിയപ്പോൾ ഒരു രാക്ഷസൻ പ്രത്യക്ഷപ്പെട്ടു.

“ഞാൻ എന്താണ് ചെയ്യേണ്ടത്?" രാക്ഷസൻ ചോദിച്ചു. “കൃഷിയിടമെല്ലാം കിളച്ചു മറിക്കൂ,” കൃഷിക്കാരൻ പറഞ്ഞു. ഒരു മണിക്കൂർ നേരംകൊണ്ട് രാക്ഷസൻ ആ പണിതീർത്തു.

“എനിക്ക് പണി തരൂ. പണി തന്നില്ലെങ്കിൽ ഞാൻ നിങ്ങളെ കൊല്ലും,” രാക്ഷസൻ പറഞ്ഞു.

കൃഷിക്കാരൻ കുഴപ്പത്തിലായി. കൃഷിഭൂമിയിലെ പണി കളെല്ലാം രാക്ഷസൻ പെട്ടെന്ന് ചെയ്തുതീർത്തിരിക്കുന്നു. അവന് വീണ്ടും പണി കൊടുത്തുകൊണ്ടിരുന്നില്ലെങ്കിൽ അവൻ തന്നെ കൊല്ലും. അവനിൽനിന്ന് രക്ഷപ്പെടാൻ എന്താണൊരു മാർഗം. അയാൾ ഭാര്യയോട് പ്രശ്നം പറഞ്ഞു. “ഞാൻ രാക്ഷസനെ നേരെയാക്കാം,” ഭാര്യ പറഞ്ഞു. അവൾ തന്റെ ചുരുണ്ട ഒരു തലമുടി പറിച്ചെടുത്ത് രാക്ഷസന്റെ കൈയിൽ കൊടുത്തിട്ട് പറഞ്ഞു: “ഇത് നിവർത്തി നേരെയാക്കിത്തരണം.”

രാക്ഷസൻ എത്ര ശ്രമിച്ചിട്ടും മുടി നിവരുന്നില്ല. അവൻ തോറ്റു.നാണംകെട്ട രാക്ഷസൻ ഉടനെ സ്ഥലം വിട്ടു.

## 100. രണ്ടു മണ്ടന്മാർ

ഒരു യാത്രക്കാരൻ കുന്നത്തുനാട്ടിലേക്കുള്ള വഴിയേതാണെന്ന് ഒരു വഴിപോക്കനോട് ചോദിച്ചു. അയാൾക്കും വഴിയറിയില്ല. എങ്കിലും അയാൾ പറഞ്ഞു.

"ദാ കാണുന്ന മരത്തിനു മുകളിലൂടെ പോയാൽ മതി.”

യാത്രക്കാരൻ മുമ്പിൽ കണ്ട മരത്തിനു മുകളിലേക്ക് എന്തിവലിഞ്ഞ് കയറി.

ഒരു കൊമ്പിന്റെ തുമ്പത്തെ ചില്ലയിൽ പിടികിട്ടിയ യാത്രക്കാരൻ ചില്ല വളഞ്ഞതോടെ അതിന്മേൽ തൂങ്ങിക്കിടന്ന് നിലവിളിക്കാൻ തുടങ്ങി.

നിലവിളി കേട്ട് അതുവഴി ആനപ്പുറത്തുകയറിവന്ന ഒരു ആനക്കാരൻ യാത്രക്കാരനെ രക്ഷിക്കാൻ അയാളുടെ കാലിൽ പിടികൂടി.

ആന സംഗതി അറിയാതെ നടന്നുപോയി. യാത്രക്കാരനും ആനക്കാരനും മരച്ചില്ലയിൽ തൂങ്ങിക്കിടന്നാടിക്കൊണ്ടിരുന്നു. അപ്പോൾ യാത്രക്കാരൻ ആനക്കാരനോട് ഒരു പാട്ട് പാടാൻ ആവശ്യപ്പെട്ടു.

“എന്തിനാ പാടുന്നത്?' “അതുകേട്ട് ആരെങ്കിലും വന്ന് നമ്മളെ രക്ഷിക്കും. ആനക്കാരൻ പാടി.

യാത്രക്കാരൻ അനുമോദിച്ച് കൈകൊട്ടാൻ രണ്ടു കൈയും വിട്ടു.

“പ്ദ്ദിം...പ്ദ്ദിം...” രണ്ടാളും താഴെ വീണു.

“നമ്മൾ വീണെങ്കിലും നമ്മൾ രണ്ടാളും താഴെത്തെത്തിയല്ലോ, യാത്രക്കാരൻ ആനക്കാരനെ വീണ്ടും അനുമോദിച്ചു.

അങ്ങനെ രണ്ടു മണ്ടന്മാരും സന്തോഷിച്ചു.

## 101.മണ്ടർനാട്ടിലെ തിരുമണ്ടൻമാർ

പണ്ട് മണ്ടർനാടെന്ന് പേരുള്ളൊരു നാടുണ്ടായിരുന്നു. അവിടുള്ളവരെല്ലാം തിരുമണ്ടന്മാരായിരുന്നു.

അവരുടെ നാട്ടിൽ ആയിരക്കണക്കിന് മാവുണ്ട്. മാവുകളിൽ പതിനായിരക്കണക്കിന് മാങ്ങയുമുണ്ട്.

ആ മാങ്ങയത്രയും ഉപ്പിലിടാൻ അവർ തീരുമാനിച്ചു. ഇത്രയേറെ മാങ്ങ ഉപ്പിലിടാൻ വേണ്ടത്ര ഭരണി കിട്ടാൻ വഴിയൊന്നും കാണാത്തതുകൊണ്ട് അവർ ഒരു കിണറിനെ ഭരണിയാക്കാൻ തീരുമാനിച്ചു.

അങ്ങനെ അവർ മാങ്ങ മുഴുവനും പറിച്ചെടുത്ത് ആ കിണറ്റിലിട്ടു.

നൂറ് ചാക്ക് ഉപ്പ് വാങ്ങി കിണറ്റിൽ അതും ചെരിഞ്ഞിട്ടു. മൂന്ന് മാസം കഴിഞ്ഞപ്പോൾ കിണറ്റിൽനിന്ന് ഉപ്പുമാങ്ങയെടുക്കാൻ അവർ തീരുമാനിച്ചു. മാങ്ങയെല്ലാം ഉപ്പുമാങ്ങ യായിക്കഴിഞ്ഞെന്ന് കരുതി അവർ ഭരണികൾ അരയിൽ കെട്ടിയ മൂന്നുപേരെ കിണറ്റിലേക്കിറക്കി. ഭരണിയുടെ ഭാരം കൊണ്ട് അവർ മൂന്നാളും കിണറ്റിൽ മുങ്ങിമരിച്ചു.

"മാങ്ങയെല്ലാം അവർ പെറുക്കുകയാവും" കരയിൽ നിന്നിരുന്ന തിരുമണ്ടന്മാർ പറഞ്ഞു.

കൂടുതൽ ഭാരമുള്ള ഭരണികൾ അരയിൽ കെട്ടി അവരും കിണറ്റിലിറങ്ങി.

ഭരണിയുടെ ഭാരംമൂലം അവരും വെള്ളത്തിൽ മുങ്ങി ത്താണതല്ലാതെ കരയ്ക്കു കയറിവന്നില്ല.

അങ്ങനെ മണ്ടർനാട്ടിലെ തിരുമണ്ടന്മാരെല്ലാം ആ മാങ്ങ ക്കിണറ്റിൽ മുങ്ങിമരിച്ചു.

## 102. മുങ്ങിച്ചാവാൻ പോയ മുയലുകൾ

കാട്ടിലെ മുയലുകളെ സിംഹവും പുലിയും

ചെന്നായയും, കുറുക്കനും ആക്രമിക്കുന്നു.

കാട്ടിൽ മുയലുകൾക്ക് ജീവിക്കാൻ പറ്റാതായിരിക്കുന്നു. മുയലുകളുടെ എണ്ണം പണ്ടത്തേതിന്റെ പത്തിലൊന്നായി

കുറഞ്ഞു. മുയലുകൾ ഒരു ദിവസം യോഗം ചേർന്ന് കൂടിയാലോചിച്ചു.

“എന്താണിതിനൊരു പരിഹാരം?” ആർക്കും ഒരു പ്രതിവിധിയും പറയാൻ കഴിഞ്ഞില്ല. അവർ അവസാനം തീരുമാനമെടുത്തത് ഇതായിരുന്നു:

എല്ലാവരും കൂടെ കുറച്ചു ദൂരെയുള്ള ഒരു കുളത്തിൽ പോയി മുങ്ങിച്ചാവുക.

അഭിമാനികളായ മുയലുകൾ അത് ശരിവെച്ചു. അങ്ങനെ അടുത്ത ദിവസം സന്ധ്യയ്ക്ക് മുയലുകളെല്ലാം കൂട്ടം ചേർന്ന് ആത്മഹത്യചെയ്യാൻ കുളത്തിലേയ്ക്ക് ഓടി.

ഓടിപ്പാഞ്ഞുവരുന്ന മുയലുകളെ കണ്ടപ്പോൾ ഇര തേടാൻ കരയിലേക്ക് ഇറങ്ങിത്തിരിച്ച തവളകളെല്ലാം പേടിച്ചു. തവളകൾ മുയലുകളിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി കുളത്തിലേക്ക് ചാടി വെള്ളത്തിൽ മുങ്ങിയൊളിച്ചു.

അതുകണ്ട് മുയലുകൾക്ക് തങ്ങൾ ചെയ്യുവാൻ പോകുത് വിഡ്ഢിത്തമാണെന്ന് തോന്നി. തങ്ങളെക്കാൾ ഭയപ്പെട്ട് ജീവിക്കുന്നവരാണ് തവളകളെന്ന് അവർ മനസിലാക്കി. അവർ ആത്മഹത്യചെയ്യാതെ മടങ്ങിപ്പോന്നു.നാം ആപത്തിൽ അകപ്പെടുമ്പോൾ അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം അന്വേഷിക്കുകയാണ് വേണ്ടത്. അല്ലാതെ ആത്മഹത്യയെപ്പറ്റി ചിന്തിക്കുന്നത് ബുദ്ധിയല്ല.

## 103. പുളിക്കാത്ത മുന്തിരി

“കിട്ടാത്ത മുന്തിരി പുളിക്കും” എന്നൊരു പഴംഞ്ചൊല്ലുണ്ടല്ലോ. എന്നാൽ പുളിക്കാത്ത മുന്തിരിയുടെ കഥയുമുണ്ട്.

ഒരിക്കൽ ഒരു കുറുക്കൻ വിശപ്പുകൊണ്ടും വലഞ്ഞ് ഒരു മുന്തിരിത്തോട്ടത്തിൽ നടക്കുകയായിരുന്നു.

മുകളിൽ മുന്തിരിവള്ളികളിൽ മുന്തിരിക്കുലകൾ തൂങ്ങി ക്കിടന്നാടുന്നു. കുറുക്കൻ ചാടിനോക്കി. കിട്ടിയില്ല. വീണ്ടും ചാടി. അപ്പോഴും കിട്ടിയില്ല. പിന്നെയും പിന്നെയും അവൻ ചാടി.

ചാടിയതുകൊണ്ട് മുന്തിരിങ്ങ തിന്നാൻ കിട്ടുകയില്ലെന്ന് കുറുക്കന് മനസിലായി.

ഇനി എന്താണൊരു വഴി? കുറുക്കൻ ആലോചിച്ചു. അവൻ ചുറ്റും നോക്കി. അതാ, ഒരു വലിയ കമ്പ് കിടക്കുന്നു. അവൻ ആ കമ്പ് കൈയിലെടുത്തു.

അത് മുകളിലേക്ക് നീട്ടി മുന്തിരിക്കുലയുടെ ഞെട്ടിൽ ആഞ്ഞടിച്ചു. മുന്തിരിക്കുല താഴെ വീണു.

കുറുക്കൻ അതെടുത്ത് തിന്നു. “നല്ല മധുരമുള്ള മുന്തിരിങ്ങ,” കുറുക്കൻ പറഞ്ഞു. ബുദ്ധി ഉപയോഗിച്ച ഈ കുറുക്കന് മുന്തിരിങ്ങയെ കിട്ടാത്തതിന് കുറ്റം പറയേണ്ടി വന്നില്ല.

## 104. മണ്ടൻ തവളയും മിടുക്കൻ തവളയും

മണ്ടൻ തവളയും മിടുക്കൻ തവളയും കൂട്ടുകരായി രുന്നു. അവർ ഇര തേടി നടക്കുമ്പോൾ ഒരു തൈരിൻ കലത്തിനു മുകളിൽ കുറെ പ്രാണികൾ പറക്കുന്നതു കണ്ടു

പ്രാണികളെ പിടിക്കാൻ അവർ കലത്തിനു മുകളിലേക്ക് ചാടി. അപ്പോൾ രണ്ടുപേരും കലത്തിലെ തൈരിലേക്ക് വീണു.

അവർ ആകെ അങ്കലാപ്പിലായി. ഒന്നാമൻ പറഞ്ഞു:

“സ്നേഹിതാ, നമ്മുടെ ഗതി ഈ തൈരിൽ അവസാനി ക്കയായി. ഇനി എന്തുചെയ്താലും ഒരു രക്ഷയുമില്ല നമുക്ക്.”

അവൻ അവസാനത്തെ പ്രാർഥനചൊല്ലി മുങ്ങിമരിച്ചു. രണ്ടാമൻ ഒന്നാമൻ പറഞ്ഞത് ശ്രദ്ധിച്ചതേയില്ല. അവൻ "രക്ഷിക്കണേ" എന്ന് ദൈവത്തോട് പ്രാർഥിച്ചുകൊണ്ട് കൈകാലിട്ടടിച്ചുകൊണ്ടിരുന്നു.

അപ്പോൾ എന്തുണ്ടായെന്നോ?

കടകോൽകൊണ്ട് തൈര് കടയുമ്പോൾ വെണ്ണ ഉരുണ്ടു കൂടുന്നതുപോലെ തൈരിലെ വെണ്ണയെല്ലാം മുകളിൽ ഒരു ഉണ്ടയായി ഉരുണ്ടുകൂടി.

പരിശ്രമശാലിയായ ആ തവള ആ വെണ്ണയിൽ നിന്ന് മേലോട്ട് ചാടി. അവൻ അങ്ങനെ കലത്തിൽനിന്ന് പുറത്തുകടന്ന് രക്ഷപ്പെട്ടു.

നിരാശപ്പെടുന്നവന് ജീവിതം നഷ്ടമാകയേയുള്ളൂ.

## 105. സിംഹവും കഴുതയുടെ തലച്ചോറും

കാട്ടുമൃഗങ്ങളുടെ രാജാവാണല്ലോ, സിംഹം. കുറുക്കനാണ് സിംഹത്തിന്റെ മന്ത്രി. ഒരിക്കൽ സിംഹരാജാവിന് വലിയ ക്ഷീണം. കഴുതയുടെ തലച്ചോറ് തിന്നാൽ ക്ഷീണം മാറുമെന്ന് കരടി വൈദ്യൻ പറഞ്ഞു. ഒരു കഴുതയെ വിളിച്ചു കൊണ്ടുവരാൻ സിംഹരാജാവ് മന്ത്രിക്കുറുക്കനോട് ഏല്പിച്ചു. കുറുക്കൻപോയി ഒരു കഴുതയെ കൊണ്ടുവന്നു. പക്ഷേ സിംഹത്തെ കണ്ടപ്പോൾ കഴുത ഓടിപ്പോകാനൊരുങ്ങി. കുറുക്കൻ ചില സൂത്രങ്ങളൊക്കെ പറഞ്ഞ് കഴുതയെ സിംഹത്തിന്റെ മുന്നിൽ എത്തിച്ചു.

ഉടനെ സിംഹം ചാടിവീണ് കഴുതയുടെ കഥ ഒഴിച്ചു. "ഇനി അങ്ങ് കുളിച്ചു വരൂ. അതുവരെ ഞാൻ കഴുതയുടെ ശരീരം സൂക്ഷിക്കാം," കുറുക്കൻ സിംഹത്തോട് പറഞ്ഞു. കുറുക്കനെ വിശ്വസിച്ച് സിംഹം കുളിക്കാൻ പോയി. അപ്പോൾ കുറുക്കൻ എന്തുചെയ്തെന്നോ?

കഴുതയുടെ തലപൊളിച്ച് അതിന്റെ തലച്ചോറ് മുഴു വനും എടുത്ത് തിന്ന് തീർത്തു. സിംഹം കുളികഴിഞ്ഞ് വന്ന് കഴുതയുടെ തലച്ചോറ് എവിടെയാണെന്ന് കുറുക്കനോട് ചോദിച്ചു. “കഴുതക്ക് തലച്ചോറോ? ബുദ്ധിയില്ലാത്ത കഴുതക്ക് തല ഉണ്ടാകില്ല തിരുമേനീ,” കുറുക്കൻ തട്ടിവിട്ടു. വിഡ്ഢിയായ സിംഹം അത് വിശ്വസിച്ചു.

## 106.ആമയുടെ പറക്കൽ

പണ്ട് ഒരു ആമ ഒരു കടലോരത്ത് ഇഴഞ്ഞ് നടക്കയാ യിരുന്നു. അപ്പോൾ അതിന്റെ അടുത്ത് രണ്ട് കൊക്കുകൾ പറന്നുവന്നിരുന്നു.

“എനിക്കും പറക്കുവാൻ ആഗ്രഹമുണ്ട്,” ആമ ആ കൊക്കുകളോട് പറഞ്ഞു: “എന്നെയും നിങ്ങൾ ആകാശത്തുകൂടെ കൊണ്ടുപോകുമോ?”

ആമയുടെ ആഗ്രഹം സാധിപ്പിച്ചു കൊടുക്കാമെന്ന് കൊക്കുകൾ സമ്മതിച്ചു.

അവർ ഒരു കമ്പു കൊണ്ടുവന്നു.

ആമയോട് അതിൽ കടിച്ചുതൂങ്ങിക്കിടക്കാൻ കൊക്കു കൾ പറഞ്ഞു. ആമ അത് അനുസരിച്ചു.

കൊക്കുകൾ കമ്പിന്റെ രണ്ടുവശവും കൊത്തിപ്പിടിച്ച് പറന്നുയർന്നു.

അവർ ഒരു മൈതാനത്തിനു മുകളിലൂടെ പറക്കുകയാ യിരുന്നു. അപ്പോൾ ഏതാനും കുട്ടികൾ ഈ അത്ഭുതകാഴ്ച കണ്ട് കൈകൊട്ടിച്ചിരിച്ചു.

താഴെ ശബ്ദകോലാഹലം!

അത് നന്നായി കാണണമെന്ന് കരുതി ആമ കീഴോട്ട് നോക്കി.

അപ്പോൾ എന്തുണ്ടായെന്നോ?

ആമയുടെ പിടിത്തം അയഞ്ഞു. കമ്പിൽ നിന്ന് കടി വിട്ടു.

ആമ "പ്ട്ദിം"ന്ന് താഴെ വീണു. അതിന്റെ ദേഹം തകർന്ന് അത് ചത്തു.

അങ്ങനെ ആമയുടെ അതിമോഹം അതിനെ മരണത്തിലെത്തിച്ചു.

## 107.കടയും തലയും

ഒരിക്കൽ ഒരു പൂച്ചയും കുരങ്ങനും കൂട്ടുകാരായി.അവർ ഒന്നിച്ച് കൃഷിചെയ്യാൻ പുറപ്പെട്ടു.

വാഴകൃഷിയാണ് ആദ്യം അവർ ചെയ്തത്.

"നിനക്ക് കടവേണോ തലവേണോ" കുരങ്ങൻ പൂച്ചയോട് ചോദിച്ചു.

"എനിക്ക് കട മതി," പൂച്ച പറഞ്ഞു.

വാ കുലച്ചു.കായക്കുല പഴുത്തു തുടങ്ങിയപ്പോൾ തല വെട്ടി കുരങ്ങൻ കൊണ്ടുപോയി.

പൂച്ചയ്ക്ക് മാണം മാത്രമാണ് കിട്ടിയത്. പൂച്ച കുരങ്ങനുമായി പിണങ്ങി.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ പൂച്ച കുരങ്ങനുമായി വീണ്ടും സ്നേഹമായി. അവർ വീണ്ടും കൂട്ടുകൃഷിക്ക് പുറപ്പെട്ടു.

"എനിക്ക് ഇത്തവണ തലമതി. കട നീയെടുത്തോ," പൂച്ച പറഞ്ഞു.

കുരങ്ങൻ കുറെ ചേന വാങ്ങിക്കൊണ്ടുവന്ന് നട്ടു.ചേന മുളച്ച് ഉയർന്നു വന്നതു കണ്ട് പൂച്ച സന്തോഷിച്ചു.

ചേനച്ചെടി കുലയ്ക്കുന്നതും കാത്ത് പൂച്ച ദിവസങ്ങൾ തള്ളിനീക്കി. പക്ഷേ ചേനച്ചെടി കായ്ക്കില്ലല്ലോ.

വാഴക്ക് മുകളിൽ കായക്കുല ഉണ്ടാകുന്നതുപോലെ

ചേനയുടെ മുകളിൽ ഒന്നും ഉണ്ടാകില്ലല്ലോ. അവ ഉണങ്ങിപ്പോയി.

കുരങ്ങൻ ചേന മാന്തിയെടുത്ത് കൊണ്ടുപോയി കറി വെച്ച് തിന്നു.

പൂച്ച ഇത്തവണയും വിഡ്ഢിയായി.

## 108. എലിക്കുഞ്ഞ് കണ്ട പൂച്ച

ഒരിക്കൽ ഒരു എലിക്കുഞ്ഞ് ഓടിക്കളിച്ച് നടന്നപ്പോൾ അത് ഒരു പശുവിനെ കണ്ടു. രണ്ട് വലിയ കൊമ്പുള്ള ആ പശുവിനെ കണ്ടപ്പോൾ എലിക്കുഞ്ഞിന് വലിയ പേടി തോന്നി.

പിന്നെ എലിക്കുഞ്ഞ് കണ്ടത് ഒരു പൂച്ചയെയായിരുന്നു. അതിന് കൊമ്പുണ്ടോയെന്ന് എലിക്കുഞ്ഞ് സൂക്ഷിച്ചു നോക്കി. ഇല്ല, കൊമ്പില്ല.

പൂച്ചയെ എലിക്കുഞ്ഞിന് ഇഷ്ടമായി.

പശുവിനെയും പൂച്ചയെയും കണ്ട് വിവരം എലിക്കുഞ്ഞ് അതിന്റെ അമ്മയോട് പറഞ്ഞു. അപ്പോൾ എലിയമ്മ പറഞ്ഞു: "കൊമ്പുണ്ടെങ്കിലും പശുവിനെ നീ പേടിക്കേണ്ട. അത് നിന്നെ ഒന്നും ചെയ്യില്ല. പൂച്ചയാണ് അപകടകാരി. അവനെ നീ സൂക്ഷിക്കണം."

പക്ഷേ എലിക്കുഞ്ഞ് അമ്മ പറഞ്ഞത് കാര്യമാക്കിയില്ല.

അവൻ പൂച്ചയുടെ അടുത്തുചെന്ന് ഓടിച്ചാടിക്കളിച്ചു. പൂച്ചയ്ക്ക് എലിയെ കണ്ടപ്പോൾ സന്തോഷമായി. അവൻ ഒരൊറ്റച്ചാട്ടത്തിന് കുഞ്ഞെലിയെ പിടിച്ച് കൊന്ന് ഭക്ഷണമാക്കി.

അമ്മ പറഞ്ഞത് വിശ്വസിക്കാത്ത എലിക്കുഞ്ഞ് അപ കടത്തിൽ ചെന്നുചാടി.

ചില ആളുകൾ പുറമെ കാണുന്നതുപോലെ ആകാറില്ല, അടുത്തു പെരുമാറുമ്പോൾ.

മിന്നുന്നതെല്ലാം പൊന്നല്ലല്ലോ.

## <u>109. അഹങ്കാരം വരുത്തിയ ആപത്ത്</u>

ഒരിടത്ത് രണ്ട് മിടുക്കന്മാരായ പൂവൻകോഴികളുണ്ടായി രുന്നു.

അവർ രണ്ടാളും കൂടെ ഒരു പിടക്കോഴിയെ സ്വന്ത മാക്കാൻ വേണ്ടി വഴക്ക് തുടങ്ങി.

എപ്പോൾ തമ്മിൽ കണ്ടാലും അവർ നേർക്കുനേർ പൊരുതുക പതിവായി.

ഒരു ദിവസം അവരുടെ അങ്കം മണിക്കൂറുകളോളം തടർന്നു. രണ്ടു പേരുടെയും മുഖം കൊത്തുകൊണ്ട് ചോരയൊലിച്ച് വികൃതമായി. അവസാനം പൂവൻകോഴികളിലൊരുത്തൻ തളർന്നു. മറ്റവൻ സന്തോഷത്തോടെ വിജയം കൊട്ടിഘോഷിച്ചു കൊണ്ട് ഒരു പുരപ്പുറത്ത് കയറിനിന്ന് കൂകിത്തുടങ്ങി.

ചോരയൊലിച്ച മുഖവുമായി നില്ക്കുന്ന ആ പൂവൻ കോഴിയെ വലിയൊരു പരുന്ത് കണ്ടു. തനിക്ക് നല്ല ആഹാരം കിട്ടിയെന്ന സന്തോഷമായി പരുന്തിന്.

അവൻ പെട്ടെന്ന് താഴെയിറങ്ങി വിജയാഘോഷം മുഴ ക്കിക്കൊണ്ടിരുന്ന ആ പൂവനെ റാഞ്ചിക്കൊണ്ട് പറന്നുപോയി.അങ്കത്തളർച്ചമൂലം അവന് പരുന്തിന്റെ ആക്രമണത്തിൽ ഓടിരക്ഷപ്പെടാനൊന്നും കഴിഞ്ഞില്ല. അഹങ്കാരം അവന്റെ അന്ത്യം കുറിച്ചു.

## 110. രാക്ഷസന്റെ പൂന്തോട്ടം

പണ്ട് ഒരു രാക്ഷസന് ഒരു വലിയ പൂന്തോട്ടമുണ്ടായിരുന്നു. പഴങ്ങളും പൂക്കളും പൂമ്പാറ്റകളും ഉള്ള ആ തോട്ടത്തിൽ ധാരാളം കുട്ടികൾ കളിക്കാൻ വരാറുണ്ട്.

ഒരിക്കൽ രാക്ഷസന് കുട്ടികളോട് ദേഷ്യം തോന്നി. അയാൾ അവരെയൊക്കെ ആട്ടിയോടിച്ചു.

കുട്ടികൾ തോട്ടത്തിൽ കടക്കാതിരിക്കാൻ രാക്ഷസൻ അതിനുചുറ്റും മതിൽ കെട്ടി ബലമുള്ള ഗേറ്റും പിടിപ്പിച്ചു.

പഴങ്ങളും പൂക്കളും പറിക്കാനും പൂമ്പാറ്റകളെ പിടിക്കാനും കൊതിച്ചുകൊണ്ട് കുട്ടികൾ പിന്നെയും തോട്ടത്തിനരികെ വരെ വന്നു. പക്ഷെ മതിലും പൂട്ടിയ ഗേറ്റും കണ്ട് അവർ നിരാശരായി മടങ്ങി.

അക്കൊല്ലം പൂക്കാലമായിട്ടും രാക്ഷസന്റെ പൂന്തോട്ടത്തിൽ ഒറ്റ പൂവും ഉണ്ടായില്ല. പഴങ്ങളും ഉണ്ടായില്ല. പൂമ്പാറ്റകൾ എത്തിനോക്കിയതുമില്ല.

രാക്ഷസൻ ദുഃഖിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു കുട്ടി എങ്ങനെയോ ആ തോട്ടത്തിൽ കടന്നുകൂടി. അവൻ ഒരു മരക്കൊമ്പിൽ കയറിയിരുന്നു. ഉടനെ ആ മരം നിറയെ പൂക്കളുണ്ടായി പഴങ്ങളുണ്ടായി, പൂമ്പാറ്റകളും വന്നെത്തി.

ഒരു മരത്തിൽ മാത്രം പൂക്കളും പഴങ്ങളും ഉണ്ടായതു കണ്ട് രാക്ഷസൻ അത്ഭുതപ്പെട്ടു.

അപ്പോഴാണ് അയാൾ മരത്തിൽ കയറിയിരിക്കുന്ന കുട്ടിയെ കണ്ടത്. ആ മരത്തിൽ പൂവുണ്ടായതിന്റെ കാരണം ആ കുട്ടിയാണെന്ന് രാക്ഷസന് മനസിലായി. ഉടനെ അയാൾ പൂന്തോട്ടത്തിലേക്ക് കുട്ടികളെയെല്ലാം

വിളിച്ചുവരുത്തി. അതോടെ മരങ്ങളെല്ലാം വീണ്ടും പൂവിട്ടു.

## 111. ജഡ്ജിയായ കുരങ്ങൻ

കാടൻപൂച്ചയും കണ്ടൻപൂച്ചയും കൂട്ടുകാരാണ്. ഒരു ദിവസം അവർക്ക് നല്ലൊരു നെയ്യപ്പം കിട്ടി.

"ഞാൻ ആദ്യം കടിച്ചിട്ട് നിനക്ക് തരാം," കാടൻ പറഞ്ഞു,

"അതു പറ്റില്ല, നിന്റെ എച്ചില് ഞാൻ തിന്നില്ല. ഞാൻ ആദ്യം കുടിക്കാം," കണ്ടൻ കാടനെ എതിർത്തു.

അവർ തമ്മിൽ തർക്കമായി.

അപ്പോൾ ആ വഴിക്ക് ഒരു കുരങ്ങൻ വന്നു. കുരങ്ങച്ചൻ അവരുടെ പ്രശ്നം എന്താണെന്നന്വേഷിച്ചു. അപ്പം തുല്യമായി പങ്കിട്ടുകൊടുക്കാമെന്ന് കുരങ്ങൻ ഏറ്റു.

കുരങ്ങൻ അപ്പം വാങ്ങി നെടുകേ പൊട്ടിച്ചു. അപ്പോൾ വലതുകൈയിലെ കഷണത്തിന് അല്പം വലുപ്പം കൂടി. കുരങ്ങൻ അതിൽനിന്ന് ഒരു കടി കടിച്ചു. അപ്പോൾ എന്താണുണ്ടായതെന്നോ?

ഇടതുകൈയിലെ കഷണം വലുതായി. കുരങ്ങൻ ആ കഷണത്തിൽനിന്ന് അല്പം കടിച്ചു. അപ്പോൾ വലതു

കൈയിലെ കഷണം വലുതായി. കുരങ്ങൻ അങ്ങനെ ഓരോ കഷണവും മാറിമാറി കടിച്ചു കൊണ്ടിരുന്ന പ്പോൾ പൂച്ചകൾ കൊതിച്ച് ഇരിക്കയായിരുന്നു.

കഷണങ്ങൾ ഒപ്പമാക്കാൻ ഒരു ജഡ്ജിയുടെ ഭാവത്തിലിരുന്ന് അപ്പം തിന്നുകൊണ്ടിരുന്ന കുരങ്ങൻ അപ്പം മുഴുവനും തിന്ന് തീർത്ത് ഒരു മരത്തിന്റെ മുകളിലേക്ക് ചാടിക്കയറി അപ്രത്യക്ഷനായി. പൂച്ചകൾ രണ്ടാളും സങ്കടംകൊണ്ട് കരഞ്ഞുപോയി.